സമസ്താലയം
ചേളാരി / തേഞ്ഞിപ്പലം
മലപ്പുറം - 673 636 / കേരള
ഫോൺ: 0494 2400938
sunniafkar@gmail.com

# സുന്നി അഫ്കാർ

1432 മുഹർറം 09 / 2010 ഡിസംബർ 15 / പുസ്തകം 01 ലക്കം 14




മഊനത്തിന്റെ ആദ്യത്തെ വഖ്ഫ് കുഞ്ഞി സീതിക്കോയ തങ്ങളുടേതായിരുന്നു. രണ്ടാമത് ചേർന്ന സഭായോഗത്തിൽ വെച്ച് 635 ക. 8ണ. സംഭാവന പിരിഞ്ഞു.

*ടി വി അബ്ദുറഹ്മാൻ കുട്ടി*

## പൊന്നാനി മഊനത്ത് കർമനൈരന്തര്യത്തിന്റെ ദശാബ്ദങ്ങൾ 09



അല്ലാഹു നൂഹ് നബിയുടെ കാലത്തെ പ്രളയം മൂലം ഭൂമി മുഴുവനും വെള്ളത്തിൽ മുക്കി. അന്ന് നൂഹ് നബി(അ)യുടെ കപ്പലിൽ കയറിയവർ മാത്രമാണ് അപകടം കൂടാതെ ബാക്കിയായത്. വെള്ളം താഴ്ന്ന് അവർ ഭൂമിയിൽ ഇറങ്ങിയത് ആശൂറാ ദിവസത്തിലായിരുന്നുവത്രെ.

*ഇ. അലവി ഫൈസി കുളപ്പറമ്പ്*

## മഹർറം: ജീവിതവിശാലതയുടെ ഒമ്പതും പത്തും 15



നമുക്ക് ഹിജ്റ തിരിച്ചുപോക്കിനുള്ളതാണ്. 'എനിക്ക് ധാർമികമായി നിവർന്നു നിന്നാലെന്താ' എന്നു ധീരമായി ചോദിക്കുന്ന മാനസികപാകത ഓരോ ഹിജ്റാരംഭവും നമ്മോട് ആവശ്യപ്പെടുന്നു.

*എം ഉമർ റഹ്മാനി പുല്ലൂർ*

## എന്നുമുണ്ടാവേണ്ട ഹിജ്റ 21

08 **നേർവഴി**
പ്രബോധകൻ

18 **എൻ എ കെ ഹാജി ഹൃദയനിറവുള്ള സൗമ്യനേതൃത്വം**
പിണങ്ങോട് അബൂബകർ

25 **അബ്ദുല്ലാഹിബ്നുൽ മുബാറകിന്റെ വഴിത്തിരിവ്**
ജസ്റ്റിസ് മുഹമ്മദ് തഖി ഉസ്മാനി

28 **പേരിനു ഹാജിയായാൽ പോരാ**
ബഷീർ കാട്ടുമുണ്ട

30 **തിരുമൊഴി**
ജലീൽ ഫൈസി പുല്ലങ്കോട്

**വായനക്കാരുടെ എഴുത്തുകൾ**
**എഡിറ്റോറിയൽ**
**വാർത്ത**
**വിചാരപഥം**


**managing director** panakkad sayyed haidarali shihab thangal

**chief editor** prof. k alikutti musliyar
**general manager** abdussamad pookkotur
**executive director** haji k mammad faizy
**publisher** mpm hassan shareef kurikkal
**executive editor** pp muhammed faizy
**editor** vengoor salahudin rahmani
**circulation** cp iqbal
**cover** shamseer
**layout / typesetting** hameed melmuri



കത്തുകൾ ഇ-മെയിലും ചെയ്യാം: editorsunniafkar@gmail.com

## വായനക്കാരുടെ എഴുത്തുകൾ

# ജാഗ്രതപ്പെടേണ്ട മതവിദ്യാഭ്യാസങ്ങൾ

**കെ.സി.നൗഫൽ ഒഴുകൂർ**
ദാറുസ്സലാം ദഅ്‌വ, നന്തി

**പ**ണ്ടൊക്കെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരസ്യം 'മതവിദ്യാഭ്യാസത്തോടൊപ്പം ഭൗതിക വിദ്യാഭ്യാസവും' എന്നായിരുന്നു. ഇന്നത് മാറി. ഭൗതിക വിദ്യാഭ്യാസത്തിന്റെ വിശദവിവണരങ്ങൾ വലിയ ഫോണ്ടിൽ അച്ചടിച്ച് അവസാനം അടിഭാഗത്ത് ഒരു 'എൻ.ബി: മത വിദ്യാഭ്യാസത്തിന് സൗകര്യമുണ്ടായിരിക്കും'. മതവൈജ്ഞാനിക രംഗത്ത് കേരളത്തിന് മറ്റേതു നാടുകളേക്കാളും ശക്തവും മഹത്തരവുമായ ഭൂതകാല മുണ്ട്. ദർസ് സംവിധാനവും പൊന്നാനി മഖ്ദൂം തങ്ങന്മാരും കേരളത്തിന് ബൃഹത്തായ പാരമ്പര്യം നേടിക്കൊടുത്തിട്ടുണ്ട്. ഇസ്‌ലാമികാചാര-അനുഷ്ഠാനങ്ങൾക്ക് മൂല്യശോഷണം സംഭവിക്കാതെ സംരക്ഷിച്ചുനിർത്തിയ ദർസുകൾക്കുള്ള പങ്ക് വിവരണാതീതമാണ്. പക്ഷേ, എന്തു കൊണ്ടോ ഇസ്‌ലാമിക സംസ്കാരത്തിന്റെ ഇലാസ്തികതയെ ഇന്ന് ചിലർ ചോദ്യം ചെയ്യുന്നു. ശക്തമായ തിരിച്ചുവരവിലേക്ക് തയ്യാറെടുക്കേണ്ട സമയമാണിത്.

മദീനാ പള്ളിയിൽവച്ച് പുണ്യ റസൂൽ(സ) സ്വഹാബത്തിന് കാണിച്ചുകൊടുത്തതിന്റെ മാതൃകയാണ് കുളിർചോലയായി മഖ്ദൂം തങ്ങന്മാരിലേക്കെത്തിയത്. അവർ പള്ളിദർസുകൾ സ്ഥാപിച്ച് വിദ്യാർത്ഥികളെ 'വിളക്കത്തിരിപ്പിക്കുക'വഴി വലിയ വൈജ്ഞാനിക വിപ്ലവമാണ് ഇവിടെ നടന്നത്.

പക്ഷേ, വേലിതന്നെ വിള തിന്നാൻ തുടങ്ങിയാലോ? സാംസ്കാരിക ബോധമണ്ഡലങ്ങൾ നിർണയിക്കുന്ന നമ്മുടെ ജ്ഞാനകേന്ദ്രങ്ങൾക്ക് മൂല്യശോഷണം സംഭവിച്ചാൽ ശേഷവിശേഷങ്ങൾ അത്യന്തം ഗൗരവമുള്ളതായിരിക്കും. അതുകൊണ്ട് തന്നെ എവിടെയാണ് മതവിദ്യാഭ്യാസത്തിന് അപചയം സംഭവിച്ചതെന്ന് തിരിച്ചറിയേണ്ടതുണ്ട്. കുഗ്രാമങ്ങളിൽ പോലും കൂണുപോലെ ഉയിർക്കൊള്ളുന്ന ഇംഗ്ലീഷ് മീഡിയങ്ങളുടെ ആധിക്യം മതവിദ്യാഭ്യാസത്തിന് വരുത്തിത്തീർത്ത വിനകൾ ചെറുതൊന്നുമല്ല.

കുട്ടികൾ എ.ബി.സി.ഡി പഠിച്ച് ഇസ്‌ലാമിക പാഠഭാഗങ്ങളറിയാതെ പോകുമ്പോൾ മാതാപിതാക്കൾ ഒരു വിചിന്തനം നടത്തൽ അത്യാവശ്യമാണ്. നാളെ മക്കൾ നാഥന്റെ മുമ്പിൽ മാതാപിതാക്കൾക്കെതിരെ സാക്ഷി പറയുന്ന സന്ദർഭത്തെ സംബന്ധിച്ച് മതം ഗൗരവത്തോടെ പറയുന്നുണ്ട്. രാവിലെ ഏഴു മണിക്ക് പുറത്തിറങ്ങിയാൽ വഴിവക്കുകളിൽ വലിയ ബാഗും ചുമന്ന് കാലിന്റെ ചുവപ്പ് മാറാത്ത നിരവധി പിഞ്ചു കുട്ടികളെ കാണാം.

ഇതൊക്കെ പഠിച്ചു പുറത്തിറങ്ങുന്നവർക്കുണ്ടോ ധാർമികതയും മാതൃസ്നേഹവും? മാതാപിതാക്കളുടെ മുഖത്തു നോക്കി ഈ പയ്യൻമാർ അസഭ്യവർഷം ചൊരിയുമ്പോഴുമെന്തേ ഇവർ ചിന്തിക്കാത്തത്, മതവിദ്യാഭ്യാസത്തിന്റെ അൽപത്തരമാണെന്ന്?

പള്ളിദർസുകളും മദ്റസകളുമൊക്കെ പഴഞ്ചനാണ്, അശാസ്ത്രീയവും അപരിഷ്കൃതവുമാണ് എന്നൊക്കെയുള്ള ആഢ്യമനോഭാവം പുലർത്തി മതവിദ്യാഭ്യാസത്തെ സംരക്ഷിക്കേണ്ടവർ തന്നെ മണ്ണിട്ടു മൂടുകയാണ്. സമൂഹത്തിലെ ഉന്നതിയും സമ്പന്നതയും കൈവരിച്ചവരൊക്കെ മാറിച്ചിന്തിക്കാൻ തുടങ്ങി. പഴഞ്ചൻ

മദ്റസകളിലേക്ക് മക്കളെ പറഞ്ഞുവിടുന്നത് 'സ്റ്റാറ്റസി'ന് കളങ്കം ചാർത്തുന്നുവെന്നാണിവരുടെ വാദം. യഥാർത്ഥത്തിൽ ഇവരെ പഴിച്ചിട്ടും കാര്യമൊന്നുമില്ല. കാലത്തിന്റെ കാലൊച്ചകൾക്ക് കാതോർത്ത് വേണ്ടപ്പെട്ട മാറ്റത്തിരുത്തലുകൾ വരുത്താൻ മാനേജ്മെന്റുകൾ തയ്യാറാവേണ്ടതുണ്ട്. അല്ലെങ്കിൽ പാരമ്പര്യ മുസ്‌ലിം സമൂഹം നാശത്തിന്റെ പാതയിൽ നിപതിക്കുമെന്നുറപ്പാണ്.

ആദ്യകാലങ്ങളിൽ വെറുമൊരു ആരാധനാലയം മാത്രമായിരുന്നില്ല പള്ളികൾ. വലിയ പാഠ്യശാലകളുമായിരുന്നു അവ. അശാസ്ത്രീയ അപരിഷ്കൃതമെന്നൊക്കെ ദർസുകളെ മുദ്രകുത്തപ്പെടുമ്പോൾ കാര്യമായും ഒരു പുനർവിചിന്തനമാണ് അത് തേടുന്നത്. മദ്റസാ വിദ്യാഭ്യാസം അൽപം കാര്യബോധ പ്രവർത്തനമാണെന്നത് വിസ്മരിക്കാനാവില്ല. തൊഴിലധിഷ്ഠിത വിദ്യാഭ്യാസമായി മതവിദ്യാഭ്യാസത്തെ പരിവർത്തനപ്പെടുത്തിയാൽ ഒരു പരിധി വരെ അതിനോടുള്ള വിമുഖതക്ക് അറുതി വരുമെന്ന് തീർച്ചയാണ്. ധാരാളിത്തമോ അശാസ്ത്രീയതയോ സിലബസുകളെ ഒരു പൊളിച്ചെഴുത്തിന് വിധേയമാക്കേണ്ടതുണ്ട്. മതഭൗതിക സ്ഥാപനങ്ങളുടെ വരവ് കാരണം ഒരു പരിധി വരെയെങ്കിലും ചെറിയൊരു മാറ്റം വന്നിട്ടുണ്ടെന്ന് നിഷേധിക്കാവതല്ല. പൊളിച്ചെഴുത്തുകളും മതാധിഷ്ഠിത പരിഷ്കാരങ്ങളും നടത്തി മതവിദ്യാഭ്യാസ സ്ഥാപനങ്ങളെ പുനരുജ്ജീവിപ്പിക്കാൻ വേണ്ടപ്പെട്ടവർ പ്രതിജ്ഞാബദ്ധരാവേണ്ടതുണ്ട്.

കാലോചിതമായ ഇടപെടലുകളിലൂടെ മതവിദ്യാർത്ഥികൾക്ക് ഭൗതിക ജ്ഞാനം പകർന്നു നൽകുന്നത് വഴി നിർജീവാവസ്ഥയിൽ നിന്നും മതപഠന കേന്ദ്രങ്ങൾ പുനർജീവനത്തിലേക്ക് മുന്നേറുമെന്നതിൽ സംശയമില്ല.

സമൂഹം നാശത്തിന്റെ പടുകുഴിയിൽ ആപതിക്കുമ്പോഴും തിരുചര്യയെ മുറുകെ പിടിക്കുന്നവന് നൂറ് രക്തസാക്ഷിയുടെ പ്രതിഫലമുണ്ടെന്ന തിരുവചനം നെഞ്ചിലേറ്റി, ഉദ്രപ്രഥമമായി മത, ധാർമിക, വിദ്യാഭ്യാസ മേഖലകളിലേക്ക് വിദ്യാർത്ഥികളെ ആകർഷിച്ച് മതപഠനത്തോടുള്ള ആഭിമുഖ്യം വളർത്താൻ മാനേജ്മെന്റുകൾ ഉത്ബുദ്ധരാവേണ്ടതുണ്ട്.

# യുവാക്കൾ ധാർമികത മറക്കുന്നു

**യൂനുസ് ഒ.പി, കണ്ണൂർ**
റഹ്മാനിയ്യ അറബിക് കോളേജ്, കടമേരി

മദ്യപാനം ഫാഷനായി മാറിയിരിക്കുകയാണിന്ന്. ക്യാഷ് കൊടുത്ത് ഭ്രാന്ത് വാങ്ങുകയാണ് ഇതുവഴി അവർ. ആഘോഷ വേളകളിലും കല്ല്യാണത്തലേന്നും യുവാക്കൾ കുടിച്ചു തീർക്കുന്ന കള്ളിന്റെയും മദ്യത്തിന്റെയും വിലയും കണക്കും നമുക്ക് പറഞ്ഞുകേട്ടു മടുത്തിരിക്കുന്നു. അത്രയ്ക്കും ഭീകരമാണ് അവയുടെ ഉപയോഗത്തിന്റെ അളവ്. മദ്യപാനം ആരോഗ്യത്തിന് ദോശമാണെന്നും അതു പല അസുഖങ്ങൾക്കും കാരണമാകുമെന്നും അംഗീകരിക്കപ്പെടുമ്പോൾ തന്നെയാണ് ഇന്നത്തെ യുവതലമുറകൾ ഇതിനടിമപ്പെടുന്നത്. മദ്യപാനമില്ലാത്ത ഒരാഘോഷവും ഇന്നില്ല. പുതുവത്സര ദിവസങ്ങളിൽ ഇവിടെ കുടിച്ചുതീർക്കുന്നതിന് കയ്യും കണക്കുമില്ല. നാടൻ മദ്യഷാപ്പിന്റെയും ബീവറേജ് ഷോപ്പിന്റെയും മുന്നിൽ നിറഞ്ഞുനിൽക്കുന്നത് യുവാക്കളാണെന്നതാണ് ദുഃഖസത്യം. മദ്യപാനം യുവാക്കളെ അധർമ്മത്തിന്റെ പാതയിലേക്കാണ് നയിക്കുന്നത്. അക്രമത്തിനും അനീതിക്കും കൊലയ്ക്കും കൊള്ളയ്ക്കും ധൈര്യം പകർന്നു നൽകുന്നത് മദ്യപാനമാണ്. അതുകൊണ്ടാണ് ഇസ്‌ലാം മദ്യത്തെ പിശാചിന്റെ നീചകൃത്യമായി എണ്ണിയതും അതിനെ വർജിക്കാൻ കൽപ്പിച്ചതും. ഒരു നല്ല ആരോഗ്യമുള്ള യുവാവ് മദ്യത്തനടിമപ്പെടുമ്പോൾ സമൂഹത്തിനും കുടുംബത്തിനും നികത്താനാകാത്ത നഷ്ടവും ഭാരവുമാവുകയാണ് ചെയ്യുന്നത്.

ഫാഷൻഭ്രമം യുവാക്കളെ വല്ലാതെ ഗ്രസിച്ചു കൊണ്ടിരിക്കുന്നു. അടിപൊളി ജീവിതമാണ് അവർ ആഗ്രഹിക്കുന്നത്. അതിൽ ഫാഷൻ വലിയ റോൾ വഹിക്കുന്നു. ഇഷ്ടസിനിമ, സ്പോർട്സ് താരങ്ങളുടെ ജീവിതരീതിയാണ് ഇന്നത്തെ യുവാക്കളിൽ കണ്ടുവരുന്നത്. അവരുടെ വസ്ത്രവും മുടിയും താടിയും മീശയും ചെരിപ്പുമൊക്കെ ആരുടേതൊക്കെയോ പകർത്തിവെപ്പുകളാണ്.

കുത്തഴിഞ്ഞ ലൈംഗികത യുവാക്കളുടെ മുഖമുദ്രയായി മാറിയിരിക്കുകയാണ്. വസ്ത്രനൂലിഴകളിലൂടെ ഒട്ടുമിക്ക ഭാഗങ്ങളും പ്രദർശിപ്പിക്കുന്ന തരം വസ്ത്രധാരണ രീതിയാണ് യുവസമൂഹത്തിനിപ്പോൾ. നിങ്ങൾക്ക് കാണാനായി ഞാനിതാ തുറന്നിരിക്കുന്നുവന്ന രൂപത്തിലാണ് വസ്ത്രധാരണ. പ്രണയനോട്ടവും പ്രേമസല്ലാപവുമില്ലാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇപ്പോൾ അചിന്തനീയമായിരിക്കുന്നു. ആൺ-പെൺ കലർന്നുള്ള ഇരുത്തവും സമ്പർക്കവും ഇതിനു വലിയ തോതിൽ വഴിയൊരുക്കുന്നുണ്ട്.

യുവത്വകാലത്തിന് ഇസ്‌ലാം വലിയ പ്രാധാന്യം നൽകുന്നുണ്ട്. അതുകൊണ്ടാണ് ധീരരും കരുത്തരുമായ പല സ്വഹാബിമാരുണ്ടായിട്ടും നബി(സ) യുദ്ധം നയിക്കാൻ യുവാവായ ഉസ്മാൻ(റ)നെ ഏൽപ്പിച്ചത്. സമൂഹത്തിൽ നീതിക്കും ഐക്യത്തിനും വേണ്ടി പൊരുതുന്ന കർമ്മബലവും ഇച്ഛാശക്തിയുമുള്ള യുവത്വത്തിന് ഇസ്‌ലാം വിലകൽപ്പിക്കുന്നു. അവർ നാളെ അർശിന്റെ തണൽ ലഭിക്കുന്ന ഏഴുപേരിൽ ഒരു വിഭാഗമാണ്. ധാർമികത കൈവിടാതെ അധർമ്മത്തിനെതിരെ പോരാടുന്ന കർമബലവും ഇച്ഛാശക്തിയും സഹനശക്തിയുമുള്ള യുവത്വത്തെയാണ് ഏതുകാലത്തും ജനതയും ആവശ്യപ്പെടുന്നത്.

## വായനക്കാരുടെ എഴുത്തുകൾ

# പരിസ്ഥിതി വിയർക്കുന്നു

**ലുഖ്മാൻ വി. കോടൂർ**
ദഅ്‌വ കോളേജ്, നന്തി

**ആ**കാശത്തെ അവൻ ഉയർത്തുകയും (എല്ലാ കാര്യവും തൂക്കിക്കണക്കാക്കാനുള്ള) തുലാസ് അവൻ സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു. നിങ്ങൾ തുലാസിൽ ക്രമരാഹിത്യം കാണിക്കാതിരിക്കാൻ വേണ്ടിയാണത്. (സൂ: റഹ്മാൻ). ഊർജ്ജസ്സ്വലമായ പ്രകൃതി സംരക്ഷണത്തിന്റെ അനിവാര്യതയിലേക്ക് ഉണർത്തുകയും ഉദ്ബോധിപ്പിക്കുകയും ചെയ്യുകയാണ് വിശുദ്ധ ഖുർആൻ. സകല ജീവികളുടെയും സ്രോതസ്സ് പ്രകൃതിയിൽ നിന്നാണ് രൂപം കൊള്ളുന്നത്. ജീവജാലങ്ങളെയെല്ലാം നാം ജലത്തിൽനിന്നുണ്ടാക്കി." (അമ്പിയാഅ്-30) അതിയുക്തിശാലിയായ അല്ലാഹുവാണ് പ്രപഞ്ചസ്രഷ്ടാവ് എന്നതിനാൽത്തന്നെ അവൻ വൃഥാ ഒന്നും സൃഷ്ടിച്ചിട്ടില്ല. "ഭൂമിയിലെ സർവ്വസ്വവും നാം പടച്ചത് വെറുതെയാണെന്ന് നിങ്ങൾ ഭാവിക്കുന്നുവോ?" (ഖുർആൻ)

ദൈനംദിന വ്യതിയാനങ്ങൾക്കും വ്യതിചലനങ്ങൾക്കും അധീനപ്പെട്ട് പരിസ്ഥിതിയുടെ മുഖഛായ വികലവും വികൃതവുമാവുകയാണ്. യന്ത്രവൽക്കരണത്തിന്റെ കരിപ്പുക പുരണ്ട മാനവഹൃദയം സൂചിവെക്കാനിടയില്ലാത്തവിധം പടുകൂറ്റൻ ബിൽഡിംഗുകൾ പണിതുയർത്തി. അതിനായി സമ്പൽസമൃദ്ധവും രമണീയവുമായ വനങ്ങളും മലമടക്കുകളും മൃഗങ്ങളും നശിപ്പിക്കുന്നു. മൃഗങ്ങൾ കൊല്ലപ്പെടാതിരിക്കുന്നതാണെങ്കിൽ തന്നെ അത് മൃഗശാലാജീവനക്കാർക്ക് ശമ്പളം വാങ്ങാൻ മാത്രം പരിമിതപ്പെട്ടു പോയി. വെള്ളം തുപ്പാൻ കുഴൽ കിണർ നാടാകെ വ്യാപകമായതോടെ ശുദ്ധജലത്തടാകങ്ങളും ജലസംഭരണികളും അപ്രത്യക്ഷമാവാൻ തുടങ്ങി. യഥാർത്ഥത്തിൽ അല്ലാഹു സംവിധാനിച്ച സന്തുലനാവസ്ഥയിൽ കൈക്കടത്താനും വിഭാഗിക്കാനും മനുഷ്യന് എന്താണവകാശം? ചേതനവും അചേതനവുമായ മുഴുവൻ വസ്തുക്കളും മനുഷ്യനുവേണ്ടിയാണ് സൃഷ്ടിക്കപ്പെട്ടതെങ്കിലും പായോഗികതലത്തിൽ ചില നിയന്ത്രണങ്ങൾ അല്ലാഹു നിർദേശിച്ചിട്ടുണ്ട്. സത്യനിഷേധികളുടെ ക്രൂരമർദ്ദനങ്ങളും തെറിയഭിഷേകങ്ങളും സഹികെട്ട മുസ്‌ലിംകൾക്ക് യുദ്ധാനുമതി നൽകപ്പെട്ടപ്പോഴും ശത്രുവിന്റെ കൃഷിപ്പാടങ്ങളും സസ്യലതാദികളും നശിപ്പിക്കപ്പെടരുതെന്ന് നബി(സ)യുടെ ആഹ്വാനം അതുകൊണ്ടായിരുന്നു. ഭൂമിയിൽ നിങ്ങൾ എല്ലാറ്റിനോടും കരുണ കാണിക്കണമെന്ന് നിഷ്കർഷിച്ച തിരുനബി(സ)യോട് അനുചരർ ആശങ്ക പ്രകടിപ്പിച്ചു:. "സത്യലതാദികളോട് കരുണ കാണിക്കുന്നതിൽ പ്രതിഫലമുണ്ടോ പ്രവാചകരേ? അതെ, പച്ചക്കരളുള്ള എല്ലാറ്റിലും പ്രതിഫലമുണ്ടെ"ന്നായിരുന്നു തിരുനബി(സ)യുടെ പ്രതിവചനം.

പ്രപഞ്ചത്തിൽ അധിവസിക്കുന്ന പക്ഷിമൃഗാദികളും വൃക്ഷലതാദികളും അവർക്കു സ്വന്തമായ ഒരു ലോകത്താണ് ജീവിക്കുന്നതെന്ന് ഞാൻ വിശ്വസിക്കുന്നു. സദാസമയവും ഇലാഹിയായ മാസ്മരികലീലയിൽ അവർ ഉൻമത്തരാണെന്നും അവരന്വേഷിക്കുന്നത് പ്രപഞ്ചനാഥനെയുമാണെന്നും തോന്നിപ്പോകുന്നതുപോലെ കോകിലനാദം കണക്കെ ശ്രവണസുന്ദരമായ ശബ്ദത്തിൽ സബൂർ പാരായണം ചെയ്യുന്ന ദാവൂദ് നബി(സ)യെ കേൾക്കാൻ സകലജീവികളും, ഒഴുകുന്ന നദികളും അരുവികളും നിശ്ചലമായി, സാകൂതം വീക്ഷിക്കുകയും ശ്രവിക്കുകയും ചെയ്തിരുന്നു. വിശുദ്ധ ഖുർആൻ വിവരിക്കുന്നത് ഇപ്രകാരമാണ്: "ദാവൂദിനൊപ്പം കീർത്തനം ചെയ്തുകൊണ്ടിരിക്കുന്ന നിലയിൽ പർവ്വതങ്ങളെയും പക്ഷികളെയും നാം കീഴ്പ്പെടുത്തിക്കൊടുത്തു."(സൂ: അമ്പിയാഅ് 79)

അകക്കണ്ണുള്ള ചിന്തകന് പ്രപഞ്ചത്തിലെ സർവ്വചരാചരങ്ങളിലും ഏകദൈവവിശ്വാസത്തിന്റെ ഗരിമയുള്ള പ്രതിഛായ ദർശിക്കാൻ കഴിയും. 'മില്ലത്തു മുഹമ്മദിയ്യ' അനുധാവനം ചെയ്യാനുള്ള മാർഗരേഖയും വാതായനവും പരിസ്ഥിതിയിലുണ്ട്. അത് കണ്ടെത്തുന്നവനാണ് വിജയി. താങ്ങില്ലാതെ വായുവിൽ നിലയുറപ്പിച്ച ആകാശത്തെയും ശൂന്യതയിൽ മുള പൊട്ടി വളരുന്ന കായ്കനികൾ പൂത്തുലഞ്ഞ വൃക്ഷങ്ങൾക്കും അസ്തിത്വം നൽകിയ ദാതാവിനെക്കുറിച്ചുള്ള ചിന്താധാരകളുടെ സംലയനഭൂമിക ഏകദൈവവിശ്വാസമാണ്. മാനവലോകത്തിന് ദിശാബോധം നൽകാൻ ഖുർആൻ സൂചിപ്പിക്കുന്ന നിരവധി ഉപമകൾ പരിസ്ഥിതിയിൽ നിന്നും അടർത്തിയെടുത്തതാണ്. മുരടുറച്ച്, ശാഖോപശാഖകളായി കൈപിരിയുന്ന വൃക്ഷങ്ങളെയാണ് വിശുദ്ധ ദീനിന്റെ ഏകത്വവചനത്തിന് ഖുർആൻ നൽകുന്ന ഉപമ. "അല്ലാഹു നല്ല വചനത്തിന് എങ്ങനെയാണ് ഉപമ നൽകിയതെന്ന് നീ കണ്ടില്ലേ? (അത്) ഒരു നല്ല വൃക്ഷം പോലെയാണ്. അതിന്റെ മുരട് ഉറച്ച് നിൽക്കുന്നതും ശാഖകൾ ആകാശത്തേക്ക് ഉയർന്ന് നിൽക്കുന്നതുമാണ്." (സൂ: ഇബ്റാഹീം 26)

# നല്ല മനസ്സ്

മനസ്സിലെ വിചാരം വച്ചു ആരെയും ചേർത്തുവക്കാനും അകറ്റിനിർത്താനുമാകും നമുക്ക്. നമ്മൾ എങ്ങനെ കാണുന്നു എന്നതുപോലെയാണ് എല്ലാ കാര്യവും. സുഹൃത്തിന്റെ പെരുമാറ്റത്തെ ഇഷ്ടകരമായും അനിഷ്ടകരമായും നമുക്ക് വ്യാഖ്യാനിക്കാം. എപ്പോഴും ഏതു സാധ്യതയെയും ശരിവെക്കാൻ മാത്രം പഴക്കമുള്ളതാണ് നമ്മുടെ മനസ്സ്.

വിശ്വാസിയുടെ എല്ലാ ചലന-നിശ്ചലനങ്ങളെയും നല്ല മനസ്സോടെ നോക്കികാണുകയാണ് വേണ്ടത്. മുഅ്മിനിന്റെ(നല്ല) വിചാരം അവന്റെ പ്രവൃത്തിയേക്കാൾ ഉത്തമമാണെന്നാണ് തിരുമൊഴി. പ്രത്യക്ഷത്തിൽ അസുഖകരമായി തോന്നുന്നവയാണെങ്കിൽ പോലും എന്തെങ്കിലും നല്ല സാധ്യത വച്ച് അവയെ വ്യാഖ്യാനിക്കാനാകും. ഓരോരുത്തരെയും ഓരോന്നിനെയും കുറിച്ച് വെറുതെ കെട്ടിവക്കുന്ന വാർപ്പുകൽപ്പനകൾ വിശ്വാസിക്ക് യോജിച്ചതല്ല. ‘എന്റെ അനുചരൻമാരിലൊരാളെ കുറിച്ചും (അനാവശ്യമായ) ഒന്നും എന്നെ അറിയിക്കരുത്. നിശ്ചയം, ശൂന്യമായ ഹൃദയത്തോടെ നിങ്ങളിലേക്ക് ഇറങ്ങിവരുന്നതാണ് ഞാൻ ഇഷ്ടപ്പെടുന്നതെന്നു’ തിരുനബി(സ) പറഞ്ഞിട്ടുണ്ട്.

അല്ലാഹുവിനെ കുറിച്ച് നല്ലതു വിചാരിക്കുന്നതു പോലെ അവന്റെ സൃഷ്ടികളെ കുറിച്ചും നല്ലതു വിചാരിക്കണം. ചിലപ്പോൾ നമ്മുടെ വിചാരങ്ങൾ പോലും പാപമാകുമെന്ന് ഖുർആൻ പറയുന്നുണ്ട്. വിശ്വാസികളുടെ വാക്കുകളെയും പ്രവൃത്തികളെയും സാധ്യമാകുന്നത്ര നല്ല വ്യാഖ്യാനങ്ങൾ നൽകി ആദർശവത്കരിക്കാൻ നമുക്കാകണം. പുറമെ അബദ്ധമായി തോന്നുന്ന സൂഫിവാക്കുകളെ നൂറോളം വ്യാഖ്യാനങ്ങളോട് ചേർത്ത് വിലയിരുത്തണമെന്ന് ആധ്യാത്മിക പണ്ഡിതൻമാർ പറയുന്നത് അതുകൊണ്ടാണ്.

ഇലാഹിന്റെ നോട്ടം ഹൃദയത്തിലേക്കാണ്, ഉപരിപ്ലവമായ പുറംതോടുകളിലേക്കല്ലെന്ന് എല്ലാ നേരത്തും നമ്മുടെ മനസ്സിൽ വേണം.

-എഡിറ്റർ

പ്രബോധകൻ

# അനാഥകൾ, അഗതികൾ: അവകാശങ്ങൾ

" فأمّا اليتيم فلا تقهر " الضحى 9

എന്നിരിക്കെ അനാഥയെ നീ അടിച്ചമർത്തരുത്.

"أرأيت الذي يكذب بالدين فذالك الذي يدعّ اليتيم ولا يحضّ على طعام المسكين" الماعون –

മതത്തെ വ്യാജമാക്കുന്നവനാരെന്നു നീ കണ്ടുവോ? അനാഥക്കുട്ടിയെ തള്ളിക്കളയുകയും, പാവപ്പെട്ടവന്റെ ഭക്ഷണത്തിന്റെ കാര്യത്തിൽ പ്രോത്സാഹനം നടത്താതിരിക്കുകയും ചെയ്യുന്നവനത്രെ അത്.

وعن سهل بن سعد رضي الله عنه قال: قال رسول الله صلى الله عليه وسلم " أنا وكافل اليتيم هكذا" وأشار بالسبابة والوسطى, وفرّج بينهما. البخاري.

നബി (സ) പറഞ്ഞു: ഞാനും അനാഥസംരക്ഷകനും സ്വർഗത്തിൽ ഇപ്രകാരമാണ്. (അവിടുന്ന് ചൂണ്ടുവിരലും, നടുവിരലും അൽപ്പം വിടർത്തിക്കാണിച്ചു കൊടുത്തു.)

قال رسول الله صلى الله عليه وسلم: " الساعي على الأرملة والمسكين كالمجاهد في سبيل الله" متفق عليه.

നബി (സ) പറഞ്ഞു: വിധവകൾക്കും, അഗതികൾക്കും വേണ്ടി പ്രയത്നിക്കുന്നവൻ അല്ലാഹുവിന്റെ മാർഗത്തിൽ സമരം ചെയ്യുന്നവന് തുല്ല്യനാണ്

قال رسول الله صلى الله عليه وسلم: " إبغوني الضعفاء فإنما تنصرون وترزقون بضعفائكم. أبو داود.

നബി(സ) പറഞ്ഞു: എനിക്കു വേണ്ടി നിങ്ങൾ അബലരെ തേടിപ്പിടിക്കുക. (ഞാനവരുടെ പേരിൽ അല്ലാഹുവിനോട് സഹായമപേക്ഷിക്കാം) നിങ്ങൾക്ക് സഹായം ലഭിക്കുന്നതും, ഭക്ഷണം കിട്ടുന്നതും ബലഹീനരുടെ പേരിലാണ്.

***കുറിപ്പ്:*** *അനാഥാലയങ്ങൾ സ്ഥാപിച്ച് പത്രാസ് നടത്തി ജീവിക്കുന്ന കാലമാണിത്. ധനവാന്മാരിൽ നിന്ന് പണം സ്വരൂപിച്ച് അർഹതപ്പെട്ടവർക്ക് എത്തിച്ചു കൊടുക്കുന്ന രീതി മാറി ഇപ്പോൾ പാവപ്പെട്ടവരിൽ നിന്നും പണം പിരിച്ച് പണക്കാർ പ്രൗഢി കാണിക്കുന്ന ഏർപ്പാടായി യതീംഖാനകൾ വികാസംപ്രാപിക്കുന്നു. സമ്പന്നരുടെ മക്കൾക്കൊരു തൊഴിൽ, വിദ്യാഭ്യാസക്കച്ചവടത്തിനൊരു മറ- ഇതൊക്കെയാണ് പല യതീംഖാനകളും. ചിലതൊക്കെ ദുഷിച്ചു ദുഷിച്ചു അല്ലാഹുവിന്റെ കോപത്തിന് കാരണമാവുന്ന സ്ഥിതിയിലെത്തി. അല്ലാഹുവിന്റെയും റസൂലിന്റെയും താക്കീതുകൾ അഗ്നിവിഴുങ്ങുന്ന ഇക്കൂട്ടരുടെ കാതുതുറപ്പിച്ചിട്ടില്ല.*

ലേഖനം

ടി വി അബ്ദുറഹ്മാൻ കുട്ടി



# പൊന്നാനി മഊനത്ത് കർമനൈരന്തര്യത്തിന്റെ ദശാബ്ദങ്ങൾ

**കേ**രളത്തിൽ ഇസ്‌ലാംമതം പ്രചരിച്ചത് സൗഹാർദപൂർണ്ണമായ അന്തരീക്ഷത്തിലാണല്ലോ. മാലിക്കുബ്നു ദീനാറും അനുചരന്മാരും മുതൽ ഇവിടെ വന്ന സകല പ്രബോധകർക്കും അതതു കാലത്തെ ഭരണകർത്താക്കളിൽ നിന്നും തദ്ദേശീയരിൽ നിന്നും ആത്മാർത്ഥമായ പ്രോത്സാഹനവും ആദരവും അംഗീകാരവും ലഭിച്ചിരുന്നു. 13-ാം നൂറ്റാണ്ടിൽ കോഴിക്കോട് ആസ്ഥാനമാക്കി ഭരണമാരംഭിച്ച സാമൂതിരിമാരുടെ ആരംഭം തൊട്ടു അവരും ഈ നയം തുടർന്നു. ഇതിനകൽച്ച സംഭവിച്ചത് ഈ നാടു ഭരിച്ച പറങ്കികളടക്കമുള്ള പാശ്ചാത്യ ഭരണകർത്താക്കളുടെ നയവൈകല്ല്യങ്ങളും കുടില തന്ത്രങ്ങളും ഹേതുവായാണ്. അറേബ്യൻ മുസ്‌ലിംകളുടെ സമ്പത്തും ഇസ്‌ലാമിന്റെ ദൃതഗതിയിലുള്ള വളർച്ചയും കണ്ടമ്പരന്ന യൂറോപ്യൻ ഭരണകൂടവും ക്രിസ്തീയ മിഷ്നറികളും അതിനെ തടയിടാൻ പല ഗൂഢപദ്ധതികളും അവിഷ്കരിച്ച് പറങ്കികളിലൂടെ പ്രാവർത്തികമാക്കി.

ഇന്ത്യയിലേക്ക് ചെങ്കടൽ മാർഗത്തിലൂടെയുള്ള കടൽവ്യാപാരം മദ്ധ്യകാലം വരെ മുസ്‌ലിംകളുടെ കുത്തകയായിരുന്നു. ഇത് തകർക്കുന്നതിന് പതിനഞ്ചാം നൂറ്റാണ്ടിന്റെ ആദ്യം മുതൽ പറങ്കികൾ ശ്രമമാരംഭിച്ചു. പോപ്പിന്റെ ആശീർവാദത്തോടെ ഹിബ്രു ജ്യോതിശാസ്ത്രജ്ഞനായ എബ്രഹാം ബെൻ സാക്രൂത്തിന്റെ മാർഗ നിർദ്ദേശ പ്രകാരം ക്രിസ്തീയ സംഘങ്ങളുടെ സാമ്പത്തിക സഹായത്താൽ പോർച്ചുഗീസ് രാജാവ് ഡോം മാനുവൽ ഒന്നാമന്റെ കൽപനയനുസരിച്ച് കൊട്ടാരത്തിലെ നാവിക ഉദ്യോഗസ്ഥനായ വാസ്കോ ഡി ഗാമ 1498-ൽ കാപ്പാട്(കപ്പക്കടവ്) കപ്പലിറങ്ങിയതോടെ അതുവരെ കേരളത്തിലുണ്ടായിരുന്ന വിദേശവ്യാപാര ബന്ധങ്ങളിലെല്ലാം കാതലായ വ്യതി



*പൊന്നാനി വലിയ ജാറം*

**ഇന്ത്യയിലേക്ക് ചെങ്കടൽ മാർഗത്തിലൂടെയുള്ള കടൽവ്യാപാരം മദ്ധ്യകാലം വരെ മുസ്‌ലിംകളുടെ കുത്തകയായിരുന്നു. ഇത് തകർക്കുന്നതിന് പതിനഞ്ചാം നൂറ്റാണ്ടിന്റെ ആദ്യം മുതൽ പറങ്കികൾ ശ്രമമാരംഭിച്ചു. വാസ്കോഡിഗാമ കാപ്പാട് കപ്പലിറങ്ങിയതോടെ അതുവരെ കേരളത്തിലുണ്ടായിരുന്ന വിദേശവ്യാപാര ബന്ധങ്ങളിലെല്ലാം കാതലായ വ്യതിയാനം വരാൻ തുടങ്ങി.**

യാനം വരാൻ തുടങ്ങി. കപ്പൽ മലബാറിന്റെ പുറം കടലിൽ നങ്കൂരമിട്ടപ്പോൾ സാമൂതിരി രണ്ടാം ആസ്ഥാനമായ പൊന്നാനി തൃക്കാവ് കോവിലകത്തായിരുന്നു. മലബാറിൽ ഹിന്ദുക്കളും മുസ്‌ലിംകളും വളരെ സൗഹാർദ്ദത്തിൽ ജീവിച്ചിരുന്ന അവസരത്തിലാണ് ഗാമയുടെ വരവ്. ശാന്തിയും സമാധാനവും കൈകോർത്തിരുന്ന ഇവിടെ അശാന്തിയുടെയും അസമാധാനത്തിന്റെയും ഭീകരാന്തരീക്ഷം പരന്നു. 16-ാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ കേരള ചരിത്രത്തിൽ അന്നുവരെ തുല്ല്യതയില്ലാത്ത വിധം മുസ്‌ലിംകൾ നരനായാട്ടിനും മർദ്ദനങ്ങൾക്കും വിധേയരായി. ഹജ്ജ് കഴിഞ്ഞു മടങ്ങിവരുന്ന കപ്പൽ പോലും അഗ്നിക്കിരയാക്കി. മുന്നൂറോളം ഹാജിമാർ വെന്തുമരിച്ചു. ലിസ്ബൻ ക്രിസ്റ്റ്യൻ ദേവാലയത്തിൽ സന്ന്യാസികളായി വളർത്താൻ പറങ്കികൾ നേർച്ച ചെയ്ത ഇരുപത് കുട്ടികളെ മാത്രം അവശേഷിപ്പിച്ച് ആ കപ്പൽ ചാരമാക്കി കടലിൽ ലയിപ്പിച്ചു. തക്ബീർ ചൊല്ലികൊണ്ട് പറങ്കികളെ നേരിട്ട തീർത്ഥാടകർ മുഴുവനും ആത്മാഭിമാനത്തോടെ രക്തസാക്ഷിത്വം വരിച്ചു.

ഈ ക്രൂരകൃത്യത്തിന് ദൃക്സാക്ഷിയായ പോർച്ചുഗീസ് കപ്പിത്താൻ ജവോ ലോപസ് പെരസിറ്റിലോയുടെ ദൃക്സാക്ഷി മൊഴി ഇങ്ങനെ: "എഴു രാത്രിയും എഴു പകലും നീണ്ടുനിന്ന ആ ദുരന്തം വിവരിക്കാൻ വാക്കുകൾ അശക്തമാണ്."(കേരള ചരിത്രം പേജ് 433-434) തുടർന്ന് പലയിടത്തും മിഷനറി പ്രവർത്തനം വ്യാപകമായി. മുസ്‌ലിംകളെ നിർബന്ധിച്ച് ക്രിസ്തീയ മതത്തിൽ ചേർത്തു. അതുവരെയുണ്ടായിരുന്ന ഇസ്‌ലാമിന്റെ വളർച്ചക്ക് മങ്ങലേറ്റു. ഈ അവസരത്തിൽ അവർക്ക് ദിശാബോധവും അചഞ്ചലമായ നേതൃത്വവും നൽകിയത് മാലിക്കുബ്നു ദീനാറിനും അനുചരന്മാർക്കും ശേഷം ഇന്നുവരെ പകരക്കാരനില്ലാത്ത ഒന്നാം മഖ്ദൂം ശൈഖ് സൈനുദ്ദീൻ ഒന്നാമനും മകൻ രണ്ടാം മഖ്ദൂമായ അല്ലാമ അബ്ദുൽ അസീസും പേരമകനും മൂന്നാം മഖ്ദൂമുമായ ശൈഖ് സൈനുദ്ദീൻ രണ്ടാമനുമാണ്. മഖ്ദൂമുകളിൽ എറ്റവും പ്രഗത്ഭരായ ഈ മൂന്നു പേരുടെയും സാമൂതിരി നാവികസേനാ നായകരായ നാല് കുഞ്ഞാലി മരക്കാർമാരുടെയും അവസരോചിത നയ ചാതുര്യവും പ്രതിരോധ ശേഷിയും സാമൂതിരിയുടെ ആത്മാർത്ഥമായ സഹകരണവും സംഗമിച്ചില്ലായിരുന്നുവെങ്കിൽ ഇവിടെയും ക്രിസ്തീയ മതംമാറ്റം വ്യാപകമാകുമായിരുന്നു. ഈയൊരു സംഗമം തന്നെയായിരുന്നു മറ്റു മതസ്ഥർ വലിയതോതിൽ ഇസ്‌ലാമിലേക്ക് ആകർഷിക്കാൻ പ്രധാന കാരണം.

സാമൂതിരിയുടെ പ്രിയപ്പെട്ട പ്രജകൾ എന്ന ലേഖനത്തിൽ പറയുന്നതിങ്ങനെ: കയറ്റിറക്കുകച്ചവടം നടത്താനുള്ള പൂർണ്ണാവകാശവും മതാനുഷ്ഠാന സ്വാതന്ത്ര്യവും നാട്ടുകാരെ ഇഷ്ടമുണ്ടെകിൽ മതത്തിൽ ചേർക്കാനുള്ള അവകാശവും നാട്ടു സ്ത്രീകളെ വിവാഹം ചെയ്യാനുള്ള അനുവാദവും സാമൂതിരി അവർക്ക് കൽപിച്ചു കൊടുത്തു. (പി.സി മാനവിക്രമൻ രാജ-മാപ്പിള റിവ്യു 1942, പേജ് - 16,17)

ഈ ഔദാര്യം മുസ്‌ലിംകളുടെ സമ്പദ്ഘടനയിൽ സാരമായ വർദ്ധനയ്ക്കിടയാക്കി. സാമൂതിരിയുടെ ആനുകൂല്യങ്ങൾ അറിയപ്പെടാൻ തുടങ്ങിയതോടെ കൂടുതൽ കച്ചവടസംഘങ്ങൾ ഈ തീരത്തേക്ക് പ്രവഹിക്കാനും തുടങ്ങി. അവരോടൊപ്പം മതപ്രചാരണ സംരംഭങ്ങളും പുഷ്ടിപ്രാപിച്ചു.

കാലവർഷം കഴിയുന്നതുവരെ ഇവിടെ തങ്ങേണ്ടിവന്ന അറബികൾക്കും മതപരിവർത്തനം ചെയ്യപ്പെട്ടവർക്കും പുതിയ സങ്കേതങ്ങളും ആരാധനാലയങ്ങളും വൈവാഹിക ബന്ധങ്ങളും ആവശ്യമായിത്തീർന്നു. കോഴിക്കോട്ടെ അമ്പാടി കോവിലകം, വലിയ കോവിലകം, ചെറിയ കോവിലകം, ഏറമ്പിറ കോവിലകം, പടിഞ്ഞാറെ കോവിലകം, കിഴക്കെ കോവിലകം, കുറ്റിച്ചിറ തമ്പുരാട്ടി ഇല്ലം തുടങ്ങിയ എട്ടോളം കോവിലകങ്ങളിൽ നിന്നു

നാനൂറോളം സ്ത്രീകളെ മുസ്‌ലിംകളു
ടെ ഭാര്യമാരാവാൻ സാമൂതിരി അനു
വദിച്ചുവത്രെ.

ചരിത്രപണ്ഡിതൻ പ്രൊഫ:ആർ
ണോൾഡ് പറയുന്നു: "അദ്ദേഹത്തി
ന്റെ (സാമൂതിരി) രാജ്യത്തെ മീൻപിടു
ത്തക്കാരുടെ കുടുംബങ്ങളിലെ ഒന്നോ
അതിലധികമോ ആൺ സന്തതികളെ
മുഹമ്മദീയരായി വളർത്തിക്കൊണ്ട് വ
രേണ്ടതാണെന്ന് കൽപിച്ചു. ഈ പു
തിയ സന്തതികളാണ് പിന്നീട് പുതുഇ
സ്‌ലാമീങ്ങൾ എന്ന് വിളിച്ചു വരുന്ന മ
ത്സ്യത്തൊഴിലാളികളിൽ ഒരു വിഭാഗ
മായി മാറിയത്. തന്റെ നാവിക മേൽ
ക്കോയ്മ വളർത്താൻ കൂടിയാണ് മുസ്
ലിംകളിൽ ഈ പുതിയ വർഗത്തെ
സാമൂതിരി സൃഷ്ടിച്ചത്."

(ഡോ. എൻ എം നമ്പൂതിരി, കേര
ള ചരിത്രത്തിന്റെ നാട്ടുവഴികൾ, പേജ്
-213)

1800-ൽ നിലവിൽവന്ന ബ്രട്ടീഷ് ഭ
രണകാലത്ത് നടന്ന പോരാട്ടങ്ങളുടെ
അവസരത്തിലാണ് ഇസ്‌ലാമിലേക്ക്
ജനങ്ങൾ കൂടുതൽ പ്രവേശിച്ചത്. അ
നീതിക്കെതിരെയും അടിച്ചമർത്തപ്പെ
ടുന്നവരുടെ മോചനത്തിനുവേണ്ടിയും
മർദ്ദകരുടെ അടിവേരറുക്കാനും മുസ്
ലിംകൾ എന്നും ജാഗരൂകരാണ്. താഴ്
ന്ന ജാതിക്കാരോട് പരുഷമായി പെരു
മാറുകയും അവരെ പരമാവധി ചൂഷ
ണം ചെയ്ത് പരമസമ്പന്നന്മാരായി
വാഴുകയും ചെയ്തിരുന്ന ജന്മിമാർ
ക്കെതിരെ സ്വാഭാവികമായും മുസ്‌ലിം
കൾ രംഗത്തുവന്നു. ഈ അസുലഭാ
വസരം മുതലെടുത്ത് കീഴ്ജാതിക്കാർ
തൊപ്പിയിടുകയും മുസ്‌ലിംകളോടൊ
ത്തു അടരാടുകയും ചെയ്തു. സവർ
ണ്ണ പീഡനം സഹിക്കവയ്യാതെ ഇസ്
ലാമിലേക്ക് നിരവധി പേർ പ്രവഹി
ച്ചു.

വില്യം ലോഗൻ പറയുന്നത് നോ
ക്കുക: മലബാർ ജില്ലയുടെ രാഷ്ട്രീയ
ചരിത്രത്തിൽ മാപ്പിളമാർ വഹിച്ചിട്ടുള്ള
പങ്ക് സുപ്രധാനമാണ്. ജനസംഖ്യാപര
മായി നോക്കുമ്പോൾ ഇപ്പോൾ അവർ
ക്കിടയിൽ അറബി വംശജരായവരുടെ
സാന്നിദ്ധ്യം തുലോം നിസ്സാരമാണെ
ന്നും പറയണം. മാപ്പിളമാർ, ഹിന്ദുജന
സംഖ്യയെ അപേക്ഷിച്ചു, ശീഘ്രഗതി
യിൽ പെറ്റുപെരുകുന്നുണ്ടെന്നു പറ
ഞ്ഞുകൂടാ. ഹിന്ദുക്കളിൽ കീഴ്ജാതി
ക്കാർക്കിടയിൽ നടക്കുന്ന മുസ്‌ലിം മ
തത്തിലേക്കുള്ള പരിവർത്തനമാണ്
അവരുടെ ജനസംഖ്യാ വർധനവിനു
ഒരു കാരണം. സ്വാഭാവിക പ്രക്രിയയെ
ക്കാൾ ഇത്തരം മതംമാറ്റം അനുവദനീ
യമായിരുന്നുവെന്നും കാണണം. മാത്ര
മല്ല, അങ്ങനെ ചെയ്യണമെന്ന് സാമൂ
തിരി രാജ അനുശാസിച്ചിട്ടുമുള്ള അ
നുഭവങ്ങളുമുണ്ട്. ഹിന്ദുക്കളായ മ
ത്സ്യപ്പിടിത്തക്കാരുടെ (മുക്കുവർ) കു
ടുംബങ്ങളിൽ നിന്ന് ഒന്നോ അതിലധി
കമോ പുരുഷന്മാർ മുഹമ്മദീയ മതം
സ്വീകരിക്കണമെന്ന സാമൂതിരിമാരുടെ
അനുശാസനം രാജാവിന്റെ നാവിക
മേൽക്കോയ്മ നിലനിർത്തുന്നതിന് പ
റ്റിയ ആളുകളെ വളർത്തിയെടുക്കുന്ന
തിനു വേണ്ടിയായിരുന്നു. ആധുനിക
കാലത്ത് പോലും ഈ സമ്പ്രദായം
നിലനിർത്തിപ്പോരുന്നുണ്ട്.

1871-നും 1881-നും ഇടയിൽ മല
ബാറിലെ മുസ്‌ലിം ജനസംഖ്യയിൽ ഉ
ണ്ടായ വർധന സംബന്ധിച്ച് പ്രസിഡ
ൻസി കാനേഷുമാരി (1881) റിപ്പോർട്ടി
ൽ ഖണ്ഡിക 151-ൽ ഇങ്ങനെ കാണു
ന്നു: അധമ സ്ഥിതിയും അപമാനകര
മായ അവശതയും ഏറ്റവും പ്രകടമാ
യി അനുഭവിക്കുന്ന ഒരു വിഭാഗമാണ്
ചെറുമർ. 1871-ലെ കാനേഷുമാരിയിൽ
മലബാറിൽ അവരുടെ ജനസംഖ്യ
99,009 ആയിരുന്നത് പത്തു വർഷം ക
ഴിഞ്ഞപ്പോൾ 1881-ലെ കണക്കിൽ
64,725 ആയി ചുരുങ്ങി. ജില്ലയിൽ
പൊതുവെ ഈ കാലയളവിൽ ഉണ്ടാ
യ ജനസംഖ്യാവർദ്ധന 5.71 ശതമാന
മായിരുന്നു. ചെറുമരെ സംബന്ധിച്ചിട
ത്തോളം ഇതേ കാലയളവിൽ ജന
സംഖ്യ 34.63 ശതമാനം കണ്ട് ചുരു
ങ്ങുകയാണുണ്ടായത്. മറ്റു വിഭാഗക്കാ
രുടെ അനുപാതമനുസരിച്ച് 1881-ൽ
40,000 ചെറുമർ കൂടുതൽ ഉണ്ടാവേണ്ട
തായിരുന്നു. അത്രയും പേർ ഇല്ലാതാ
യെന്നു സാരം. ഇസ്‌ലാംമതത്തിലേ
ക്കുള്ള കൂട്ടംകൂട്ടമായ പരിവർത്തനമാ
ണ് ഇതിനു പിന്നിലുള്ള കാരണം. ഒ

**16-ാം നൂറ്റാണ്ടിന്റെ ആരം
ഭം മുതൽ കേരള ചരിത്ര
ത്തിൽ അന്നുവരെ തുല്ല്യ
തയില്ലാത്ത വിധം മുസ്
ലിംകൾ നരനായാട്ടിനും മ
ർദ്ദനങ്ങൾക്കും വിധേയരാ
യി. ഹജ്ജ് കഴിഞ്ഞു മട
ങ്ങിവരുന്ന കപ്പൽ പോലും
അഗ്നിക്കിരയാക്കി. മുന്നൂ
റോളം ഹാജിമാർ വെന്തുമ
രിച്ചു. തക്ബീർ ചൊല്ലി
കൊണ്ട് പറങ്കികളെ നേരിട്ട
തീർത്ഥാടകർ മുഴുവനും
ആത്മാഭിമാനത്തോടെ ര
ക്തസാക്ഷിത്വം വരിച്ചു.**



*മൗഉനത്തുൽ ഇസ്‌ലാം സഭ*

**കേരളത്തിൽ ആദ്യമായി നിലവിൽ വന്ന ദർസിൽ കിഴക്കനേഷ്യൻ രാജ്യങ്ങളിൽ നിന്നുൾപ്പെടെ നാനൂറോളം മറുനാടൻ പഠിതാക്കൾ വിദ്യ അഭ്യസിച്ചിരുന്നതായി മലബാർ മാന്വൽ പറയുന്നു. ദീനീ രംഗത്ത് പ്രകടമായ പ്രോത്സാഹനത്താൽ ഇവിടത്തെ സമ്പന്നരും സാധാരണക്കാരുമായ ഓരോ വീട്ടുകാരും കഴിവിനനുസരിച്ച് വിദ്യാർത്ഥികളുടെ ഭക്ഷണച്ചെലവ് വഹിച്ചു.**

രു ചെറുമന്റെ അല്ലെങ്കിൽ കീഴ്ജാതിക്കാരിൽ ഒരാളിന്റെ മേൽ ചാർത്തുന്ന ഇസ്‌ലാമിന്റെ മഹത്വം ആ വ്യക്തിയെ ഒരൊറ്റച്ചാട്ടത്തിന് സമൂഹത്തിന്റെ ഉന്നത പടവുകളിലേക്ക് എത്തിക്കുന്നു. കീഴ്ജാതിയിൽ ജനിച്ചു പോയതുകൊണ്ട് അന്നോളം അനുഭവിച്ച സാമൂഹ്യമായ അവശതകളും അവമതികളും മതം മാറുന്നതോടെ അയാൾക്കു പിൻതള്ളാൻ സാധിക്കുന്നു. സമൂഹമാന്യത നേടുന്നതിന് ചെറുമരും മറ്റു അധഃകൃതഹിന്ദുക്കളുമായ 50,000 പേർ ജില്ലയിൽ മുസ്‌ലിം മതം സ്വീകരിച്ചിട്ടുണ്ടെന്നാണ് ഔദ്യോഗിക കണക്ക്.

(മലബാർ മാന്വൽ, പേജ് 210, 211)

ഇസ്‌ലാമിന്റെ വെളിച്ചം സ്വീകരിക്കാൻ ആഗ്രഹിക്കുന്ന സഹൃദയർക്കും ഇസ്‌ലാമാശ്ലേഷിച്ച മഹാ ഭാഗ്യവാന്മാർക്കും ആവശ്യമായ സഹായ സഹകരണങ്ങൾ ചെയ്തു കൊടുക്കേണ്ടത് മുസ്‌ലിം ബഹുജനങ്ങളുടെ ബാധ്യതയാണെന്ന തിരിച്ചറിവിനെ തുടർന്ന് ഈ ആവശ്യാർത്ഥം ഫണ്ട് സ്വരൂപിച്ചിരുന്ന പതിവ് 16-ാം നൂറ്റാണ്ടിൽ തന്നെ ഉണ്ടായിരുന്നുവെന്ന് ശൈഖ് സൈനുദ്ദീൻ മഖ്ദൂം രണ്ടാമൻ തുഹ്ഫത്തുൽ മുജാഹിദീനിൽ പറയുന്നുണ്ട്. നൂറ്റാണ്ടുകൾക്കപ്പുറം തന്നെ പൊന്നാനിയെന്ന തിണ്ടീസ് തുറമുഖത്തിന്റെ ദേശപ്പെരുമയും വ്യാവസായിക മുന്നേറ്റവും വൈവിധ്യമാർന്ന സംസ്കൃതിയും നിരവധി നാടുകളെ ധന്യമാക്കിയിട്ടുണ്ടെന്നാണ് ആധുനിക ചരിത്ര പണ്ഡിതന്മാരുടെ കണ്ടെത്തൽ. 13-ാം നൂറ്റാണ്ട് മുതൽ ഈ നാടിന് ഭൗതിക രംഗത്തുണ്ടായ പുരോഗതിയും 15-ാം നൂറ്റാണ്ടു തൊട്ട് ആത്മീയ മുന്നേറ്റവും ഹേതുവായി വടക്ക് മംഗ



*ഉസ്മാൻ മാസ്റ്റർ*

ലാപുരം മുതൽ തെക്ക് തമിഴ്നാട്ടിലെ തേങ്ങപട്ടണം വരെയുള്ള പ്രദേശങ്ങളിലെ മുസ്‌ലിം സംസ്കാരത്തിന്റെയും നവോത്ഥാനത്തിന്റെയും ആസ്ഥാനം 19-ാം നൂറ്റാണ്ടിന്റെ അന്ത്യം വരെ പൊന്നാനി വലിയ ജുമുഅത്ത് പള്ളിയായി പരിണമിച്ചു. കേരളത്തിൽ ആദ്യമായി നിലവിൽ വന്ന ദർസിൽ കിഴക്കനേഷ്യൻ രാജ്യങ്ങളിൽ നിന്നുൾപ്പെടെ നാനൂറോളം മറുനാടൻ പഠിതാക്കൾ വിദ്യ അഭ്യസിച്ചിരുന്നതായി മലബാർ മാന്വൽ പറയുന്നു. ദീനീ രംഗത്ത് പ്രകടമായ പ്രോത്സാഹനത്താൽ ഇവിടത്തെ സമ്പന്നരും സാധാരണക്കാരുമായ ഓരോ വീട്ടുകാരും കഴിവിനനുസരിച്ച് വിദ്യാർത്ഥികളുടെ ഭക്ഷണച്ചെലവ് വഹിച്ചു. മറ്റു ദേശങ്ങളെ അപേക്ഷിച്ച് തദ്ദേശീയരുടെ ഈ ഔദാര്യമനോഭാവം ഇസ്‌ലാമിന്റെ വളർച്ചയ്ക്ക് കരുത്തേകി. നാടിന്റെ നാനാഭാഗത്ത് നിന്നും ഇസ്‌ലാം മതം സ്വീകരിക്കാൻ ആഗ്രഹിക്കുന്നവർ വലിയ പള്ളിയെയും മഖ്ദൂമുകളെയും ലക്ഷ്യമാക്കി പ്രവഹിച്ചു. ക്രമേണ തെന്നിന്ത്യൻ മുസ്‌ലിം സംസ്കാരത്തിന്റെ കേന്ദ്ര ബിന്ദുവായി ഈ നാട് വളർന്നു. നവമുസ്‌ലിം പരിപാലനത്തിനായി ആ നൂറ്റാണ്ടിൽ തന്നെ പൊന്നാനി പാലത്തും വീട്ടിൽ കുഞ്ഞിമൊയ്തീൻകുട്ടി സ്വത്ത് വഖ്ഫ് ചെയ്യുകയും പ്രസിദ്ധ പണ്ഡിതൻ പുതിയകത്തു വലിയ ബാവ മുസ്‌ലിയാരുടെ നേതൃത്വത്തിൽ അതിനുള്ള സംവിധാനം ഒരുക്കുകയും ചെയ്തിരുന്നു. വലിയ പള്ളിക്ക് സമീപം കൗഡിയമാക്കാനകം തറവാടിന്റെ ഒരു ഭാഗം ഇതിനായി വിനിയോഗിച്ചു. നവ മുസ്‌ലിംകളാകുന്നവരിൽ പലർക്കും ആവശ്യമായ പഠന പരിശീലനങ്ങൾ ലഭിക്കാത്തതിനാൽ ഇസ്‌ലാമിൽനിന്നുള്ള അവരുടെ വ്യതിചലനം മുസ്‌ലിം നേതാക്കളെ കൂടുതൽ അസ്വസ്ഥരാക്കി. അക്കാലത്ത് ഇംഗ്ലണ്ടിൽ ശൈഖുൽ ഇസ്‌ലാം മുഹമ്മദ് അബ്ദുല്ല സാഹിബിന്റെ നേതൃത്വത്തിൽ ഒരു നവ മുസ്‌ലിം പരിശീലന കേന്ദ്രം വ്യവസ്ഥാപിതമായി നടന്നിരുന്നു. ഇതേ രീതിയിലുള്ള ഒരു സ്ഥാപനം ഇവിടെയും ഉണ്ടാകണമെന്ന ആവശ്യത്തെ തുടർന്ന് സജീവ ചർച്ചകൾക്ക് ശേഷം 20-ാം നൂറ്റാണ്ടിന്റെ ആദ്യത്തിൽ സുസംഘടിതവും സുസ്ഥിരവും വിപുലവുമായ ഒരു സ്ഥാപനത്തിന് രൂപം നൽകി. പൊന്നാനി പുതിയകത്തു കുഞ്ഞൻ ബാവ മുസ്‌ലിയാർ മഖ്ദൂമിയുടെ അശ്രാന്തപരിശ്രമത്താൽ നാട്ടിലും മറുനാട്ടിലുമുള്ള പ്രശസ്തരായ പണ്ഡിതരും സമുദായ നേതാക്കളും ഉൾപ്പെടെ 800 ഓളം പ്രമുഖർ 1900 സെപ്തംബർ 9-നു വലിയ ജാറ(സിയാറ)ത്തിങ്കൽ സമ്മേളിച്ചു മഊനത്തുൽ ഇസ്‌ലാം സഭ സ്ഥാപിച്ചു. ഇവിടത്തെ ബീവിയുടെ മകനായ മലപ്പുറം പുതിയ മാളിയേക്കൽ പൂക്കോയതങ്ങൾ പ്രസിഡന്റും കുഞ്ഞൻ ബാവ മുസ്‌ലിയാർ മഖ്ദൂമി സെക്രട്ടറിയുമായി 12 അംഗ താൽക്കാലിക സമിതിയാണ് ആരംഭത്തിൽ ഭരണനിർവഹണം നടത്തിയിരുന്നത്. കൊണ്ടോട്ടി ഖാസി പുത്തംവീട്ടിൽ അബ്ദുല്ല മുസ്‌ലിയാർ (പൊന്നാനി), മുസ്‌ലിം സ്കൂൾസ് സബ് അസി:ഇൻസ്പെക്ടർ മണ്ടായപ്പുറത്ത് ബാവ മൂപ്പൻ, സി സൈതാലിക്കുട്ടി മാസ്റ്റർ(തിരൂർ), സഭയുടെ ആദ്യ വൈസ്പ്രസിഡന്റും പിന്നീട് പ്രസിഡന്റുമായ വലിയജാറത്തിങ്കൽ കുഞ്ഞി

സീതിക്കോയ തങ്ങൾ തുടങ്ങിയവർ സ്ഥാപക പ്രമുഖരിൽപ്പെടും.

മഊനത്തിന്റെ ആദ്യത്തെ വഖ്ഫ് കുഞ്ഞി സീതിക്കോയ തങ്ങളുടേതായിരുന്നു. രണ്ടാമത് ചേർന്ന സഭായോഗത്തിൽ സൈതാലിക്കുട്ടി മാസ്റ്റർ അവതരിപ്പിച്ച ഭരണഘടന കരട് നിർദ്ദേശങ്ങൾ ചില ഭേദഗതികളോടെ അംഗീകരിച്ചു. യോഗത്തിൽവെച്ച് 635 ക. 8ണ. സംഭാവന പിരിഞ്ഞു. ഇത് അക്കാലത്ത് വലിയൊരു തുകയായിരുന്നു. എഴ് വർഷത്തോളം ജോയിന്റ് കമ്പനി രജിസ്ട്രാറുമായി നിരന്തരം എഴുത്തുകൾ നടത്തിയതിനെ തുടർന്ന് 1882-ലെ ഇന്ത്യൻ കമ്പനീസ് ആക്റ്റ് സെക്ഷൻ 26 അനുസരിച്ച് 1908 ജനുവരി 1-ന് സഭ രജിസ്റ്റർ ചെയ്തു. ലണ്ടനിൽ വെച്ചാണ് രജിസ്ട്രേഷൻ നടന്നത്. അന്നു മുതൽ സർക്കാർ അംഗീകാരമുള്ള ഓഡിറ്റർ എക്കൗണ്ടന്റ് പരിശോധിച്ച് സർട്ടിഫൈ ചെയ്ത് ഓരോ കൊല്ലവും ജനറൽബോഡി യോഗം ചേർന്ന് പാസാക്കിയ ബാലൻസ് ഷീറ്റുകൾ കമ്പനി രജിസട്രാറുടെ ഓഫീസിൽ ഫയൽ ചെയ്തു വരുന്നു. 2010 ലെ ജനറൽ ബോഡി യോഗം സെപ്തംബർ 20-ന് സഭയിൽവെച്ച് നടന്നു. സാമൂഹ്യ പരിഷ്കർത്താവായിരുന്ന സൈതാലിക്കുട്ടി മാസ്റ്ററുടെ പൊന്നാനിയിൽനിന്ന് പ്രസദ്ധീകരിച്ചിരുന്ന 'സലാഹുൽ ഇഖ്‌വാൻ' മാസിക ആരംഭകാലത്ത് പ്രചാരണരംഗത്ത് സഭയ്ക്ക് കരുത്തേകി. നവ മുസ്‌ലിംകൾക്കും സമുദായത്തിനും ആശയും ആവേശവുമായി സഭ അനുദിനം വളർന്നു. പ്രാരംഭ ദശയിൽ വിവിധ നാടുകളിൽ സഭയ്ക്ക് ശാഖകൾ ഉണ്ടായിരുന്നുവെങ്കിലും പിന്നീട് അവ മാതൃ സ്ഥാപനത്തിൽ ലയിച്ചു. സഭയുടെ ചുവട് പിടിച്ചു പലയിടത്തും മദ്റസകളും അനാഥശാലകളും സ്ഥാപിതമായി. സ്വദേശിയും വിദേശിയും ധനവാനും ദരിദ്രനും പണ്ഡിതനും പാമരനും തൊഴിലാളിയും മുതലാളിയുമെല്ലാം ഇതിന്റെ വളർച്ചയിൽ വഹിച്ച പങ്ക് നിസ്സീമമാണ്. ഇവിടത്തെ കുടുംബിനികൾ ദിവസേന മൺകുടത്തിൽ ഒരു പിടി അരിയിട്ട് അവ സഭയ്ക്ക് നൽകി. മഊനത്തിന് ധർമ്മം നൽകുകയെന്നത് ജാതി മത ഭേദമന്യേ എല്ലാവരും പുണ്യമായി കണ്ടു.



*സഭയുടെ പ്രധാന കെട്ടിടം*

കൈരളിയുടെ ഇസ്‌ലാമിക ചരിത്രത്തിൽ അതുല്യസ്ഥാനമാണ് സഭക്കുള്ളത്. അറിഞ്ഞിടത്തോളം ലോകത്ത് മറ്റെവിടെയും സഭയ്ക്ക് തുല്യമായ സ്ഥാപനമില്ലെന്ന വസ്തുത ഇതര സ്ഥാപനങ്ങളേക്കാൾ സഭയുടെ മഹത്വം വർധിപ്പിക്കുന്നു.

സ്വമനസ്സാലെ ഇസ്‌ലാം മതം വിശ്വസിക്കുന്ന പുതുമുസ്‌ലിംകൾക്ക് ആവശ്യമായ വിദ്യാഭ്യാസവും സംരക്ഷണവും നൽകുക, വിദ്യാഭ്യാസത്തെ പരിപോഷിപ്പിക്കുക, സമുദായ പുരോഗതിയ്ക്ക് ന്യായമായ മാർഗങ്ങളിലൂടെ പരിശ്രമിക്കുക, യഥാർത്ഥ ഇസ്‌ലാമിക തത്ത്വങ്ങളെ പ്രചരിപ്പിക്കുക, സമുദായത്തിന് പൊതുവായി നേരിടുന്ന പരാതികൾ സർക്കാറിന്റെ ശ്രദ്ധയിൽപ്പെടുത്തുക, സമുദായത്തിലുണ്ടാകുന്ന ഭിന്നിപ്പുകളിൽ മാദ്ധ്യസ്ഥം വഹിക്കുക തുടങ്ങിയവയാണ് സഭയുടെ അംഗീകൃത നിയമാവലിയിലെ പ്രഖ്യാപിത ലക്ഷ്യങ്ങൾ. മുസ്‌ലിംകൾ രണ്ട് മാസം ഇവിടെ താമസിച്ച് പഠനം നടത്തുന്നു. താമസം, ഭക്ഷണം, വസ്ത്രം, നിയമ സഹായം, യാത്രാ ചെലവ് തുടങ്ങിയവ സഭ സൗജന്യമായി നൽകുന്നു. നിർദ്ദനരായ മുസ്‌ലിം കുട്ടികളുടെ ചേലാകർമ്മം, അനാഥ മുസ്‌ലിംകളുടെ മയ്യിത്ത് സംസ്കാരം, ഇസ്‌ലാം മത പ്രബോധനം, വിദ്യാഭ്യാസ പ്രവർത്തനങ്ങൾ തുടങ്ങിയവ സഭയുടെ മുഖ്യപ്രവർത്തനങ്ങളിൽ പെടുന്നു.

**മഊനത്തിന്റെ ആദ്യത്തെ വഖ്ഫ് കുഞ്ഞി സീതിക്കോയ തങ്ങളുടേതായിരുന്നു. രണ്ടാമത് ചേർന്ന സഭായോഗത്തിൽ വെച്ച് 635 ക. 8ണ. സംഭാവന പിരിഞ്ഞു. ഇത് അക്കാലത്ത് വലിയൊരു തുകയായിരുന്നു. 1882-ലെ ഇന്ത്യൻ കമ്പനീസ് ആക്റ്റ് സെക്ഷൻ 26 അനുസരിച്ച് 1908 ജനുവരി 1-ന് സഭ രജിസ്റ്റർ ചെയ്തു.**

അനിസ്‌ലാമികതയുടെ അന്ധകാരങ്ങളിൽ നിന്നും ഇസ്‌ലാമിന്റെ വെളിച്ചം സ്വീകരിക്കാൻ സ്വയം തയ്യാറാകുന്ന ഇന്ത്യൻ മുസ്‌ലിംകൾക്ക് വേണ്ട സൗകര്യങ്ങളൊരുക്കാനാണ് സഭ രൂപീകൃതമായത്. അടിച്ചമർത്തപ്പെടുകയായിരുന്ന അവശ ജാതിക്കാർക്ക് മനുഷ്യ ജാതിയിലേക്ക് അംഗത്വം നൽകുകയാണ് സഭ ചെയ്യുന്നത്. ഇസ്‌ലാമിന്റെ മാനവിക വശവും ആന്തരിക ചൈതന്യവും കണ്ടെത്താൻ മഹാഭാ

ഗ്യം ലഭിച്ച ഇതര മതാനുയായികളും പ്രത്യയശാസ്ത്ര വിശ്വാസികളുമായ എത്രയോ പേർക്ക് സഭ ഹിദായത്തിന്റെ മാർഗ്ഗം ചൊല്ലിക്കൊടുത്ത് സന്മാർഗ പന്ഥാവിലേയ്ക്കു നയിച്ചു.

'പൊന്നാനിയിൽ പോയി തൊപ്പിയിടുക'-ഒരിക്കൽ കേരളമാകെ പ്രചരിച്ച ഒരു ചൊല്ലാണിത്. പൊന്നാനിയിൽ പോയി ഇസ്‌ലാം മതം സ്വീകരിക്കുന്നതിനാണ് ഇങ്ങനെ പറഞ്ഞിരുന്നത്. പുതുതായി ഇസ്‌ലാം മതം സ്വീകരിക്കുന്നവരെ തല മൊട്ടയടിച്ച് തൊപ്പി ധരിപ്പിക്കുന്ന പതിവ് അടുത്ത കാലം വരെ നിലനിന്നിരുന്നു. തൊപ്പിയിടുക വഴി മനുഷ്യ മഹത്വത്തിൽ മാറ്റി നിർത്തപ്പെട്ടിരുന്ന താഴ്ന്ന ജാതിക്കാർക്ക് മേലാളരോടൊപ്പം ഇരിക്കാനും മനുഷ്യത്വം നേടിയെടുക്കാനും അവസരം ലഭിക്കുന്നു.

ചരിത്ര പണ്ഡിതനായ ഡോ. താരാചന്ദ് എഴുതി: ഒരു നമ്പൂതിരിയുടെ അരികിൽ ഇരിക്കാനുള്ള അവകാശം മുസൽമാനുണ്ടായിരുന്നു. നായർക്കുണ്ടായിരുന്നില്ല. മാപ്പിളമാരുടെ മതനേതവായ ഖാസിക്ക് സാമൂതിരിയോടൊപ്പം പല്ലക്കിൽ യാത്ര ചെയ്യാനും അവകാശമുണ്ടായിരുന്നു. സാമൂതിരിയുടെ സാമ്രാജ്യത്തിലാകമാനം മുസ്‌ലിംകളുടെ സ്വാധീനം വ്യാപിച്ചിരുന്നു.

(കേരള ചരിത്രത്തിന്റെ നാട്ടുവഴികൾ, പേജ് -218)

എവിടെയെങ്കിലും പോയി തൊപ്പിയിട്ടാൽ പോരാ, അതിന്നു നിയമ സാധുത വേണമെങ്കിൽ പൊന്നാനിയിൽ വന്നു തന്നെ തൊപ്പിയിടണം. പലിശക്കെടുതിയും അശാസ്ത്രീയമായ സാമ്പത്തിക ആസൂത്രണങ്ങളും കാരണം ഒരു കാലത്ത് കൊടും പട്ടിണിയിൽ അകപ്പെട്ടിരുന്ന ഭാരതീയരോട് സാമ്പത്തിക സുരക്ഷിതത്വത്തിനുള്ള മാർഗ്ഗം നിർദ്ദേശിക്കവെ 'ഇന്ത്യാ ഗവൺമെന്റ് പൊന്നാനിയിൽ പോയി തൊപ്പിയിടട്ടെ' എന്നാണ് പ്രശസ്ത ചിന്തകനും കോളമിസ്റ്റുമായിരുന്ന എം.പി. നാരായണപ്പിള്ള ഉപദേശിച്ചത്.

സഭയുടെ വാർഷിക പൊതുയോഗങ്ങളിൽ ആദ്യകാലത്ത് സഭ അംഗങ്ങളല്ലാത്ത അഡ്വ: വെങ്കിടാചലയ്യർ, മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ്, കെ.എം. സീതി സാഹിബ്, ഇ.കെ മൗലവി തുടങ്ങിയ പല പൗരപ്രമുഖരും

**കഴിഞ്ഞ നൂറ്റാണ്ടിന്റെ ആദ്യ പകുതിയിൽ 1919 മുതൽ 45 വരെ 26 വർഷം പ്രസിഡന്റായ പൊന്നാനി ഖാൻ സാഹിബ് വി ആറ്റക്കോയ തങ്ങളുടെ കാലത്താണ് സഭ എറ്റവുമധികം ഭൂസ്വത്തും മൂലധനവും സംഭരിച്ചത്. മദ്റസ, എലിമെന്ററി സ്കൂൾ, തൊഴിൽ ശാല, അനാഥശാല മുതലായവ സ്ഥാപിതമായതും ഇക്കാലത്താണ്.**

അമുസ്‌ലിം പ്രധാനികളും സർക്കാർ ഉദ്യോഗസ്ഥരും സംബന്ധിക്കുകയും വിലപ്പെട്ട നിർദേശങ്ങളും സംഭാവനകളും നൽകുകയും പ്രവർത്തനങ്ങളെ അഭിനന്ദിക്കുകയും ചെയ്തിട്ടുണ്ട്. സീതി സാഹിബ് പിന്നീട് മാനേജിംഗ് കമിറ്റി മെമ്പറായി. 1924 മുതലാണ് വർഷാന്ത ജനറൽബോഡി യോഗത്തിൽ പുറമെ നിന്നുള്ള പ്രഗത്ഭ വ്യക്തിത്വങ്ങൾ അധ്യക്ഷപദം അലങ്കരിക്കാൻ തുടങ്ങിയത്. 1924-ൽ റിട്ട: ഡെപ്യൂട്ടി കലക്ടർ ഖാൻ ബഹദൂർ പി എ അമ്മു സാഹിബ് (തലശ്ശേരി), 25-ൽ ഖാൻ ബഹദൂർ ടി-എം മൊയ്തു സാഹിബ് (എം എൽ സി), 30-ൽ കണ്ണൂർ അറക്കൽ ആലി രാജ എ.സി. കോയമ്മ തങ്ങൾ, 31-ൽ സൗക്കാർ അബ്ദുൽ സി. ഹക്കിം (മദ്രാസ്), 33-ൽ മദ്രാസ് ശരീഫ് ആദം ഹാജി മുഹമ്മദ് സേട്ടു, 35-ൽ മൗലവി ഖാൻ ബഹദൂർ സിയാഹുദ്ദീൻ അഹമ്മദ്, 36-ൽ മൗലവി കെ എം അബ്ദുൽ കാദർ സാഹിബ് (എം എഫ് ബി), 38-ൽ സയ്യിദ് ഗുലം ദിക്ക് നൈറാഖ്(എം എൽ എ. സെന്റൽ അസംബ്ലി) തുടങ്ങിയ പ്രഗത്ഭ വ്യക്തിത്വങ്ങളുടെ അധ്യക്ഷതയിലാണ് യോഗങ്ങൾ നടന്നത്. 34-ൽ പൊന്നാനി ലൈറ്റ് ഹൗസിനരികെ ആറ്റകുളം പരിസരത്ത് ചേർന്ന സഭയുടെ വാർഷിക മഹാ സമ്മേളനത്തിൽ 5000ത്തോളം പ്രതിനിധികൾ പങ്കെടുത്തു. സ്വാതന്ത്ര്യ സമരത്തിലെ അനിഷേധ്യ നേതാവായിരുന്ന മൗലാന ശൗക്കത്തലി അധ്യക്ഷതവഹിക്കുകയും കേരളത്തിലെ 29 പ്രശസ്ത മത പണ്ഡിതന്മാർ പങ്കെടുക്കുകയും ചെയ്ത ഈ സമ്മേളനം സഭാ ചരിത്രത്തിലെ ഒരു സുപ്രധാന വഴിത്തിരിവായിരുന്നു. മൗലാനയുടെ പ്രൗഢഗംഭീരമായ പ്രഭാഷണം പരിഭാഷപ്പെടുത്തിയത് കെ. എം. സീതി സാഹിബാണ്. 1934-ൽ തന്നെ മഹാത്മാ ഗാന്ധിയുടെ മകൻ അബ്ദുല്ല ഗാന്ധി, ഡോ. കമാൽ പാഷ തുടങ്ങിയവർക്ക് ഒരു ഉജ്ജ്വല സ്വീകരണവും ഇവിടെ നൽകി. ഈ കാലഘട്ടത്തിൽ ആറ്റക്കോയ തങ്ങളായിരുന്നു പ്രസിഡന്റ്. കമ്മിറ്റി യോഗങ്ങളിൽ പലപ്പോഴും ആരോഗ്യകരമായ അഭിപ്രായ പ്രകടനങ്ങളും രൂക്ഷമായ വിമർശനങ്ങളും നടന്നിരുന്നുവെങ്കിലും 39-ൽ അത് മറനീക്കി പ്രത്യക്ഷപ്പെട്ടു. പഠനം പൂർത്തിയായ നവ മുസ്‌ലിംകൾക്ക് തൊഴിൽ പരിശീലനാർത്ഥം ഒരു സ്ഥാപനം ആരംഭിക്കുന്നതിന് ഫണ്ട് ശേഖരിക്കുവാൻ നൈറാഖിന്റെ നേതൃത്വത്തിൽ ആറ്റക്കോയതങ്ങളടക്കം ഭരണപക്ഷ പ്രതിനിധി സംഘം ഉത്തരേന്ത്യൻ പര്യടനത്തിനു പുറപ്പെട്ട സമയത്ത് പ്രതിപക്ഷം ശക്തമായി കോലാഹലങ്ങൾ ഉണ്ടാക്കിയതിനെ തുടർന്ന് ദൗത്യം പൂർത്തിയാക്കാൻ കഴിയാതെ സംഘം മടങ്ങിവരേണ്ടി വന്നു. തുടർന്ന് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ സഭായോഗം പൊലീസ് അകമ്പടിയോടെയാണ് നടന്നത്. ഭരണപരമായി വളരെക്കാലം നിലനിന്ന ഭിന്നതകൾക്ക് ഈ യോഗത്തോടെ പൂർണ വിരാമമിട്ടു സുഗമമായ രീതിയിൽ പ്രവർത്തനം മുന്നോട്ട് നീങ്ങി. 1941-ൽ സഭയോട് അനുബന്ധിച്ച് കൈത്തറി നെയ്ത്തുശാല ആരംഭിച്ചു. ഇപ്പോൾ അത് നിലവിലില്ല.

കഴിഞ്ഞ നൂറ്റാണ്ടിന്റെ ആദ്യ പകുതിയിൽ 1919 മുതൽ 45 വരെ 26 വർഷം പ്രസിഡന്റായ പൊന്നാനി ഖാൻ സാഹിബ് വി ആറ്റക്കോയ തങ്ങളുടെ കാലത്താണ് സഭ എറ്റവുമധികം ഭൂസ്വത്തും മൂലധനവും സംഭരിച്ചത്. മദ്റസ, എലിമെന്ററി സ്കൂൾ, തൊഴിൽ ശാല, അനാഥശാല മുതലായവ സ്ഥാപിതമായതും ഇക്കാലത്ത് തന്നെ.

പ്രധാന സ്റ്റോറി

ഇ.അലവി ഫൈസി കുളപ്പറമ്പ്



# മുഹർറം ജീവിതവിശാലതയുടെ ഒമ്പതും പത്തും

**പ**വിത്രമാസങ്ങളിൽ ഒന്നാണ് മുഹർറം. ഹിജ്റ വർഷത്തിന്റെ പ്രാരംഭം, യുദ്ധം നിഷിദ്ധമാക്കപ്പെട്ട ചതുർമാസങ്ങളിൽ ഒന്നാമത്തേത് എന്നീ വിശേഷതകൾ മുഹർറം മാസത്തിനുണ്ട്. ചരിത്രപരമായ വലിയ പ്രാധാന്യമുള്ളതാണ് മുഹർറം പത്ത്. വിശ്വപ്രസിദ്ധ പണ്ഡിതൻ ഇമാം ഗസ്സാലി(റ) വിവരിക്കുന്നു: "നിശ്ചയം ആശൂറാഅ് (മുഹർറം പത്താം ദിവസം) സംബന്ധമായി ധാരാളം തിരുവാക്യങ്ങൾ വന്നിട്ടുണ്ട്. അവയിൽ ചിലത്: ആദം നബി(അ)യെ സൃഷ്ടിച്ചതും സ്വർഗത്തിൽ പ്രവേശിപ്പിച്ചതും അർശും കുർസും സൃഷ്ടിച്ചതും ആകാശഭൂമികളെയും സൂര്യചന്ദ്ര താരങ്ങളെയും സൃഷ്ടിച്ചതും സ്വർഗത്തെ സൃഷ്ടിച്ചതും അന്നാണ്. ഖലീലുല്ലാഹി ഇബ്റാഹീം നബി(അ) ജനിച്ചതും അദ്ദേഹം നംറൂദിന്റെ അഗ്നികുണ്ഠത്തിൽ നിന്ന് രക്ഷപ്പെട്ടതും മൂസാ നബി(അ)യും കൂടെയുള്ളവരും ധിക്കാരിയായ ഫറോവയുടെയും അനുയായികളുടെയും പീഡനങ്ങളിൽനിന്ന് മോചിതരായതും ഫറോവയെയും കൂട്ടരെയും സമുദ്രത്തിൽ മുക്കിനശിപ്പിച്ചതും അന്നുതന്നെ. ഈസാ നബി(അ) ജനിച്ചതും അദ്ദേഹത്തെ വാനത്തേക്കുയർത്തപ്പെട്ടതും ഇദ്‌രീസ് നബിയെ ഉന്നതസ്ഥാനത്തേക്ക് ഉയർത്തപ്പെട്ടതും നൂഹ് നബി(അ)യുടെ കപ്പൽ ജൂദിയ്യ് പർവ്വതത്തിൽ നങ്കൂരമിട്ടതും സുലൈമാൻ നബി(അ)ക്ക് രാജകീയ പദവി നൽകപ്പെട്ടതും യൂനുസ് നബി(അ) മത്സ്യോദരത്തിൽ നിന്ന് പുറത്തുവന്നതും യഅ്ഖൂബ് നബി(അ)യുടെ കാഴ്ച തിരിച്ചുകിട്ടിയതും യൂസുഫ് നബിക്ക് ആഴക്കിണറ്റിൽനിന്ന് മോചനം ലഭിച്ചതും അയ്യൂബ് നബി(അ)ക്ക് രോഗമുക്തി ഉണ്ടായതും അന്നായിരുന്നു. ആദ്യമായി മഴ വർഷിച്ചതും മുഹർറം പത്തിനായി

രുന്നു." (മുകാശഫതുൽ ഖുലൂബ്-422)

ഫിർഔനിന്റെ നാശത്തിലൂടെ മൂസാ നബി(അ)ക്ക് ലഭിച്ച ആശ്വാസത്തിന് നന്ദിയായി മൂസാ നബിയും തുടർന്ന് യഹൂദികളും ആശൂറാ ദിവസം നോമ്പനുഷ്ഠിച്ചുവന്നു. യഹൂദികൾ പ്രസ്തുത ദിനത്തെ ആദരിക്കുകയും അതൊരു സുദിനമായി ആഘോഷിക്കുകയും ചെയ്തു. ബുഖാരിയുടെയും മുസ്‌ലിമിന്റെയും ഹദീസ് ഇതു പറയുന്നുണ്ട്.

ഇബ്നു അബ്ബാസി(റ)ൽ നിന്ന്: അദ്ദേഹം വിവരിക്കുന്നു: നബി(സ) മദീനയിൽ വരികയും അവിടെ യഹൂദികൾ ആശൂറാ ദിവസം വ്രതം അനുഷ്ഠിക്കുന്നത് കാണുകയും ചെയ്തപ്പോൾ ഈ നോമ്പ് എന്താണെന്ന് അവരോട് നബി(സ) ചോദിച്ചു. അവർ മറുപടി നൽകി: "ഇതൊരു മഹത്തായ സുദിനമാണ്. അല്ലാഹു തആല മൂസാ നബി(അ)യെയും അദ്ദേഹത്തിന്റെ അനുയായികളായ ഇസ്രായീൽ മക്കളെയും രക്ഷപ്പെടുത്തുകയും അവരുടെ ശത്രുവായിരുന്ന ഫറോവയെയും കൂട്ടരെയും വെള്ളത്തിൽ മുക്കി നശിപ്പിച്ചതും അന്നായിരുന്നു. അപ്പോൾ അല്ലാഹുവിനോട് നന്ദി പ്രകടിപ്പിക്കുവാനായി മൂസാ നബി(അ) നോമ്പനുഷ്ഠിച്ചു. അതിനാൽ ഞങ്ങളും അന്ന് നോമ്പനുഷ്ഠിക്കുന്നു. ഇതു കേട്ടപ്പോൾ നബി(സ) പറഞ്ഞു: "മൂസാ നബിയുമായി നിങ്ങളേക്കാൾ ബന്ധപ്പെട്ടവൻ ഞാനാണ്. അങ്ങനെ നബി(സ) ആശൂറാഇൽ നോമ്പ് അനുഷ്ഠിക്കുകയും മറ്റുള്ളവരോട് നോമ്പ് അനുഷ്ഠിക്കാൻ കൽപ്പിക്കുകയും ചെയ്തു.




ഇവിടെ ഒരു കാര്യം നാം പ്രത്യേകം മനസ്സിലാക്കേണ്ടതുണ്ട്. നബി(സ) നോമ്പനുഷ്ഠിച്ചത് യഹൂദികളെ അനുകരിച്ചു (തഖ്‌ലീദ്) കൊണ്ടല്ലേ എന്ന് പലരും സംശയം പ്രകടിപ്പിക്കാറുണ്ട്. അത് ശരിയല്ല. മറ്റുചില കാരണങ്ങൾ കൊണ്ടായിരുന്നുവെന്നതാണ് യാഥാർത്ഥ്യം. "ഇസ്‌ലാമിനു മുമ്പ്-ജാഹിലിയ്യത്തിൽ-ഖുറൈശികൾ ആശൂറാ ദിവസം നോമ്പെടുക്കുകയും ആ ദിവസത്തെ ആദരിക്കുകയും ചെയ്തുപോന്നിരുന്നുവെന്നും നബി(സ)യും മക്കയിൽ വെച്ച് പ്രസ്തുത ദിവസം നോമ്പെടുത്തിരുന്നുവെന്നും ആയിശബീവി(റ)യിൽ നിന്ന് ഇമാം ബുഖാരി(റ)യും മുസ്‌ലിം(റ)യും മറ്റും ഉദ്ധരിച്ച ഹദീസുകളിൽ കാണാവുന്നതാണ്.

ഖുറൈശികൾ കഅ്ബയെ വസ്ത്രം ധരിപ്പിച്ചിരുന്നത് (ഖില്ല മാറ്റിയിരുന്നത്) ആശൂറാ ദിനത്തിലായിരുന്നു. ഹിജ്റ രണ്ടാം വർഷം ശഅ്ബാൻ മാസത്തിലായിരുന്നു റമളാൻ നോമ്പ് നിർബന്ധമാക്കപ്പെട്ടത്. ആ സന്ദർഭത്തിൽ നബി(സ) പറഞ്ഞു: ആശൂറാഇൽ ആരെങ്കിലും നോമ്പനുഷ്ഠിക്കുന്നുവെങ്കിൽ അപ്രകാരം ചെയ്തുകൊള്ളട്ടെ. അനുഷ്ഠിക്കാതിരിക്കുന്നുവെങ്കിൽ അങ്ങനെയും ചെയ്തുകൊള്ളട്ടെ."(ബുഖാരി)

സ്വഹാബി വനിതകൾ ചെറിയ കുട്ടികളെ കൊണ്ട് ആശൂറാഅ് നോമ്പ് അനുഷ്ഠിപ്പിക്കാറുണ്ടായിരുന്നു. കുട്ടികൾ ഭക്ഷണം ചോദിക്കുമ്പോൾ കളിക്കോപ്പുകൾ കൊടുത്ത് അവരുടെ ശ്രദ്ധ മറ്റു വഴിക്ക് തിരിച്ചുവിട്ട് നോമ്പ് പൂർത്തിയാക്കുമായിരുന്നുവെന്നും ദുബയ്യിഅ്(റ) എന്ന സ്വഹാബി വനിതയുടെ വാക്ക് ഇമാം മുസ്‌ലിം ഉദ്ധരിച്ചിട്ടുണ്ട്. ആശൂറാഇന്റെ മഹത്വവും അന്ന് നോമ്പ് അനുഷ്ഠിക്കുന്നതിന്റെ പുണ്യവും ആവശ്യകതയും ഇതിൽനിന്ന് ബോധ്യമാണല്ലോ?

ആശൂറാ നോമ്പ് പ്രബലമായ സുന്നത്താണ്. കഴിഞ്ഞ ഒരു വർഷത്തെ പാപം അതു മുഖേന പൊറുക്കപ്പെടുന്നു. നബി(സ) പറഞ്ഞു: "ആശൂറാ ദിവസത്തെക്കുറിച്ച് അല്ലാഹുവിനെ ഞാൻ വിചാരിക്കുന്നത് ഈ നോമ്പിന്റെ മുമ്പുള്ള ഒരു വർഷത്തെ ദോഷം പൊറുക്കുമെന്നാണ്."(മുസ്‌ലിം)

തന്റെ ചെലവിൽ നിലകൊള്ളുന്നവരുടെ ഭക്ഷണത്തിലും മറ്റും ആശൂറാദിവസം ആരെങ്കിലും വിശാലമാക്കി കൊടുത്താൽ ആ വർഷം മുഴുവൻ അല്ലാഹു അവന് വിശാലമാക്കി കൊടുക്കുമെന്ന് നബി(സ) പ്രസ്താവിച്ചിട്ടുണ്ട്. അബൂഹുറൈറ(റ), ജാബിർ(റ), ഇബ്നുമസ്ഊദ്(റ), അബൂസഈദിൽ ഖുദ്‌രി(റ) മുതലായ പ്രമുഖ സ്വഹാബികളിൽ നിന്ന്

ഫലപ്രദമായ ചികിത്സ



സ്ത്രീപുരുഷൻമാർ പുറത്തുപറയാൻ മടിക്കുന്ന രഹസ്യ രോഗങ്ങൾ, ലൈംഗിക ക്ഷീണം, ബലക്കുറവ്, വലിപ്പക്കുറവ്, ശ്രീഘ്രസ്ഖലനം, സന്താനമില്ലായ്മ (വന്ധ്യത), സ്ത്രീകളുടെ വെള്ളപോക്ക്, മെലിച്ചിൽ, സ്തനരോഗങ്ങൾ, മൂത്രാശയ രോഗങ്ങൾ, മൂലക്കുരു, വെള്ളപ്പാ ്, സോറിയാസിസ് എന്നിവയ്ക്ക് ഫലപ്രദമായ യൂനാനി ചികിത്സ. 35 വർഷത്തെചികിത്സാ പരിജ്ഞാ മുള്ള **ഹക്കീം കെ.ഇ. ഇബ്രാഹിമി**നെ നേരിൽ കാണുക. വിദേശത്തു വർ രോഗവിവരം കത്ത് മുഖേനഅറിയിക്കുക. പ്രവർത്തനം ബുധ വ്യാഴം, വെള്ളി മാത്രം.

**അൽ - അമീൻ** യൂനാനി സെന്റർ (Regd.), പഴയ ബസ്സ്സ്റ്റാന്റ് ബിൽഡിങ് റൂം 59, 2ാം നില, പെരിന്തൽമണ്ണ. Ph: 04933 227984, 9847103628

**ശനി മുതൽ ചൊവ്വ വരെ എറണാകുളം P.N.V.M** ഹോസ്പിറ്റലിൽ രോഗികളെ പരിശോധിക്കുന്നു. Ph: 0484 239639

ഇമാം ബൈഹഖി(റ)യും മറ്റും ഇക്കാര്യം ഉദ്ധരിച്ചിട്ടുണ്ട്. സ്വന്തം അസ്‌ലില്ലാത്ത ചിലയാളുകൾ ഈ ഹദീസിന് അസ്‌ലില്ലെന്ന് ആരോപിച്ചിട്ടുണ്ട്. അത് ശരിയല്ല. അബൂഹുറൈറ(റ)യിൽ നിന്ന് ഉദ്ധരിക്കപ്പെട്ട ഈ ഹദീസിനെക്കുറിച്ച് ഹദീസ് നിരൂപണ രംഗത്തെ പ്രഗത്ഭനായ പണ്ഡിതൻ അൽഹാഫിളുൽ ഇറാഖി(റ) പറയുന്നു: ഈ ഹദീസിന് പല പരമ്പരകളുമുണ്ട്. അതിൽ ചിലത്, അൽഹാഫിളു മുഹമ്മദ് ബിൻ നാസിർ അൽ ബഗ്ദാദി(റ) പ്രബലമാക്കിയിട്ടുണ്ട്. കൂടാതെ, ഇമാം മുസ്‌ലിമിന്റെ നിബന്ധനകളുള്ള ഒരു പരമ്പര-സനദ്-ജാബിർ(റ)ന്റെ ഹദീസിനുണ്ട്. ഇക്കാര്യം ഇബ്നുഅബ്ദിൽ ബർറ്(റ) തന്റെ 'അൽഇസ്തിദ്കാർ' എന്ന ഗ്രന്ഥത്തിൽ പ്രസ്താവിച്ചിട്ടുണ്ടെന്ന് അൽഹാഫിളുൽ ഇറാഖി പറയുന്നു.

ഇമാം തുർമുദി(റ) പറയുന്നു: അല്ലാഹു നൂഹ് നബിയുടെ കാലത്തെ പ്രളയം മൂലം ഭൂമി മുഴുവനും വെള്ളത്തിൽ മുക്കി. അന്ന് നൂഹ് നബി(അ)യുടെ കപ്പലിൽ കയറിയവർ മാത്രമാണ് അപകടം കൂടാതെ ബാക്കിയായത്. വെള്ളം താഴ്ന്ന് അവർ ഭൂമിയിൽ ഇറങ്ങിയത് ആശൂറാ ദിവസത്തിലായിരുന്നുവത്രെ. സലാമോടുകൂടി ഭൂമിയിൽ ഇറങ്ങി ജീവിതമാർഗത്തിനുവേണ്ടി തയ്യാറെടുക്കുവാൻ അവരോട് നിർദേശിക്കപ്പെട്ടു. അതിനാൽ പ്രസ്തുത ദിനം വിശാലതയുടെയും ജീവിതവിഭവങ്ങളുടെ വർധനവിന്റെയും ദിവസമായി. അതിനാൽ എല്ലാ വർഷവും പ്രസ്തുത ദിവസം ജീവിതസൗകര്യങ്ങൾ കൂട്ടിക്കൊടുക്കൽ സുന്നത്താക്കപ്പെട്ടു.

ഈ ഹദീസ് തങ്ങൾക്ക് അനുഭവത്തിൽ ബോധ്യപ്പെട്ടിട്ടുണ്ടെന്ന് പ്രമുഖ സ്വഹാബി വര്യൻ ജാബിർ(റ) പറയുന്നുണ്ട്. അറുപതു കൊല്ലം ഞങ്ങൾ പരീക്ഷിച്ചു. അപ്പോഴെല്ലാം അത് ശരിയായി അനുഭവപ്പെട്ടുവെന്ന് സുഫ്‌യാനുബ്നു ഉയെയ്ന(റ)യും സാക്ഷ്യപ്പെടുത്തുന്നുണ്ട്.

ആശൂറാദിനത്തിൽ പല അനാചാരങ്ങളും നിർമിക്കപ്പെട്ടിട്ടുണ്ട്. അതിന്റെ പ്രധാനകാരണം ആ ദിനത്തിൽ കർബലായിൽ വെച്ച് ഹസ്രത്ത് ഇമാം ഹുസൈൻ(റ) ശത്രുക്കളാൽ വധിക്കപ്പെട്ടു എന്നതാണ്. പ്രസ്തുത ദിവസം പുതുവസ്ത്രങ്ങളണിഞ്ഞും സൽകാരങ്ങളുണ്ടാക്കിയും മറ്റും ഒരു ആഘോഷദിവസമായി ആചരിക്കുന്നത് ശിയാക്കൾ മനസ്സിലാക്കിയപ്പോൾ ആ മഹത്തായ ദിവസത്തെ അവർ ദുഃഖദിനമായി ആചരിച്ചുതുടങ്ങി.

**അല്ലാഹു നൂഹ് നബിയുടെ കാലത്തെ പ്രളയം മൂലം ഭൂമി മുഴുവനും വെള്ളത്തിൽ മുക്കി. അന്ന് നൂഹ് നബി(അ)യുടെ കപ്പലിൽ കയറിയവർ മാത്രമാണ് അപകടം കൂടാതെ ബാക്കിയായത്. വെള്ളം താഴ്ന്ന് അവർ ഭൂമിയിൽ ഇറങ്ങിയത് ആശൂറാ ദിവസത്തിലായിരുന്നുവത്രെ. സലാമോടുകൂടി ഭൂമിയിൽ ഇറങ്ങി ജീവിതമാർഗത്തിനുവേണ്ടി തയ്യാറെടുക്കുവാൻ അവരോട് നിർദേശിക്കപ്പെട്ടു. അതിനാൽ പ്രസ്തുത ദിനം വിശാലതയുടെയും ജീവിതവിഭവങ്ങളുടെ വർധനവിന്റെയും ദിവസമായി.**

മഹാനായ ഹുസൈൻ(റ) അന്ത്യനിമിഷം വരെ നിലനിർത്തിപ്പോന്ന ആദർശത്തിന് കടകവിരുദ്ധമായ പല തോന്നിവാസങ്ങളും അവർ നടപ്പിൽവരുത്തി. ഇന്നും അവരത് നിലനിർത്തുന്നു. എന്നാൽ, ഇമാം ഹുസൈൻ(റ)വിനെ വധിച്ചവർ വെറുതെയിരുന്നില്ല. വധിക്കപ്പെട്ട ദിവസമായ ആശൂറാഇൽ കുളിക്കുക, എണ്ണയിടുക, മൈലാഞ്ചിയിടുക, സുറുമയിടുക, നഖം മുറിക്കുക തുടങ്ങി പല കാര്യങ്ങളും ചെയ്യുന്നതിന് വലിയ പ്രതിഫലങ്ങൾ വാഗ്ദാനം ചെയ്യുന്ന ചില വാക്യങ്ങൾ ഹദീസുകളെന്ന പേരിൽ അവരും കെട്ടിച്ചമച്ചുണ്ടാക്കി.

ഇവിടെ പ്രമാണങ്ങൾ മുഖേന സ്ഥിരപ്പെട്ടവ നിലനിർത്തുകയും അല്ലാത്തവ നിരാകരിക്കുകയും ചെയ്യുക എന്നതാണ് നമ്മുടെ ബാധ്യത.

മുഹർറം പത്തിനെന്ന പോലെ തലേദിവസവും-മുഹർറം ഒമ്പതിന്-നോമ്പനുഷ്ഠിക്കൽ സുന്നത്താണ്. ആശൂറാദിനം നബി(സ) നോമ്പനുഷ്ഠിക്കുകയും ജനങ്ങളോട് നോമ്പനുഷ്ഠിക്കാൻ ആജ്ഞാപിക്കുകയും ചെയ്തപ്പോൾ, സ്വഹാബികൾ ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ, അത് ജൂതരും ക്രിസ്ത്യാനികളും ആദരിക്കുന്ന ദിനമാണല്ലോ? അപ്പോൾ നബി(സ) പറഞ്ഞു: "ഇൻശാഅല്ലാഹ്, അടുത്ത വർഷം ഒമ്പതിന്-താസൂആഅ്-ഞാൻ നോമ്പനുഷ്ഠിക്കും." എന്നാൽ ആ വർഷത്തെ മുഹർറമിന് മുമ്പ് നബി(സ) വഫാത്തായി. ഇവിടെ താസൂആഅ് നോമ്പ് നബി(സ) അനുഷ്ഠിക്കാൻ തീരുമാനിച്ചതിനാൽ നമുക്കതും സുന്നത്തായി. ജൂതരോട് തുല്യമാവാതിരിക്കാനാണ് താസൂആഇന് നോമ്പനുഷ്ഠിക്കുന്നതെന്ന് ഹദീസ് മുഖേന വ്യക്തമായതാണ്.

മുസ്‌ലിംകൾ എപ്പോഴും ഇസ്‌ലാമിക സംസ്കാരവും പാരമ്പര്യവും സംരക്ഷിക്കണമെന്നും മറ്റുള്ളവരുടെ സംസ്കാരങ്ങളുടെ പിന്നാലെ നാം പോകരുതെന്നും ഈ സംഭവം നമ്മെ ബോധ്യപ്പെടുത്തുന്നു.

ഒമ്പതിന് നോമ്പെടുക്കാൻ സാധിച്ചില്ലെങ്കിൽ പതിനൊന്നിന് നോമ്പെടുത്ത് ഈ സാംസ്കാരികത്തനിമ നാം നിലനിർത്തേണ്ടതുണ്ട്. നബി(സ)യിൽ നിന്ന് ഇതുസംബന്ധമായ വ്യക്തമായ നിർദേശമുണ്ട്.

നബി(സ) പറഞ്ഞു: "ആശൂറാഇന് നോമ്പനുഷ്ഠിക്കുക. ആ കാര്യത്തിൽ നിങ്ങൾ യഹൂദികളോട് എതിരാവുകയും ചെയ്യുക. അതിനുവേണ്ടി ആശൂറാഇന് മുമ്പും ശേഷവും ഓരോ ദിവസം നിങ്ങൾ നോമ്പനുഷ്ഠിക്കുക." (ബസ്സാർ)

പിണങ്ങോട് അബൂബക്ർ

നേതാക്കളെയും പ്രവർത്തകരെയും ക്ഷണിച്ചുകൊണ്ടുപോയി ഭക്ഷണം കൊടുക്കുക ഹാജിസാഹിബിന്റെ ശീലമായിരുന്നു. ദീനീപ്രവർത്തനങ്ങൾക്ക് ശക്തിപകരാൻ സമൂഹത്തിന് ബോധ്യമുള്ള ഉമറാക്കളുടെ സാന്നിധ്യം ഏറെ ഉപകാരപ്പെടാറുണ്ട്. മധ്യകേരളത്തിൽ 'സമസ്ത'യുടെ ആൽമരംതന്നെയായിരുന്നു എൻ എ കെ.

# എൻ എ കെ ഹാജി ഹൃദയനിറവുള്ള സൗമ്യനേതൃത്വം



സമസ്ത കേരള ഇസ്‌ലാംമത വിദ്യാഭ്യാസ ബോർഡിലെ സീനിയർ അംഗങ്ങളിലൊരാളായ കൊടുങ്ങല്ലൂരിലെ എൻ എ കെ ഹാജി എന്ന എൻ എ കുഞ്ഞി മൊയ്തീൻ ഹാജി 2010 നവംബർ മാസം 28ന് പുലർച്ചെ മൂന്നു മണിക്ക് ലോകത്തോട് വിടപറഞ്ഞു.

ഞായറാഴ്ച പുലർച്ചെ ദുഃഖവാർത്ത അറിയുമ്പോൾ കേരളം ഉറങ്ങുകയായിരുന്നു. കഴിഞ്ഞ ഏതാനും ദിവസം മുമ്പ് ഓഫീസിൽ വന്നു എടവനക്കാട് അദ്ദേഹം നിർമിച്ച പള്ളിയും സ്ഥലവും വിദ്യാഭ്യാസ ബോർഡ് പ്രസിഡന്റിന്റെ പേരിൽ വഖഫാധാരം ചെയ്യാനുള്ള രേഖകൾ കാണിച്ചിരുന്നു. എന്തെങ്കിലും തിരുത്തുകളോ എഴുതിച്ചേർക്കലുകളോ വേണമെന്നുണ്ടെങ്കിൽ അതൊക്കെ ചേർത്തു രണ്ടാം ശനിയാഴ്ച (13-11-2010) പ്രവർത്തക സമിതി മീറ്റിംഗിൽ കൊണ്ടുവരാനാണദ്ദേഹം പറഞ്ഞിരുന്നത്. അവസാനമായി ഞാൻ അദ്ദേഹവുമായി സംസാരിച്ചു പിരിഞ്ഞതും അന്നാണ്.

സമസ്തയുടെ ആശയാദർശങ്ങൾ നെഞ്ചോട് ചേർത്തു സ്വീകരിച്ചിരുന്ന പ്രാമാണികനായിരുന്നു അദ്ദേഹം. ആലുവ അബൂബക്ർ മുസ്‌ലിയാർ എന്ന പ്രസിദ്ധ സൂഫിയുടെ പ്രധാന സേവകരിലൊരാളായി നീണ്ടകാലം ഹാജി നിറഞ്ഞുനിന്നു. ശംസുൽ ഉലമ ഇ.കെ. ഉസ്താദിന്റെ സ്നേഹവും ഏറെ പിടിച്ചുപറ്റിയ ദേഹമായിരുന്നു ഹാജി സാഹിബ്.

പാണക്കാട് സാദാത്തുക്കളുമായും സമസ്ത ഉലമാക്കളുമായും ഈടുറ്റ ഹൃദയബന്ധം അദ്ദേഹം കാത്തുസൂക്ഷിച്ചു. സയ്യിദ് ഉമർ ബാഫഖി തങ്ങളുമായും അടുത്ത ബന്ധം ഹാജിക്കുണ്ടായിരുന്നു. ഉലമാക്കൾക്കൊപ്പം അവരുടെ നിർദേശങ്ങൾക്ക് കാതോർത്തു നടപ്പിലാക്കാൻ മുന്നണിപ്പോരാളികളായി നിലകൊണ്ട ധനാഢ്യനായ ഉമറാക്കളിൽ പ്രമുഖനാണ് ഹാജി.

കഴിഞ്ഞ പത്തു വർഷമായി താൻ ഹാജിയുമായി ഇടപഴകുന്നു. അദ്ദേഹത്തിന്റെ കൊടുങ്ങല്ലൂരിലേയും മീഞ്ചന്തയിലേയും വീടുകളിലും എറണാകുളത്തെ ഓഫീസിലും പലതവണ പോയിട്ടുണ്ട്. നിറഞ്ഞ സന്തോഷത്തോടെ, മികച്ച വിഭവങ്ങളൊരുക്കി അതിഥികളെ സൽകരിക്കുന്നതിൽ ഹാജി സാഹിബ് കാണിക്കാറുള്ള

താൽപര്യം അനുഭവിക്കാത്തവർ സംഘടനാരംഗത്ത് കുറയും.

നേതാക്കളെയും പ്രവർത്തക രെയും ക്ഷണിച്ചുകൊണ്ടുപോയി ഭക്ഷണം കൊടുക്കുക ഹാജി സാഹി ബിന്റെ ശീലമായിരുന്നു. ദീനീപ്രവർത്തനങ്ങൾക്ക് ശക്തിപകരാൻ സമൂഹത്തിന് ബോധ്യമുള്ള ഉമറാക്കളുടെ സാന്നിധ്യം ഏറെ ഉപകാരപ്പെടാറുണ്ട്. മധ്യകേരളത്തിൽ സമസ്തയുടെ ആൽമരം തന്നെയായിരുന്നു എൻ എ കെ. അദ്ദേഹത്തിന്റെ എറണാകുളത്തെ (റെയിൽവേ സ്റ്റേഷനോട് ചേർന്നുള്ള) കെട്ടിടവും ഓഫീസ് മുറിയും ആലുവയിലെ ഓഫീസും ഇസ്‌ലാമിയ്യ ബുക്ക് സ്റ്റാളും സമസ്തക്ക് ധാരാളം ഉപയോഗപ്പെട്ടിരുന്നു. പള്ളി ഇമാമുമാരെ അന്വേഷിച്ചെത്തുന്നത്, പ്രശ്നപരിഹാരങ്ങൾക്ക് സമീപിക്കുന്നത്, വഅള്, പ്രഭാഷണം തുടങ്ങിയ അന്വേഷണങ്ങൾക്ക് മധ്യകേരളത്തിൽ ഒരത്താണിയും ആശ്രയവും അവസാന വാക്കുമായിരുന്നു ഹാജിയും ഓഫീസുകളും.

വിദ്യാഭ്യാസ ബോർഡിന്റെ എല്ലാ മീറ്റിംഗുകളിലും കൃത്യമായി ഹാജരാവും. സമുദായത്തെ ബാധിക്കുന്ന വിഷയങ്ങൾ നേതൃത്വത്തിന്റെ ശ്രദ്ധയിൽ ഭംഗിയായി അവതരിപ്പിക്കും. പ്രിയപ്പെട്ട സമസ്തയുടെ ഔന്നത്യങ്ങളിൽ അഭിമാനംകൊള്ളുകയും സംഘസമ്പന്നതകൾ നിറഞ്ഞു നിൽക്കാൻ തന്നാലാവുന്ന സകല സേവനങ്ങളും സദാ സമർപ്പിക്കുകയും ചെയ്തുപോന്നു.

എൻ എ കെ ഹാജി സമസ്തയെ എന്ന പോലെ മുസ്‌ലിം ലീഗ് പ്രസ്ഥാനത്തെയും സ്നേഹിച്ചു; സ്വീകരിച്ചിരുന്നു. ലീഗിന്റെ രാഷ്ട്രീയാനിവാര്യതകൾ അദ്ദേഹം ആഴത്തിൽ മനസ്സിലാക്കി സംസാരിക്കാറുണ്ട്. പാണക്കാട് സാദാത്തുക്കൾ സമൂഹത്തെ നേർവഴിയിലൂടെയേ നയിക്കൂ എന്നദ്ദേഹത്തിന് സംശയമില്ലാത്തവിശ്വാസം. ഈ വിശ്വാസം സ്വകാര്യ സംഭാഷണങ്ങളിലും പൊതുസംഭാഷണങ്ങളിലും അദ്ദേഹം പങ്കുവെക്കും.

മികച്ച കച്ചവടക്കാരൻ എന്ന പോലെ മികച്ച സംഘാടകനുമായിരുന്നു ഹാജി. മറ്റുള്ളവരുടെ ഇഷ്ടം പിടിച്ചുപറ്റാൻപാകത്തിലുള്ള പെരുമാറ്റവും മനസ്സറിഞ്ഞുള്ള മനോഹര ചിരിയും ഹാജി ബന്ധപ്പെടുന്നവരുടെ മനസ്സിൽ കയറിക്കൂടാൻ പാകത്തിലുള്ള പെരുമാറ്റം.

കരുണയുള്ള മനസ്സാണദ്ദേഹത്തിന്. മറ്റുള്ളവർക്ക് എന്തെങ്കിലും ലഭിക്കുന്നത് അദ്ദേഹത്തിന് അനിഷ്ടമല്ല; അമിതാവേശമാണുണ്ടാവുക. സഹായങ്ങളുമായി ബന്ധപ്പെട്ട ചർച്ചകളിൽ ഹാജിക്ക് നൂറ് നാക്കുണ്ടാവും. അവരുടെ ആവശ്യങ്ങൾ ഹാജിയുടെ ആവശ്യം പോലെ അവതരിപ്പിക്കും.

വിദ്യാഭ്യാസ ബോർഡിന്റെ പാഠപുസ്തകങ്ങൾ മികച്ച അച്ചടിയിൽ വലുതാക്കി ലാമിനേറ്റ് ചെയ്തു ഭംഗിയാക്കി കളറിലിറക്കാൻ ഹാജിയുടെ ഉപദേശങ്ങളും ഇടപെടലും ചർച്ചകളും നിമിത്തമായിട്ടുണ്ട്. സമസ്തയുടെ ഏത് പരിപാടിയിലും ഹാജിയുടെ നിറസാന്നിധ്യവും അരങ്ങത്തല്ല അണിയറയിലാണധികവും ഉണ്ടാവുക. താഴെ തട്ടിലുള്ള ചർച്ചകൾ, ചിന്തകൾ, ആവലാതികൾ, ആവശ്യങ്ങൾ, അടിയൊഴുക്കുകൾ എല്ലാം എൻ എ കെ ഹാജിക്ക് നന്നായി അറിയാം.

സമസ്തയുടെ എതിരാളികൾക്കധികം ആയുസില്ലെന്നദ്ദേഹം വിശ്വസിച്ചു; പറഞ്ഞു. സത്യമില്ലാത്തതൊക്കെ മിഥ്യയാണെന്ന തത്വശാസ്ത്രത്തിൽ അദ്ദേഹം അടിയുറച്ചു വിശ്വസിച്ചു.

ആത്മവിമർശനത്തിലാണ് പലരും അമിതാവേശം കാണിക്കാറുള്ളത്. ചിലർ പ്രതിപക്ഷ ബഹുമാനം പോലുമില്ലാതെ പലതും സ്ഥാനത്തും അസ്ഥാനത്തും പറയും. എൻ എ കെ ഇത് രണ്ടിലും പെട്ടില്ല. സംഘടനയുടെ വളർച്ചയും വലിപ്പവും വൈപുല്യവും അദ്ദേഹം അനുസ്മരിക്കും. എതിരാളികളെ അവഗണിക്കും. അത് അധികം പറയാൻ മാത്രമുള്ളതല്ലെന്നു തിരിച്ചറിഞ്ഞ നേതാവായിരുന്നു അദ്ദേഹം.

ഉമർ അലി ശിഹാബ് തങ്ങൾ വഫാത്തായപ്പോഴും മാനു മുസ്‌ലിയാർ വഫാത്തായപ്പോഴും ഓഫീസിൽ വന്നു അദ്ദേഹം സംസാരത്തി

വിദ്യാഭ്യാസ ബോർഡിന്റെ പാഠ പുസ്തകങ്ങൾ മികച്ച അച്ചടിയിൽ വലുതാക്കി ലാമിനേറ്റ് ചെയ്തു ഭംഗിയാക്കി കളറിലിറക്കാൻ ഹാജിയുടെ ഉപദേശങ്ങളും ഇടപെടലും ചർച്ചകളും നിമിത്തമായിട്ടുണ്ട്. സമസ്തയുടെ ഏത് പരിപാടിയിലും ഹാജിയുടെ നിറസാന്നിധ്യവും അരങ്ങത്തല്ല അണിയറയിലാണധികവും ഉണ്ടാവുക. താഴെ തട്ടിലുള്ള ചർച്ചകൾ, ചിന്തകൾ, ആവലാതികൾ, ആവശ്യങ്ങൾ, അടിയൊഴുക്കുകൾ എല്ലാം എൻ എ കെ ഹാജിക്ക് നന്നായി അറിയാം.



എൻ എ കെ ഹാജി ഭാഗ്യവാനായി രുന്നു. അദ്ദേഹത്തിന് അല്ലാഹു നൽകിയ ആയുസും അവസരങ്ങളും അല്ലാഹുവിന്റെ ദീനിന്റെ മേഖലകളിൽ ചെലവഴിക്കാനദ്ദേഹത്തിന് സാധിച്ചു. അവസാനംവരെ അദ്ദേഹം സമസ്ത യുടെ പ്രവർത്തകനായി ജീവിച്ചു. സംഘകുടുംബത്തിലെ കാരണവരായി കാര്യകർത്താക്കളിലൊരാളായി കഴിയാന ദ്ദേഹത്തിന് അവസരം ലഭിച്ചു.

നിടെ കരഞ്ഞു. രണ്ടു പേരും സമസ്തക്ക് നൽകിയ തണൽ സമാനതകളില്ലാത്തതാണെന്നാണ് അദ്ദേഹം പ്രതികരിച്ചത്.

സമസ്ത കേരള ഇസ്‌ലാം മത വിദ്യാഭ്യാസ ബോർഡിന്റെ വളർച്ചയിൽ നിർണായക പങ്ക് വഹിച്ച ശംസുൽ ഉലമ, കോട്ടുമല ഉസ്താദ്, കെ.വി ഉസ്താദ്, ഹൈദ്രോസ് മുസ്‌ലിയാർ, ഉസ്മാൻ സാഹിബ്, മാനു ഉസ്താദ്, അസീസ് മാസ്റ്റർ, ടി.കെ. അഹമ്മദ് ഹാജി തുടങ്ങിയവർക്കൊപ്പം ദീർഘകാലം ബോർഡിന്റെ നിർവ്വാഹക സമിതി അംഗമായി അദ്ദേഹം മികച്ച സേവനങ്ങളാണനു




ഷ്ഠിച്ചത്. സമസ്ത കേരള ഇസ്‌ലാം മത വിദ്യാഭ്യാസ ബോർഡ് ഒരു ലോക വിസ്മയമായി വളർത്തിയെടുത്ത മഹാരഥന്മാർക്കൊപ്പം എൻ എ കെ ഹാജിയുടെ പങ്കാളിത്തവും സേവനങ്ങളും ചരിത്രത്തിന്റെ ഭാഗം.

സൗമ്യനായിരുന്ന ഹാജിക്ക് ഒച്ചയെടുത്ത് സംസാരിക്കാനോ അനിഷ്ടമായി പെരുമാറാനോ അറിയാത്ത പ്രകൃതമാണ്. ഉലമാക്കളോട് അതിരറ്റ ആദരം. അവരുടെ ഇഷ്ടാനിഷ്ടങ്ങൾ മാനിക്കുന്ന ശീലം. നീണ്ടകാലം മഹാന്മാരുമായി ഇടപഴകി ജീവിച്ചതിലൂടെ കൈവരിച്ച മഹത്വമാണിതെല്ലാം.

എൻ എ കെ ഹാജി ഭാഗ്യവാനായിരുന്നു. അദ്ദേഹത്തിന് അല്ലാഹു നൽകിയ ആയുസും അവസരങ്ങളും അല്ലാഹുവിന്റെ ദീനിന്റെ മേഖലകളിൽ ചെലവഴിക്കാനദ്ദേഹത്തിന് സാധിച്ചു. അവസാനംവരെ അദ്ദേഹം സമസ്ത യുടെ പ്രവർത്തകനായി ജീവിച്ചു. സംഘകുടുംബത്തിലെ കാരണവരായി കാര്യകർത്താക്കളിലൊരാളായി കഴിയാനദ്ദേഹത്തിന് അവസരം ലഭിച്ചു.

ദീനീ ഖിദ്മത്തിനായി പ്രത്യേകിച്ച് ഇൽമുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഇടപഴകിക്കഴിയാനാവുന്നത് ശ്രേഷ്ഠസംഗതിയാണല്ലോ?

സമസ്ത കേരള ഇസ്‌ലാംമത വിദ്യാഭ്യാസ ബോർഡിലെയും സെൻട്രൽ കൗൺസിലിലെയും ജീവനക്കാരുമായി ഹൃദയഹാരിയായ ഒരടുപ്പവും ബന്ധവും അദ്ദേഹം സൂക്ഷിച്ചു. ഓഫീസിൽ വന്നാൽ നിറചിരിയുമായി കുശലാന്വേഷണങ്ങളും അദ്ദേഹം പതിവാക്കി. മുഫത്തിശുമാരുമായും അദ്ദേഹം പ്രത്യേക സ്നേഹബന്ധം നില നിർത്തിയിരുന്നു.

ചേളാരി വഴിയെ കൊടുങ്ങല്ലൂരിലേക്കും തിരിച്ചുമുള്ള യാത്രയിലെല്ലാം അദ്ദേഹം ഓഫീസിൽ കയറും. ഇടക്കിടെ ടെലിഫോൺ ചെയ്തു വിവരങ്ങളാരായും. പത്രമാധ്യമങ്ങളിൽവരുന്ന സംഘടന പ്രതികരിക്കേണ്ടുന്ന സകല വിഷയങ്ങളും അദ്ദേഹം ശ്രദ്ധയിൽപെടുത്തും. ഇന്ന വിഷയത്തെ കുറിച്ച് ലേഖനമെഴുതണമെന്ന് അദ്ദേഹം ഉപദേശിക്കും. സുന്നി അഫ്കാറിലും ചന്ദ്രികയിലും വരാറുള്ള പല ലേഖനങ്ങളും ഹാജി സാഹിബിന്റെ നിർദേശപ്രകാരമാണ് എഴുതിയത്.

വിദ്യാഭ്യാസ ബോർഡ് പ്രസിദ്ധീകരിച്ച 'സമസ്തയും പാണക്കാട് കുടുംബവും', 'മാനു മുസ്‌ലിയാർ സ്മരണിക' എന്നീ പുസ്തകങ്ങൾ വായിച്ചു വിലയിരുത്തി പ്രത്യേക അഭിപ്രായവും അഭിനന്ദനവും അറിയിച്ചത് സ്മരണീയമാണ്. സംഘടനയെയും നേതാക്കളെയും അതിരറ്റ് സ്നേഹിച്ച ഹാജി അതിന്റെ പ്രവർത്തനങ്ങളിൽ ആവേശഭരിതനായിരുന്നു. സംഘാടകരെയും പ്രവർത്തകരെയും സ്നേഹിക്കുകയും അഭിനന്ദിക്കുകയും ചെയ്തു പോന്നു. ഒരു പുരുഷായുസ് മുഴുവൻ നന്മനിറഞ്ഞ പാതയിലൂടെ സഞ്ചരിച്ച് കടന്നുപോയ എൻ എ കെ ഹാജി ഉമറാക്കൾക്കും പ്രവർത്തകർക്കും നേതാക്കൾക്കും മാതൃകയാണ്. അല്ലാഹു അദ്ദേഹത്തെയും നമ്മെയും അവന്റെ ജന്നാത്തുൽ ഫിർദൗസിൽ ഒരുമിച്ചുകൂട്ടട്ടെ. അദ്ദേഹത്തിന്റെ വേർപാടിൽ വേദനിക്കുന്നവർക്കും കുടുംബത്തിനും അല്ലാഹു ക്ഷമയും പ്രതിഫലവും നൽകട്ടെ.

എം ഉമർ റഹ്മാനി പുല്ലൂർ



# എന്നുമുണ്ടാവേണ്ട ഹിജ്റ

'**ഖൈറ്**' എന്നത് ഇസ്ലാമിക സമൂഹത്തെ കുറിച്ച് സുപരിചിതമായ വിശേഷണമാണ്. ഇതിന് 'നന്മ'യെന്നാണർത്ഥം. ഖുർആൻ ഒരു പ്രത്യേക സമൂഹത്തെയും പുണ്യ നബി(സ) ഒരു ശ്രേഷ്ഠമായ കാലത്തെയും ഇതു ചേർത്ത് പുകഴ്ത്തിപ്പറയുന്നുണ്ട്. കാലം മാറി മാറി വരുമ്പോൾ ഈ ഉമ്മത്തിന് 'ഖൈറ്' നഷ്ടമാവുന്ന പക്ഷം തുടക്കക്കാരിലേക്ക് ചേർന്നു നിൽക്കണമെന്ന് മുത്ത് നബി(സ)യുടെ വസ്വിയ്യത്തുമുണ്ട്.

പൂർവ്വകാല മുസ്ലിമിന്റെ ജന്മാസ്ഥിത്വമായിവന്ന ഈ ഖൈറ് ഇന്ന് നമുക്ക് ആർജിത അസ്ഥിത്വമായിരിക്കുന്നു. നഷ്ടമായ മൂല്യങ്ങൾ തിരിച്ചു പിടിക്കുമ്പോൾ മാത്രമാണ് ഖൈറ് ആർജിതമാകുന്നത്. ഈ ഖൈറിനെ എല്ലാമായി ആവാഹിച്ച ഉമ്മത്തിലേക്ക് ഓടിക്കൂടേണ്ടതിന്റെ ഒഴിഞ്ഞു മാറാനാവാത്ത മുന്നറിയിപ്പുകളാണ് ഹിജ്റയുടെ ഓർമ്മ നമുക്ക് കൊണ്ടു വരുന്നത്. അഭിമാനിച്ചു പോന്ന വിശ്വാസവും സംസ്കാരവും പുലർത്തിപ്പോരാൻ പാകമായ അവസ്ഥയിലേക്കുള്ള മാറിപ്പാർക്കൽ എന്നാണ് ഹിജ്റയുടെ ചരിത്രപരവും ആശയപരവുമായ ഉള്ളടക്കം.

മുത്ത് നബിയും സ്വഹാബിമാരും അന്ന് സ്വൈരം ലഭിക്കാത്ത ഒരു നാട്ടിൽനിന്ന് ആശ്വാസത്തോടെ മുസ്ലിമായി ജീവിക്കാൻ അന്ന് മദീനാ നാട്ടിലേക്ക് പോകുമ്പോൾ കൂടുതൽ ഉപാധികളൊന്നും മുന്നിൽ വച്ചിരുന്നില്ല. വീടും സ്വത്തും സന്താനമൊന്നും അവർക്ക് പ്രധാനമായി വന്നില്ല. അന്ന് ഹിജ്റ, കൈവന്ന സംഗതികളെ സംരക്ഷിക്കാനായിരുന്നു. ഇന്നത് നഷ്ടമായ മൂല്യങ്ങളെ

എല്ലാവരും സ്വീകരിക്കാൻ വേണ്ടി ഇന്ന് നമ്മൾ രൂപപ്പെടുത്തിയ 'പബ്ലിക് മുസ്‌ലിം' എന്ന ഫോർമുല മാറ്റിയെടുക്കണമെന്നാണ് ഹിജ്റയുടെ പുതിയകാല താൽപര്യം. ദീനിനും ദുനിയാവിനും അപകടമുണ്ടാക്കി ഒരു മതേതര മുസ്‌ലിമാകുന്നതിൽ എന്തുണ്ട് അർത്ഥം? മുൻഗാമികൾ ഇസ്‌ലാമിൽതന്നെ കഴിഞ്ഞ് എല്ലാവർക്കും മാതൃകയായപ്പോൾ മുഖ്യധാര ഉദ്ധരിക്കുന്ന മുസ്‌ലിമാകാൻ വേണ്ടി ഇസ്‌ലാമിൽനിന്നു തന്നെ നാം ഇറങ്ങിപ്പോകുന്നു.

വീണ്ടെടുക്കാനാണ്.

എല്ലാവരും സ്വീകരിക്കാൻ വേണ്ടി ഇന്ന് നമ്മൾ രൂപപ്പെടുത്തിയ 'പബ്ലിക് മുസ്‌ലിം' എന്ന ഫോർമുല മാറ്റിയെടുക്കണമെന്നാണ് ഹിജ്റയുടെ പുതിയകാല താൽപര്യം. ദീനിനും ദുനിയാവിനും അപകടമുണ്ടാക്കി ഒരു മതേതര മുസ്‌ലിമാകുന്നതിൽ എന്തുണ്ട് അർത്ഥം? മുൻഗാമികൾ ഇസ്‌ലാമിൽതന്നെ കഴിഞ്ഞ് എല്ലാവർക്കും മാതൃകയായപ്പോൾ മുഖ്യധാര ഉദ്ധരിക്കുന്ന മുസ്‌ലിമാകാൻ വേണ്ടി ഇസ്‌ലാമിൽനിന്നു തന്നെ നാം ഇറങ്ങിപ്പോകുന്നു.

മതത്തിന്റെ മുഖംവച്ച് വന്ന പരിഷ്കാര ഭാവരൂപങ്ങളൊക്കെയും മുസ്‌ലിമിനെ സ്വന്തം മറന്നു ആധുനികനാക്കിയിരിക്കുന്നു. ഇവിടെ മുസ്‌ലിം നീ മാറുമോ, ആധുനിക അപര അനുശീലനങ്ങളെ ഇട്ടേച്ച് നിന്റെ സ്വത്വകാവലിലേക്കൊന്ന് ഹിജ്റപോകുമോ എന്ന് പുതിയ പലായനത്തിന്റെ ഹിജാസിയൻ കാഹളം മുഴങ്ങുന്നു. 1432-ന്റെ ഹിജ്റ വിളിയാളം 'മുസ്‌ലിം മാറൂ നിൻ ചട്ടങ്ങളെ' എന്നു തന്നെയായിരിക്കണം.

ഇസ്‌ലാമിക ചരിത്രഘട്ടങ്ങളിൽ രൂപപ്പെട്ട സംഗതികളൊക്കെയും ഏതെങ്കിലും വിധത്തിൽ ശേഷകാല സമൂഹങ്ങളിലും കാലങ്ങളായി പ്രതിഫലിച്ചു കൊണ്ടേയിരിക്കും. നന്മയുടെ ഗുണപാഠങ്ങളും തീർപ്പുകളുമുണ്ടാവാൻ അതിലും അന്തിമമായ വഴി വേറെയില്ലെന്നാണ്. പുതിയ കാല വിശേഷങ്ങൾ ഖൈറു ഉമ്മയിലേക്കുള്ള നമ്മുടെ നടത്തത്തിന്റെ വേഗത്തിനു പകരം ദൂരമാണ് കൂട്ടുന്നത്. ആധുനികമായ പ്രലോഭനങ്ങളിൽനിന്ന് ഇസ്‌ലാമിന്റെ സ്വത്വ വിശാലതയിലേക്കുള്ള ഹിജ്റ ഈ കാലം നമ്മോടാവശ്യപ്പെടുന്നു.

ഹിജ്റ കവാടം നമ്മൾ അടച്ചുവച്ചതുവഴി നമ്മുടെ ചുറ്റുപ്പാടുകളെക്കാൾ ഭീകരമായി മനസ്സുകൾ പോലും ആപത്തിന്റെ കോളനിയായി പരിണമിച്ചിരിക്കുകയാണ്. ചരിത്രത്തിലെ ഹിജ്റക്ക് സാക്ഷിയായ ജനതയിൽനിന്ന് എല്ലാംകൊണ്ടും നമ്മൾ മാറിയിരിക്കുന്നു. കാലവും ജീവിതവും മനസ്സും എല്ലാം. ഏതു കാലത്തിനും അധികമാകാത്ത പാകതയിലായിരുന്നു ആ ഹിജ്റയുടെ അവകാശികൾ.

ജീവിതം കൊണ്ട് നാളവസാനം വരെയും അവർ പ്രകാശം ചുരത്തി നിൽക്കുന്നു. "എന്റെ ഉമ്മത്തിലെ അവസാനം വരുന്നവർക്ക് നന്മവരുകയില്ല, ആദ്യം വന്നവർക്ക് നന്മവന്നത് കൊണ്ടല്ലാതെ."(ഹദീസ്) നമുക്ക് നമ്മളായുള്ള ബോധവും ചിന്തയും പോലും നഷ്ടമായ കാലത്ത് അതിലേക്കുള്ള തിരിച്ചുനടത്തം എത്രയും വേഗമാക്കൽ ഹിജ്റയും ജീവിതത്തിന്റെ നന്മയുടെ പ്രകാശം കത്തിച്ച് നട്ടെല്ല് നിവർത്തിപ്പിടിക്കാനുള്ള വഴിയുമാണെന്ന് ഇത് നമ്മെ ബോധിപ്പിക്കുന്നു. പ്രതികരണത്തിന്റെ ആർജ്ജവബോധം ഇതിലൊക്കെയാണെന്ന് അങ്ങനെ നമ്മൾ തിരിച്ചറിയണം. ഉറക്കത്തിലും കണ്ണ് തുറന്നു പിടിക്കാൻ അപ്പോൾ നമുക്കാകും.

ലോകത്ത് കാലങ്ങളായി ഇത്രയും (സ്വത്വം പോലും) അപഹരിക്കപ്പെട്ട ജനത വേറെയാരുമില്ലെന്ന് നമ്മിലേക്ക് വിരൽചൂണ്ടി സമ്മതിക്കുമ്പോൾ ഹിജ്റ പോകാനുള്ള കുപ്പായമിടലായിരിക്കുമത്. ആധുനികമായ നമ്മുടെ പകരംവെപ്പുകളും വ്യവഹാ



രങ്ങളുമെല്ലാം അതോടെ അട്ടിമറിയും.

ഹിജ്റ അനിസ്‌ലാമികമായ ബോധങ്ങളെ പോലും ചെറുത്ത് പിന്മാറ്റലാണെന്ന് നമ്മുടെ നിശ്ചയമായി ഉയരണം. ഉത്തമസമൂഹത്തിന്റെ വീണ്ടെടുപ്പിന്റെ വഴിയിൽ ഖാഫിലക്കൂട്ടങ്ങൾ ഒരുപാട് ഈ ഹിജ്റക്ക് കരുതി നീങ്ങിയത് മൂന്നു നൂറ്റാണ്ടുകളെ പവിത്രതയോടെ വിളക്കിച്ചേർക്കുകയായിരുന്നു. ഹിജ്റക്ക് സാക്ഷിയായവരുടെ ജീവിതം തിന്മയോട് യാതൊരു രാജിയും സന്ധിയുമില്ലെന്നും നന്മകൾ പിറക്കാൻ തന്റെ അവസാന ശ്വാസവും നീട്ടിവലിക്കണമെന്നും ഓരോ വിശ്വാസിക്കും ഉറപ്പിച്ചു തരുന്നുണ്ട്.

പരസ്പരം കെട്ടിപ്പുണർന്നു നിൽക്കുന്ന പോലെ ഓരോ മുഹർറം ഹിജ്റയെയും ഹിജ്റ മുഹർറമിനെയും വിസ്തരിച്ചുതരുന്നു. ഹിജ്റ കലണ്ടറിലെ തുടക്കമാസമായതിനാലും ഇസ്‌ലാമിക ചരിത്രത്തിലെ ഒട്ടധികം വഴിത്തിരിവുകൾക്കും പരിപ്രേക്ഷ്യങ്ങൾക്കും സാക്ഷിയായതിനാലും വിശ്വാസിയോട് മുഹർറം ഏറെ ബന്ധം പുലർത്തുന്നുണ്ട്. പൊതുമനുഷ്യനിൽ നിന്ന് ഇസ്‌ലാമിക മനുഷ്യനെ വേർതിരിക്കുന്ന നേരറിവുകൾ മുഹർറമും ഹിജ്റയും ഒന്നുചേർന്നു നമുക്ക് തരുന്നു. ഉമർ(റ) രൂപപ്പെടുത്തിയ ഹിജ്റ കലണ്ടർ സംവിധാനം മറ്റുള്ളവരിൽനിന്ന് മാറി മുസ്‌ലിംകൾ എന്തിനും ഒരു ഏകഭാവത്തെ കേന്ദ്രീകരിക്കണമെന്ന് ചരിത്രത്തിന്റെ അണമുറിയാത്ത പ്രവാഹമായി ഉദ്ഘോഷിക്കുന്നുണ്ട്.

എന്തിനും ഏതിനും പടിഞ്ഞാറോട്ട് സുജൂദ് ചെയ്യുന്ന ആധുനിക മുസ്‌ലിമിന്റെ പുതിയ വണക്ക ബോധത്തെ തല്ലിയമർത്തുന്ന ഉൾസ്വരം വിശ്വാസത്തിന്റെ നന്മയുള്ളവർ ഇതിൽനിന്നും കേൾക്കുന്നു. കുനിയാൻ പറഞ്ഞിടത്ത് മുട്ടിലിഴയുന്ന ലോകത്ത് ആരും കാണിക്കാത്ത അടിയറവിന്റെ പ്രത്യയശാസ്ത്രം അഭിമാനമായി പുണരുന്ന നമ്മെ ചെകിടത്തടിച്ചുണർത്തുന്ന തിരിച്ചറിവിന്റെ പാഠങ്ങൾ ഹിജ്റ-മുഹർറമിന്റെ ഓരോ ചരിത്രനീക്കങ്ങളിലും ഹിജാസിന്റെ കാഹളമായി



അലയടിക്കുന്നുണ്ട്.

ഹിജ്റയെ ഭീരുത്വത്തിന്റെ ഒളിച്ചോട്ടമായി വിലയിരുത്തുന്നത് വലിയ അബദ്ധമാണ്. വിശ്വാസമെന്ന മുസ്‌ലിമിന്റെ മൗലിക മാഹാത്മ്യത്തിന്റെ മുമ്പിൽ ഒന്നിനും വകയില്ലെന്ന ഉൾപൊരുൾ ഇതിലുണ്ട്. നാടും വീടും സമ്പാദ്യവും എത്ര കണ്ട് ആധിക്യവും കൗതുകവുമുള്ളതാണെങ്കിലും മുസ്‌ലിമിന്റെ മുൻഗണനാക്രമം വിശ്വാസത്തെയും അനുബന്ധങ്ങളെയും മുന്നിൽ നിർത്തുന്നതാകണമെന്ന് ഹിജ്റയെ ആവാഹിച്ചവർ നമ്മെ ബോധ്യപ്പെടുത്തുന്നു. അതോടൊപ്പം ഏതു കാലത്തും മുസ്‌ലിമിന് അഭിമാനകരമായ അസ്ഥിത്വവും വിശ്വാസതലവും ഉണ്ടാവണമെന്ന് ഹിജ്റ ഉണർത്തുന്നുണ്ട്.

പ്രവാചകത്വം കിട്ടി പത്ത് വർഷം കഴിഞ്ഞാണ് വിശ്വാസ സംരക്ഷണത്തിനു വേണ്ടിയുള്ള ഈ പലായനം. പോകുമ്പോൾ ആദ്യം പതിനൊന്ന് പുരുഷൻമാരും നാലു സ്ത്രീകളും മാത്രമായിരുന്നെങ്കിലും സ്വീകാര്യ ജനതയുടെ തോത് കൂടിക്കൂടിവന്നു. മൂന്നു വർഷത്തോളം പച്ചിലകൾ തിന്ന് മക്കയുടെ ഒരു മൂലയിൽ കഴിയേണ്ടിവന്നപ്പോഴും ക്ഷമയുടെ മിനാങ്ങളായി തല ഉയർത്തിനിന്നതിന്റെ ആശാവഹമായ അന്ത്യം 'മുഹമ്മദ്, ഞങ്ങൾ താങ്കളിൽനിന്ന് കരുണയ

എന്തിനും ഏതിനും പടിഞ്ഞാറോട്ട് സുജൂദ് ചെയ്യുന്ന ആധുനിക മുസ്‌ലിമിന്റെ പുതിയ വണക്ക ബോധത്തെ തല്ലിയമർത്തുന്ന ഉൾസ്വരം വിശ്വാസത്തിന്റെ നന്മയുള്ളവർ ഇതിൽനിന്നും കേൾക്കുന്നു. കുനിയാൻ പറഞ്ഞിടത്ത് മുട്ടിലിഴയുന്ന ലോകത്ത് ആരും കാണിക്കാത്ത അടിയറവിന്റെ പ്രത്യയശാസ്ത്രം അഭിമാനമായി പുണരുന്ന നമ്മെ ചെകിടത്തടിച്ചുണർത്തുന്ന തിരിച്ചറിവിന്റെ പാഠങ്ങൾ ഹിജ്റ-മുഹർറമിന്റെ ഓരോ ചരിത്രനീക്കങ്ങളിലും ഹിജാസിന്റെ കാഹളമായി അലയടിക്കുന്നുണ്ട്.

ല്ലാതെ പ്രതീക്ഷിക്കുന്നില്ല' എന്ന്, തന്നെ അവമതിച്ചവരോട് പറയിക്കുന്ന മക്കാ ഫത്ഹിലേക്ക് വരെയെത്തി.

ആദർശത്തിന്റെ പേരിൽ മറ്റൊരു മുന്നുപാധിയുമില്ലാതെ മനസ്സൊന്നിച്ചപ്പോൾ സൗഹൃദത്തിന്റെ അതിവിശാല പാഠങ്ങൾ ലോകം ഹിജ്റയിൽ ദർശിച്ചു. വിശ്വാസികൾ പരസ്പരം ഭിത്തിപോലെയാണെന്നും ഒരാൾ മറ്റൊരുത്തന് കണ്ണാടിയാണെന്നും കൃത്യമായി പ്രയോഗത്തിൽവരുന്നതായി അൻസ്വാർ-മുഹാജിറുകളുടെ സഹകരണ സ്വഭാവത്തിന്റെ അറ്റങ്ങൾ. രണ്ടു ഭാര്യമാരുള്ളവർ ഒരാളെ മൊഴി ചൊല്ലി തന്റെ മുഹാജിർ സഹോദരന് ഭാര്യയാക്കി കൊടുത്തു. സ്വത്തുവഹകകൾ പോലും അവർ അങ്ങനെ കണ്ടത് മനസ്സൊന്നിപ്പിന്റെ മൂർത്ത പ്രതിഫലനങ്ങളാണ്. പരസ്പരം പകവച്ചുകഴിയുന്ന ആധുനിക അറബ് തമ്പ്രാക്കന്മാരുടെ നിലയോട് അതിരൂക്ഷമായി പ്രതികരിക്കുകയും തുറിച്ച് നോക്കുകയും ചെയ്യുന്നുണ്ട് ഈ മനസ്സൊന്നിപ്പിന്റെ മന്ത്രം.

**നമുക്ക് ഹിജ്റ തിരിച്ചു പോക്കിനുള്ളതാണ്. 'എനിക്ക് ധാർമികമായി നിവർന്നു നിന്നാലെന്താ' എന്നു ധീരമായി ചോദിക്കുന്ന മാനസികപാകത ഓരോ ഹിജ്റാരംഭവും നമ്മോട് ആവശ്യപ്പെടുന്നു.**

"മുഹമ്മദ്, താങ്കൾ ഈ ദൗത്യത്തിൽനിന്ന് പിന്തിരിയണം. അതിന് സമ്പത്തോ സ്ഥാനമോ സ്ത്രീയോ എന്താണ് താങ്കൾ ഉദ്ദേശിക്കുന്നതെങ്കിൽ അത് ഞങ്ങൾ ഒരുക്കാം" അന്ന് ഈമാനെ വലിച്ചൂരിമാറ്റാനുള്ള പ്രലോഭനങ്ങൾ ഇങ്ങനെയായിരുന്നു. ഇവിടെ നബി(സ)യുടെ മറുപടി: "നിങ്ങൾ എന്റെ വലതുകയ്യിൽ സൂര്യനും ഇടതു കയ്യിൽ ചന്ദ്രനും വച്ചു തന്നാൽ പോലും ഈ ദൗത്യത്തിൽനിന്ന് പിന്മാറുകയില്ല." അതെ, മക്കയിൽനിന്ന് അബ്സീനിയായിലേക്കും മദീനയിലേക്കുമെല്ലാം ഹിജ്റ പോകുന്നതിനു മുമ്പ് ഇങ്ങനെ ഒരു ഹിജ്റ നടന്നു.

കളംമാറിച്ചവിട്ടാനും വ്യതിചലിപ്പിക്കാനുമുള്ള പ്രലോഭനങ്ങളിൽ നിന്ന് ഈമാനിന്റെ ഉറച്ച സ്വത്വബോധത്തിലേക്ക് ഹിജ്റ പോവുകയായിരുന്നു നബി(സ). ഇന്ന് നമുക്കും അപമൂല്യങ്ങളുടെ വശീകരണങ്ങൾ ഉണ്ടാവുന്നു; വേട്ടയാടുന്നു. നമ്മുടെ ബോധത്തെപ്പോലും ഇസ്‌ലാമിനപ്പുറത്തേക്ക് മാറ്റിപ്പണിയുന്നു. ഇവിടെ കൃത്യമായി എല്ലാത്തിന്റെയും ഇസ്‌ലാമികമായ ലഹരിയിലേക്ക് നിലയുറപ്പിക്കലിലേക്ക് ഒരു ഹിജ്റ നമുക്ക് കൂടാതെകഴിയില്ല.

അതിനാൽ, നമുക്ക് ഹിജ്റ തിരിച്ചു പോക്കിനുള്ളതാണ്. 'എനിക്ക് ധാർമികമായി നിവർന്നു നിന്നാലെന്താ' എന്നു ധീരമായി ചോദിക്കുന്ന മാനസികപാകത ഓരോ ഹിജ്റാരംഭവും നമ്മോട് ആവശ്യപ്പെടുന്നു.


## ദാമ്പത്യ ജീവിതം പരാജയമോ? പ്രയാസം വേണ്ട!

സ്നേഹം പിടിച്ചുവാങ്ങാനാവില്ല. ജീവിതപങ്കാളിയുടെ സ്നേഹം നേടിയെടുക്കാൻ ശരീരംകൊണ്ടും മനസ്സുകൊണ്ടും സ്നേഹിക്കുകയേ മാർഗ്ഗമുള്ളൂ. ശാരീരിക പ്രശ്നങ്ങൾ സ്നേഹത്തിനുതടസ്സമാവുന്നുവെങ്കിൽ ഉടൻ ചികിത്സ തേടൂ. അല്ലെങ്കിലതുനിങ്ങളുടെ ജീവിതം തന്നെ തകർത്തേക്കാം. പ്രശ്നം ദാമ്പത്യമെങ്കിൽ പരീക്ഷണത്തിനു സമയമില്ല.ദാമ്പത്യത്തെ ബാധിക്കുന്ന വിവിധതരം രോഗങ്ങൾക്ക് പാർശ്വഫലങ്ങളില്ലാത്ത മരുന്നുകൾകൊണ്ട് നിരവധി പേർക്ക് ആശ്വാസമേകിയ പാരമ്പര്യ വൈദ്യൻ സി.പി.സുലൈമാൻ വൈദ്യരുടെ അജന്ത ആയുർവേദ ക്ലിനിക്കിൽ പ്രത്യേക ചികിത്സ ലഭിക്കുന്നു.

ശീഘ്രസ്ഖലനം, താൽപര്യക്കുറവ്, സ്വപ്നസ്ഖലനം, ശക്തിക്കുറവ്, തൃപ്തിയില്ലായ്മ, ബീജാണുക്കൾ കുറവ്, നാഡീതളർച്ച, കൈകാൽ വിറയൽ, ഭയം, ഉദ്ധാരണമില്ലായ്മ, വലിപ്പക്കുറവ് തുടങ്ങിയ എല്ലാ രഹസ്യരോഗങ്ങൾക്കും ചികിത്സ ലഭിക്കുന്നു.സ്ത്രീകളിലെ അസ്ഥിയുരുക്കം, മൂത്രാശയ രോഗങ്ങൾ, ചൊറിച്ചിൽ, ആർത്തവ ക്രമക്കേടുകൾ തുടങ്ങിയ എത്രപഴക്കമുള്ള രോഗങ്ങൾക്കും പാർശ്വഫലങ്ങളില്ലാത്ത ചികിത്സ ലഭ്യമാണ്.അർശസ്, പൈൽസ്, പ്രമേഹത്താലുള്ള ലൈംഗിക പ്രശ്നങ്ങൾ എന്നിവയ്ക്കും സന്താന ലബ്ധിക്കും ചികിത്സിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് നേരിൽ ബന്ധപ്പെടുക.

### ശരീരം തടിക്കുവാനും ആരോഗ്യത്തിനും പ്രത്യേക ചികിത്സ

സി.പി.സുലൈമാൻ വൈദ്യർ
അജന്ത ആയുർവേദിക് ക്ലിനിക്ക്
E.M.S പാർക്കിന് മുൻവശം, ഏഴൂർ റോഡ്, തിരൂർ-676 101
എല്ലാ ദിവസവും 9 മുതൽ 7 വരെ, ഞായർ ഒഴിവ്

Ph :0494-2421563, 9947005000



ജസ്റ്റിസ് മുഹമ്മദ് തഖി ഉസ്മാനിയുടെ

## കുറിപ്പുകൾ – എട്ട്



# അബ്ദുല്ലാഹിബ്നുൽമുബാറകിന്റെ വഴിത്തിരിവ്

**മു**സ്‌ലിം ലോകം അത്യധികം ബഹുമാനാദരവോടെ കാത്തു സൂക്ഷിക്കുന്ന ഒരു നാമമാണ് ഹസ്റത്ത് അബ്ദുല്ലാഹിബ്നുൽ മുബാറകി(റ)ന്റേത്. ഹദീസ്, കർമ്മ ശാസ്ത്രം, സൂഫിസം എന്നീ മൂന്നു ജ്ഞാനശാഖകളിലും അദ്ദേഹത്തിന് ഇമാമിന്റെ പദവിയുണ്ട്. എന്നാൽ അദ്ദേഹത്തിന്റെ ജീവിതം വലിയൊരു വഴിത്തിരിവായിരുന്നുവെന്ന് അധിക മാർക്കും അറിയാത്ത വസ്തുതയാണ്.

യൗവ്വനത്തിന്റെ പ്രാരംഭഘട്ടത്തിൽ ജീവിതസ്വതന്ത്രനായ അബ്ദുല്ലാഹിബ്നുൽമുബാറക്. മദ്യാപനം, സംഗീതാസ്വാദനം, കളിതമാശ എല്ലാം അദ്ദേഹത്തിന്റെ സ്വഭാവമായിരുന്നു. എല്ലാവിധ സൗകര്യവും സമ്പത്തും അല്ലാഹു അദ്ദേഹത്തിന് നൽകി. ഒരിക്കൽ അദ്ദേഹം, ആപ്പിൾ പാകമായ സമയത്ത് തന്റെ ആപ്പിൾതോട്ടത്തിൽ സുഹൃത്തുക്കളെ വിളിച്ചുവരുത്തി. നല്ല ഭക്ഷണം തയ്യാറാക്കി കഴിച്ചു. ഭക്ഷണശേഷം മദ്യത്തിന്റെ ഊഴമായി. എല്ലാവരും ആനന്ദലഹരിയിലായിരുന്നു. സ്വബോധം നഷ്ടപ്പെടാൻ മാത്രം അദ്ദേഹവും മദ്യം കഴിച്ചു. രാത്രി മുഴുവൻ ബോധരഹിതനായി. പ്രഭാത സമയം, ബോധം തിരിച്ചുകിട്ടിയപ്പോൾ അടുത്തു തന്നെ ഒരു സംഗീതോപകരണം കിടപ്പുണ്ട്. അത് കയ്യിലെടുത്ത് മീട്ടാൻ തുടങ്ങി. പക്ഷേ, അത് ശബ്ദിച്ചിരുന്നില്ല. അതിന്റെ കമ്പികൾ ശരിയാക്കിയിട്ടും മീട്ടാനാകുന്നില്ല. അങ്ങനെ പരിഭ്രമിച്ചിരിക്കുമ്പോഴാണ് ഉപകരണത്തിൽ നിന്നും ഒരു ശബ്ദം കേട്ടത്.

‘അല്ലാഹുവിന്റെ സ്മരണക്ക് വേണ്ടി തങ്ങളുടെ ഹൃദയം കീഴ്പ്പെടുത്താൻ വിശ്വാസികൾക്ക് സമയമായില്ലേ?’’
ഈ ഖുർആൻ സൂക്തം കേട്ട് ഇബ്നുൽമുബാറകി(റ)ന്റെ ഹൃദയം നൊമ്പരപ്പെട്ടു. ഉടനെ സംഗീതോപകരണം വലിച്ചെറിഞ്ഞു. മദ്യം ഒഴുക്കിക്കളഞ്ഞു. ധരിച്ചിരുന്ന പട്ടുവസ്ത്രങ്ങൾ ഊരിയെറിഞ്ഞു. അവസാനം, പശ്ചാത്തപിച്ചു ജ്ഞാനസമാഹരണത്തിലും ആരാധനയിലും വ്യാപൃതരായി.

“അല്ലാഹുവിന്റെ സ്മരണക്ക് വേണ്ടി തങ്ങളുടെ ഹൃദയം കീഴ്പ്പെടുത്താൻ വിശ്വാസികൾക്ക് സമയമായില്ലേ?”

ഈ ഖുർആൻ സൂക്തം കേട്ട് ഇബ്നുൽമുബാറകി(റ)ന്റെ ഹൃദയം നൊമ്പരപ്പെട്ടു. ഉടനെ സംഗീതോപകരണം വലിച്ചെറിഞ്ഞു. മദ്യം ഒഴുക്കിക്കളഞ്ഞു. ധരിച്ചിരുന്ന പട്ടുവസ്ത്രങ്ങൾ ഊരിയെറിഞ്ഞു. അവസാനം, പശ്ചാത്തപിച്ചു ജ്ഞാനസമാഹരണത്തിലും ആരാധനയിലും വ്യാപൃതരായി.

‘താരീഖു മുഖ്തസ്വറിൽ മദാരികി’ൽ അബൂഅബ്ദില്ല ഇബ്നു ഹമ്മാദ് ഈ സംഭവം മേൽപറഞ്ഞ രൂപത്തിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ‘ത്വബഖാതെ കഫ്വീ’യിൽ മറ്റൊരു വിധത്തിലാണ്. മദ്യപാനത്തിന്റെയും തോട്ടത്തിന്റെയും കാര്യങ്ങൾ രേഖപ്പെടുത്തിയശേഷം അദ്ദേഹം എഴുതുന്നു: “ഇബ്നുൽ മുബാറക് ഒരു സ്വപ്നം കണ്ടു. ഒരു ജീവി അടുത്തുള്ള മരത്തിന്റെ ഭാഗത്തു നിന്ന് ഉദ്ധൃത സൂക്തം ഓതിക്കൊണ്ടിരിക്കുന്നു. അതുകേട്ട് അദ്ദേഹത്തിന് പരിവർത്തനമുണ്ടായി.

രണ്ടു കാര്യങ്ങളും വിവരിച്ച ശേഷം ശാഹ് അബ്ദുൽ അസീസ് ദഹ്‌ലവീ എഴുതുന്നു: “അല്ലാഹു ആദ്യം ഒരു പക്ഷിയുടെ ശബ്ദത്തിൽ സ്വപ്നത്തിലും പിന്നീട് സംഗീതോപകരണം വഴിയും അദ്ദേഹത്തിന് വിവരം നൽകിയിരിക്കാൻ സാധ്യതയുണ്ട്.” (ബുസ്താനുൽ മുഹദ്ദിസീൻ, പേജ്: 97, അസ്വഹ്ഹുൽ മതാബിഅ് പ്രസ്സ്, കറാച്ചി)

## ഗുണകാംക്ഷ എന്ന നന്മ

ഹസ്റത്ത് ജരീറുബ്നു അബ്ദില്ല എന്ന സ്വഹാബിയുടെ ഗുണകാംക്ഷയെ സംബന്ധിച്ച് ഒരു സംഭവം പരമ്പര സഹിതം ഹാഫിള് അബുൽ കാസിം ത്വബ്റാനി(റ) നിവേദനം ചെയ്യുന്നുണ്ട്. അദ്ദേഹം പറഞ്ഞു: ഒരിക്കൽ ജരീർ(റ) തന്റെ അടിമയോട് ഒരൊട്ടകത്തെ വാങ്ങിവരാൻ കൽപ്പിച്ചു. അടിമ മുന്നൂറ് ദിർഹമിന് ഒട്ടകം വാങ്ങിവന്നു. പണം നൽകാനായി ഉടമയെ കൂടെ കൊണ്ടുവന്നു. അദ്ദേഹം നിശ്ചയിച്ച വിലപറഞ്ഞ് ഒട്ടകത്തെ കൈമാറി. മൂന്നൂറിലധികം ദിർഹം വിലയാകുമെന്നായിരുന്നു ജരീർ(റ) ഊഹിച്ചിരുന്നത്. അതുകൊണ്ട് തന്നെ മുന്നൂറിലധികം വില വരുമെന്നും നാന്നൂറിന് താങ്കൾ വിൽക്കുമോയെന്നു ഉടമയോട് അദ്ദേഹം ചോദിച്ചു.

“നിങ്ങളുടെ തൃപ്തിപോലെ”-ഉടമ പറഞ്ഞു. അപ്പോൾ അദ്ദേഹം ചോദിച്ചു: “താങ്കളുടെ ഒട്ടകത്തിന് നാന്നൂറ് ദിർഹമിലധികം വരും താങ്കൾ അഞ്ഞൂറിന് വിൽക്കുമോ?”

“എനിക്ക് തൃപ്തിയാണ്”-ഉടമ പ്രതികരിച്ചു. ജരീർ(റ) ഇങ്ങനെ ഒരു ലക്ഷം വരെ വിലകൂട്ടിപ്പറഞ്ഞു. അവസാനം 800 ദിർഹമിന് ഒട്ടകത്തെ വാങ്ങി. ഉടമയ്ക്ക് വില കൊടുത്തു. ഉടമ മുന്നൂറ് ദിർഹം വിലപറഞ്ഞപ്പോൾ താങ്കൾ 800 ദിർഹം നൽകി നഷ്ടം ഏറ്റെടുത്തതെന്തിനായിരുന്നുവെന്ന് അദ്ദേഹത്തോട് ഒരാൾ ചോദിച്ചപ്പോൾ ജരീർ(റ) പറഞ്ഞു: “ഉടമക്ക് ഒട്ടകത്തിന്റെ യഥാർത്ഥ വില നിശ്ചയമില്ലായിരുന്നു. ഗുണമാഗ്രഹിച്ചാണ് ഞാൻ വില കൂട്ടിക്കൊടുത്തത്. മുസ്‌ലിംകൾക്ക് ഗുണം ചെയ്യുമെന്ന് ഞാൻ നബിയോട് കരാറുചെയ്തിരുന്നു. ആ കരാറ് പാലിച്ചുവെന്ന് മാത്രം.” (ശറഹുമുസ്‌ലിം: 55/1)


ആസ്തമക്കും പാരമ്പര്യ രോഗങ്ങൾക്കും ഫലപ്രദമായ ചികിത്സ

**ദേശീയ ആയുർവ്വേദ ഫാർമസി**

പ്ലാസ ബിൽഡിംഗ്, ഊട്ടി റോഡ്, **പെരിന്തൽമണ്ണ**

Ph: 228484 (Shop), 2233038 (Resi)



മമ്പുറം മഖാമിൽ കാൽ നൂറ്റാണ്ടിലേറെ സേവനമനുഷ്ഠിച്ച് ജനമനസ്സുകൾക്ക് ശാന്തിയും സ്നേഹവും ചൊരിഞ്ഞ് രോഗങ്ങൾക്കും സങ്കീർണ്ണ പ്രശ്നങ്ങൾക്കും പരിഹാര നിർദേശങ്ങൾ നൽകിയ ഹക്കീം ടി. ടി. എം ഹാജി ഷറഫുദ്ദീൻ മൗലവി ഞായർ ഒഴികെയുള്ള എല്ലാ ദിവസങ്ങളിലും രോഗികളെ പരിശോധിക്കുന്നു. എല്ലാവിധ മാനസിക അസ്വസ്ഥത, അപസ്മാരം, സ്ത്രീ രോഗങ്ങൾ, ചർമ്മരോഗങ്ങൾ, പൈശാചിക രോഗങ്ങൾ, വന്ധ്യത, ലൈംഗിക രോഗങ്ങൾ, പഴക്കം ചെന്ന വാത രോഗങ്ങൾ, അൾസർ, എല്ലാവിധ അലർജികളും സൈനസൈറ്റീസ് തുടങ്ങിയ എല്ലാ രോഗങ്ങൾക്കും ഫലപ്രദമായ ചികിത്സ ലഭ്യമാണ്.

ഉറക്കിൽ മൂത്രം ഒഴിക്കൽ, വിട്ടുമാറാത്ത തുമ്മൽ, തലവേദന, ആസ്തമ, പ്രമേഹത്തിന് ഇൻസുലിൻ, ഇഞ്ചക്ഷനില്ലാതെ പ്രത്യേകചികിത്സയും ലഭ്യമാണ്.

*കൂടാതെ വിദഗ്ധ ഡോക്ടർ*

**കെ. സി. മുരളീധരൻ D.A.M**ന്റെ സേവനവും ലഭ്യമാണ്.

പരിശോധനാ സമയം:

10 മണി മുതൽ 12 മണി വരെ, 3 മണി മുതൽ 6 മണി വരെ

## ചിരിക്കാതെ മരണം വരെ

റബീഉബ്നു ഹറാഷ്(റ) ഒരു മഹാനായ താബിഈയാണ്. ജീവിതത്തിലൊരിക്കലും അദ്ദേഹം കളവു പറഞ്ഞിട്ടില്ല. മരണശേഷം തന്റെ സ്ഥാനം എവിടെയായിരിക്കുമെന്ന് അറിയുന്നത് വരെ ഒരിക്കലും ചിരിക്കില്ലെന്ന് അദ്ദേഹം ശപഥം ചെയ്തിരുന്നു. അതിനാൽ ജീവിതകാലം മുഴുവനും ചിരിക്കാതെ കഴിഞ്ഞുകൂടി. മരണസമയത്ത് മാത്രം ചിരിക്കുന്നനിലയിൽ കാണപ്പെട്ടു. ഇപ്രകാരം തന്റെ സഹോദരനും സത്യം ചെയ്തിരുന്നു. കുളിപ്പിക്കുമ്പോൾ അദ്ദേഹം ഇടക്കിടെ ചിരിക്കുന്നത് കാണാമായിരുന്നുവെന്ന് അദ്ദേഹത്തിന്റെ ജനാസ കുളിപ്പിച്ചവർ പറയുമായിരുന്നു. ഇവരുടെ മറ്റൊരു സഹോദരൻ മസ്ഊദ്(റ) മരണശേഷം സംസാരിച്ച മഹാനാണ്. കുടുംബം മുഴുവൻ പ്രകാശത്തിനു മേൽ പ്രകാശമായിരുന്നു.

## വനിതാ മുഫ്തിമാർ

ശൈഖ് അലാഉദ്ദീൻ സമർഖന്ദി(റ) രചിച്ചതാണ് 'തുഹ്ഫത്തുൽ ഫുഖഹാഅ്' എന്ന ഗ്രന്ഥം. ഇതിന്റെ വ്യാഖ്യാനം എഴുതിയത് തന്റെ ശിഷ്യനായ ഇമാം അബൂബക്റുബ്നു മസ്ഊദ് കാസാലി. 'ബദാഇഉസ്സ്വനാഇഅ്' എന്നാണതിന്റെ പേര്. ശാമിയുടെ അഭിപ്രായത്തിൽ ഇത് അതുല്യമായ ഒരു കർമ്മശാസ്ത്ര ഗ്രന്ഥമാണ്.

വ്യാഖ്യാനം എഴുതിത്തീർന്ന ശേഷം ഇമാം അബൂബകർ(റ) അത് തന്റെ ഗുരുവായ ശൈഖ് അലാഉദ്ദീന്(റ) സമർപ്പിച്ചു. അദ്ദേഹത്തിന് അത് നന്നായി ഇഷ്ടപ്പെടുകയും തന്റെ ഇഷ്ടഭാജനമായ ഫാത്വിമയെ ശിഷ്യന് വിവാഹം ചെയ്തു കൊടുക്കുകയും ചെയ്തു. രാജാക്കന്മാർ വരെ സ്വീകരിക്കാൻ കൊതിച്ചിരുന്ന വനിതയായിരുന്നു ഫാത്വിമ. പക്ഷേ, അവരുടെ അപേക്ഷ ശൈഖ് തള്ളുകയായിരുന്നു.

കർമ്മശാസ്ത്രത്തിൽ ഫത്വ നൽകാൻ മാത്രം വലിയ കഴിവ് ഈ വനിതക്ക് ഉണ്ടായിരുന്നു. ഫത്വ നേടാൻ ജനങ്ങൾ തന്റെ വീട്ടിലേക്ക് വരാറുണ്ടായിരുന്നു. ഫത്വയുടെ ഭാഗങ്ങൾ ചിലപ്പോൾ ഈ വനിതയും മറ്റു ചിലത് തന്റെ പിതാവും ചിലത് തന്റെ ഭർത്താവും എഴുതിയതായിരിക്കും. (ശാമീ, 100/1)

ഇതുകേട്ട ത്വൽഹയുടെ ഹൃദയത്തെ ഇസ്‌ലാം സ്വാധീനിക്കാൻ തുടങ്ങി. പ്രവാചകന്റെ സന്നിധിയിൽ ചെന്നപ്പോൾ തിരുനബി(സ) സ്വഹാബാക്കളുടെ മധ്യത്തിൽവച്ച് സംസാരിക്കുകയാണ്. അബൂത്വൽഹയെ കണ്ട പ്രവാചകൻ സ്വഹാബാക്കളോട് പറഞ്ഞു: "തന്റെ രണ്ടു കണ്ണുകൾക്കിടയിലും ഇസ്‌ലാമിക ദീപ്തിയുമായാണ് അബൂത്വൽഹ നിങ്ങളുടെ സന്നിധിയിൽ വന്നിരിക്കുന്നത്." അതിനുശേഷം അദ്ദേഹം ഇസ്‌ലാം സ്വീകരിക്കുകയും ഉമ്മുസുലൈം(റ)യുമായി ദാമ്പത്യബന്ധത്തിലേർപ്പെടുകയും ചെയ്തു.

## ഉമ്മുസുലൈം വിശുദ്ധിയുടെ പര്യായം

പ്രവാചകൻ സ്വർഗം കൊണ്ട് സന്തോഷവാർത്ത അറിയിക്കപ്പെട്ട സ്വഹാബി വനിതയാണ് ഉമ്മുസുലൈം(റ). റുമൈസ്വാ എന്നായിരുന്നു അവരുടെ ബഹുമാനാർത്ഥമുള്ള പേര്. ഉമ്മുസുലൈം(റ)വുമായി ബന്ധപ്പെട്ട് മറ്റു സ്വഹാബീ വനിതകളിൽ നിന്നും വ്യത്യസ്തയാക്കാവുന്ന ധാരാളം സംഭവങ്ങൾ പ്രവാചക കാലഘട്ടത്തിലുണ്ടായിട്ടുണ്ട്. 'ഹിൽയതുൽ ഔലിയാഇൽ' അത് രേഖപ്പെടുത്തിയിട്ടുണ്ട്. അതിലെ ഒരു ഭാഗം നമുക്ക് വായിക്കാം.

വ്യത്യസ്തത പുലർത്തുന്നതായിരുന്നു ഉമ്മുസുലൈം(റ)ന്റെ വിവാഹം. വിവാഹത്തിനു മുമ്പേ അവർ ഇസ്‌ലാം സ്വീകരിച്ചിരുന്നു. തന്റെ ഭർത്താവായ അബൂത്വൽഹ വിശ്വസിക്കാതെയായിരുന്നു വിവാഹമോചന നടത്തിയിരുന്നത്. അതിനു അവരുടെ മറുപടി ഇങ്ങനെയായിരുന്നു: "ഭൂമിയിൽ മുളച്ചുണ്ടായ ഒരു മരക്കഷ്ണത്തെയാണ് താങ്കൾ ആരാധിക്കുന്നതെന്നകാര്യം താങ്കൾക്ക് അറിയില്ലെ അബൂത്വൽഹാ..."

"അതെ, അറിയാം" എന്ന് അബൂത്വൽഹ(റ) പറഞ്ഞു. ഇത്തരം മരക്കഷ്ണത്തെ ആരാധിക്കുന്നതിൽ താങ്കൾക്ക് ലജ്ജ തോന്നുന്നില്ലേ? നിങ്ങളെപ്പോലോത്ത ഒരാളുടെ അഭ്യർത്ഥന നിരസിക്കാൻ പറ്റുന്നതല്ല. എങ്കിലും ഞാൻ മുസ്‌ലിമാണ്. താങ്കൾ ഇപ്പോഴും അവിശ്വാസി തന്നെ. താങ്കൾ മുസ്‌ലിമായി വരുകയാണെങ്കിൽ വേറെ ഒരു മഹ്റും എനിക്കു വേണ്ട." ഉമ്മുസലൈം തുറന്നു പറഞ്ഞു.

ഇതാണോ നിങ്ങൾ മഹ്റാക്കുന്നതെന്ന് അബൂത്വൽഹ ചോദിച്ചു.

"പിന്നെ എന്താണു ഞാൻ മഹ്റാക്കേണ്ടത്? -ഉമ്മുസലൈം(റ) തിരിച്ചു ചോദിച്ചു.

"വെള്ളിയോ, സ്വർണമോ?"-അബൂത്വൽഹയുടെ മറുപടി. ഉമ്മുസുലൈം(റ) പറഞ്ഞു: "പക്ഷെ, എനിക്ക് സ്വർണവും വേണ്ട വെള്ളിയും വേണ്ട. ഞാൻ നിങ്ങളിൽ നിന്ന് ഇസ്‌ലാം മാത്രമാണ് കൊതിക്കുന്നത്."

ഇതുകേട്ട ത്വൽഹയുടെ ഹൃദയത്തെ ഇസ്‌ലാം സ്വാധീനിക്കാൻ തുടങ്ങി. പ്രവാചകന്റെ സന്നിധിയിൽ ചെന്നപ്പോൾ തിരുനബി(സ) സ്വഹാബാക്കളുടെ മധ്യത്തിൽവച്ച് സംസാരിക്കുകയാണ്. അബൂത്വൽഹയെ കണ്ട പ്രവാചകൻ സ്വഹാബാക്കളോട് പറഞ്ഞു: "തന്റെ രണ്ടു കണ്ണുകൾക്കിടയിലും ഇസ്‌ലാമിക ദീപ്തിയുമായാണ് അബൂത്വൽഹ നിങ്ങളുടെ സന്നിധിയിൽ വന്നിരിക്കുന്നത്." അതിനുശേഷം അദ്ദേഹം ഇസ്‌ലാം സ്വീകരിക്കുകയും ഉമ്മുസുലൈം(റ)യുമായി ദാമ്പത്യബന്ധത്തിലേർപ്പെടുകയും ചെയ്തു.




അകത്തെ വായനക്ക്

ബഷീർ കാട്ടുമുണ്ട

# പേരിനു ഹാജിയായാൽ പോരാ...

“**ഞാ**ൻ മൂന്നാമത്തെ ഹജ്ജിനു പോയപ്പോൾ കൊണ്ടുവന്ന പാത്രത്തിൽ കൊണ്ടുവാ” എന്ന് പണ്ടൊരു ഗുണപാഠകഥയിൽ കേട്ടിട്ടുണ്ട്. വീട്ടിൽ വിരുന്നുവന്നവരുടെ മുമ്പിൽ വെച്ച് വീട്ടുകാരൻ തന്റെ ഭാര്യയോട് പറഞ്ഞതാണ് രംഗം. വാക്കിലെ വീമ്പ് പ്രഥമദൃഷ്ട്യാ മനസ്സിലാകുന്നതാണല്ലോ? ഇന്നിപ്പോൾ ഇത്തരം ഹാജിമാർ കുറവാണ്. ഓരോ വർഷവും ആയിരക്കണക്കിനാളുകളാണ് നമ്മുടെ നാട്ടിൽ നിന്ന് പരിശുദ്ധ ഹജ്ജ് കർമ്മം നിർവഹിക്കാൻ വേണ്ടി മക്കയിൽ പോകുന്നത്. സാമ്പത്തിക-ശാരീരിക-മാനസിക കഴിവുള്ളവർക്കെല്ലാം ഹജ്ജ് നിർബന്ധമാണെന്നാണ് നമ്മുടെ മതനിയമം. ഇന്നിപ്പോൾ ഏറെക്കുറെ ഈയൊരുബോധം ആളുകൾക്കുണ്ട്.

പണ്ടൊക്കെ നമ്മുടെ നാട്ടിൽ ഹാജിമാർക്ക് നല്ല വെയ്റ്റായിരുന്നു. ഒരു നാട്ടിൽ ആകെയുണ്ടാകുക രണ്ടോ, മൂന്നോ ഹാജിമാരായിരിക്കും. ആ നാട്ടിലെ സുപ്രധാന വിഷയങ്ങളിൽ അവരാണ് അവസാന വാക്ക്. നല്ല സ്വത്തും കുടുംബമഹിമയും അവകാശപ്പെടുന്നവരാണവർ. എല്ലാവരും അവരെ അംഗീകരിക്കുക പതിവായിരുന്നു. അതുകൊണ്ടുതന്നെ അവരുടെ അഭിപ്രായങ്ങൾക്ക് വിലയുമുണ്ടായിരുന്നു. അന്നവർ കപ്പലിലായിരുന്നുവത്രേ ഹജ്ജിനു പോയിരുന്നത്. അതിനു മുമ്പ് നടന്നുപോയി ഹജ്ജ് ചെയ്തവരുമുണ്ടുപോൽ.

ഇന്നിപ്പോൾ ഹജ്ജിനു പോക്ക് ഒരു പതിവായിരിക്കുന്നു. നാടാകെ ഹാജിമാരാണ്. വിവിധ ഗ്രൂപ്പുകൾക്ക് പുറമെ സർക്കാറും സബ്സിഡി നൽകി ഹജ്ജ് യാത്രയ്ക്ക് നേതൃത്വം ഒരുക്കുന്നു. ഹജ്ജിന് പോകുന്നവരിൽ ചെറുപ്പക്കാരും ധാരാളമുണ്ട്.

എന്നാൽ, പണ്ടെന്നപോലെ ഇന്നും ഹജ്ജിന്റെ യാത്രയയപ്പ് കേമം തന്നെ! യാത്ര പോകുന്നതിനു മുമ്പ് യാത്ര പറയാൻ പോകുന്ന ഒരു പരിപാടിയുണ്ട്. വളരെ നല്ലതാണിത്. പ്രോത്സാഹിപ്പിക്കേണ്ടതുമാണ്. മനസാ-വാചാ-കർമണാ വന്നുപോയ തെറ്റുകുറ്റങ്ങൾ നേരിട്ടു ഏറ്റുപറഞ്ഞ് പൊരുത്തം വാങ്ങിയാണ് ഏതൊരാളും ഹജ്ജിനു പോകുന്നത്. അങ്ങനെയുള്ള ഹജ്ജിനേ സാധൂകരണമുള്ളൂ.

യാത്ര ചോദിക്കൽ കഴിഞ്ഞാൽ പുറപ്പെടുന്ന ദിവസം വീട്ടിൽ വെച്ച് വലിയ യാത്രയയപ്പ് ആഘോഷമാണ്. അന്ന് അത്യാവശ്യം ബന്ധുക്കളും അയൽവാസികളും വീട്ടിൽ വരും. എല്ലാവരും മനസ്സുനിറയെ ആശംസകളറിയിച്ച് പ്രാർത്ഥനയുടെ അകമ്പടിയോടെ യാത്രയാക്കും. അന്നു അത്യാവശ്യം സ്വദഖയും ആ വീട്ടുകാർ വിതരണം ചെയ്യാറുണ്ട്.

യാത്രപോകാൻ ഉപയോഗിക്കുന്ന പണം ഹലാലാകണമെന്നത് മതദൃഷ്ട്യാ പ്രധാന കാര്യമാണ്. ഭൂരിഭാഗം പേരും അങ്ങനെത്തന്നെയാണ്. പക്ഷേ, ഹലാലല്ലാത്ത മാർഗത്തിലൂടെയുള്ള സാമ്പത്തിക സ്രോതസ്സുപയോഗിച്ച് ചിലരെങ്കിലും യാത്രപോയിക്കഴിഞ്ഞതിനുശേഷം നാട്ടുകാർ അതു പാടിനടക്കുന്നതു കാണാം.

പൊരുത്തം വാങ്ങലാണ് ഇപ്പോൾ രസം. ഇന്ന് നാടുകളിൽ കുടുംബകലഹങ്ങൾ സജീവമാണല്ലോ. ഇവയുടെ മുന്നണിയിൽ പ്രവർത്തിച്ച തലവനും തലൈവിയുമൊക്കെയായിരിക്കും ഹജ്ജിനു പോകുന്നുണ്ടാകുക. ദുരഭിമാനം കൊണ്ട് ചെയ്ത തെറ്റുകൾ അവർ ഏറ്റുപറയാറുമില്ല.

യാത്രപറയാതെ പോകുന്നവരും പേരിനു യാത്രപറഞ്ഞുവെന്ന് വരുത്തിതീർക്കുന്നവരുമുണ്ട്. ഞാൻ പൊരുത്തപ്പെട്ടു കൊടുത്തിട്ടില്ലെന്നും അവർ ചെയ്തതൊന്നും ഒരിക്കലും മറക്കില്ലെന്നും പറഞ്ഞ അനുഭവമുണ്ടായിട്ടുണ്ട്.

ഹജ്ജിനു പോയി അവിടെയെത്തിയാലും ചിലർ പഠിച്ചതേ പാടൂ. ഗ്രൂപ്പ് ആയിട്ടായിരിക്കും ഇവരൊക്കെ ഹജ്ജിനു പോയിട്ടുണ്ടാകുക. അവിടെ എത്തിയാലും ചെന്ന ഉദ്ദേശത്തെ കുറിച്ച് ഇവർക്ക് ബോധമുണ്ടാകണമെന്നില്ല. ഇവർ ഗ്രൂപ്പി(കവറിൽ)ലുള്ളവരോട് വഴക്കും അസ്വാരസ്യവും വെച്ചുപുലർത്തുന്നു. നാട്ടിലെത്തുമ്പോഴേക്കും തമ്മിൽ പിണങ്ങി നിൽക്കുക വരെ ചെയ്യേണ്ടിവന്നുവെന്ന് ചിലരുടെ അനുഭവം.

"അവൻ ഇമ്മാതിരി ബലാലാണെന്ന് ഞാൻ വിചാരിച്ചില്ല" -മടങ്ങിവന്ന ഒരു ഹാജി കൂടെപ്പോയ മറ്റൊരാളെക്കുറിച്ച് പറഞ്ഞതാണിത്. മറ്റെയാൾ ഇയാളെ കുറിച്ചും പറഞ്ഞിട്ടുണ്ടാവും ഇങ്ങനെ.

ഹജ്ജ് ചെയ്തയാൾ പിറന്ന കുഞ്ഞിന്റെ പരിശുദ്ധിയിൽ തിരിച്ചുവരുമെന്നാണ് ഹദീസ് മൊഴി. അതായത് സർവ്വപാപങ്ങളിൽ നിന്നും വിമുക്തനാകുമെന്നർത്ഥം. പക്ഷേ, ഈ പരിശുദ്ധിയെയും കളഞ്ഞുകുളിക്കുന്നവർ നമ്മുടെ നാട്ടിലുണ്ട്. ഇന്ന് ഹജ്ജ് കഴിഞ്ഞുവന്ന ചില ഹാജിമാരുടെ ജീവിതരീതി കണ്ടാൽ അത്ഭുതപ്പെട്ടുപോകും. ബീവറേജിന് മുന്നിൽ ക്യൂ നിൽക്കുന്ന ഹാജി. ശീലം മറക്കാത്ത ചില ഹാജിമാരുടെ കമന്റ് ഇങ്ങനെയാണ്: "ഇനിയൊരു ഹജ്ജിനുംകൂടെ പോകാം."

ഞങ്ങളുടെ നാട്ടിലൊക്കെ 'ഹാജി'ക്ക് ചില വ്യംഗ്യാർത്ഥങ്ങളുണ്ട്. ഏതെങ്കിലും ഒരു ഹാജിയുടെ നേതൃത്വത്തിൽ നടന്ന കർമ്മമായിരിക്കണം ഈ ദുഷ്പേരിന് പിന്നിൽ. എന്നാൽ, ഹജ്ജിന് മുമ്പും ശേഷവും വന്നുപെടുന്ന ഇത്തരം കാര്യങ്ങൾ ഹജ്ജിന്റെ സ്വീകാര്യതയെ വലിയ അർത്ഥത്തിൽ ബാധിക്കുന്നുണ്ടെന്ന് നാം മനസ്സിലാക്കണം.

എന്തായാലും ഹജ്ജ് ഒരു നിർബന്ധിത പുണ്യകർമ്മം തന്നെ. അത് ഇന്നു കുറേക്കൂടി ജനകീയമായത് സന്തോഷം നൽകുന്ന കാര്യം.

**ഹജ്ജ് ചെയ്തയാൾ പിറന്ന കുഞ്ഞിന്റെ പരിശുദ്ധിയിൽ തിരിച്ചുവരുമെന്നാണ് ഹദീസ് മൊഴി. അതായത് സർവ്വപാപങ്ങളിൽ നിന്നും വിമുക്തനാകുമെന്നർത്ഥം. പക്ഷേ, ഈ പരിശുദ്ധിയെയും കളഞ്ഞുകളിക്കുന്നവർ നമ്മുടെ നാട്ടിലുണ്ട്. ഇന്ന് ഹജ്ജ് കഴിഞ്ഞുവന്ന ചില ഹാജിമാരുടെ ജീവിതരീതി കണ്ടാൽ അത്ഭുതപ്പെട്ടുപോകും. ബീവറേജിന് മുന്നിൽ ക്യൂ നിൽക്കുന്ന, ശീലം മറക്കാത്ത ചില ഹാജിമാരുടെ കമാന്റ് ഇങ്ങനെയാണ്: "ഇനിയൊരു ഹജ്ജിനുംകൂടെ പോകാം"**



തിരുമൊഴി

ജലീൽ ഫൈസി പുല്ലങ്കോട്



# വലിയ അധ്വാനമില്ലാത്ത സദ്കർമങ്ങൾ

നബി(സ) അബൂദർറി(റ)നോട് പറഞ്ഞു: "അബൂദർറേ! രണ്ടു കാര്യങ്ങൾ നിനക്ക് ഞാൻ അറിയിച്ചുതരട്ടെ? അവ മറ്റുള്ളവയെക്കാൾ മുതുകിന്ന് ഭാരം കുറഞ്ഞതും തുലാസിൽ കനം കൂടിയതുമാണ്." "അതേ, അല്ലാഹുവിന്റെ ദൂതരേ!"-അബൂദർറ് മറുപടി പറഞ്ഞു. നബി(സ) പറഞ്ഞു: "നീ സൽസ്വഭാവം മുറുകെപ്പിടിക്കുക, നീണ്ട മൗനത്തെയും. എന്റെ ആത്മാവ് ആരുടെ കൈയ്യിലാണോ അവൻ തന്നെ സത്യം. അതിന് തുല്യമായ ഒരു കർമ്മവും സൃഷ്ടികൾ പ്രവർത്തിച്ചിട്ടില്ല."(ത്വബ്റാനി)

പ്രായോഗിക ജീവിതത്തിൽ പകർത്താൻ പ്രയാസമില്ലാത്ത രണ്ടു സദ്കർമ്മങ്ങളാണ് പ്രവാചക തിരുമേനി(സ) അബൂദർറി(റ)നു പറഞ്ഞു കൊടുക്കുന്നത്. സാമ്പത്തിക ബാധ്യതയില്ല; സമയനഷ്ടവുമില്ല; ശാരീരിക പ്രയാസവുമില്ല. മുതുകിന്ന് ഭാരം കുറഞ്ഞത് എന്നതിന്റെ വിവക്ഷ അതാണ്. എന്നാൽ, പരലോകത്ത് അത്യന്തം പ്രയോജനപ്പെടുന്നതും പ്രതിഫലം ലഭിക്കുന്ന കാര്യങ്ങളുമാണവ. നന്മയുടെ തുലാസിൽ ഭാരം കൂടുന്നതാണല്ലോ അവിടെ ഉപകാരപ്പെടുന്ന കർമ്മം. നല്ല സ്വഭാവം ഉൾകൊള്ളുക, മിതമായി സംസാരിക്കുക-ഇതാണ് പ്രവാചകൻ(സ) ഉപദേശിച്ച രണ്ടു കാര്യങ്ങൾ. ഇവയോടു സമാനമായ മറ്റൊരു സദ്കർമ്മമില്ല എന്ന് നബി(സ) പറഞ്ഞതിന്റെ താൽപര്യം മനുഷ്യൻ നിർബന്ധമായി അനുഷ്ഠിക്കേണ്ട ബാധ്യതകൾ കൂടാതെ മറ്റു കർമ്മങ്ങളില്ല എന്നാണ്.

എന്താണ് സൽസ്വഭാവം? ഒറ്റവാചകത്തിൽ നിർവഹിക്കാൻ കഴിയാത്ത സമസ്യയാണത്. മഹോന്നതമായ സംസ്കാരം ഉൾകൊള്ളുന്ന നല്ല മനുഷ്യന്റെ സഹജമായ ഭാവമാണ്

സൽസ്വഭാവം എന്നു മനസ്സിലാക്കാം. നന്മയുള്ള മനുഷ്യന്റെ ജീവിതചലനങ്ങളിലെല്ലാം അതു പ്രകടമായിക്കാണുന്നതാണ്.

സ്വഭാവമഹിമയെ ഇസ്‌ലാം വളരെ വിലപ്പെട്ടതായി കാണുന്നുവെന്ന് ഈ പ്രവാചകോപദേശം വ്യക്തമാക്കുന്നുണ്ട്. “സൽസ്വഭാവം അല്ലാഹുവിന്റെ മഹത്തായ സ്വഭാവമാകുന്നു”(ത്വബ്റാനി) എന്നു മറ്റൊരു നബിവാക്യവും ഇതിന് ഉപോൽബലകമാണ്.

സത്യവിശ്വാസത്തിന്റെ പൂർണ്ണതയായി സൽസ്വഭാവം പരിഗണിക്കപ്പെടുന്നു. “വിശ്വാസികളിൽ ഈമാൻ പരിപൂർണമായവരിൽപ്പെട്ടവൻ സ്വഭാവം ഏറ്റവും നല്ലതായവനാണെന്നു ആഇശ(റ) ഉദ്ധരിച്ച ഹദീസിൽ(തുർമുദി) കാണാം. നന്മയാണല്ലോ സത്യവിശ്വാസിയുടെ പ്രകടമായ അടയാളം. അത് സൽസ്വഭാവമാണെന്ന് നബി തിരുമേനി പ്രസ്താവിച്ചിട്ടുണ്ട്. ജനങ്ങളുമായി ഇടപഴകുന്നതിലാണ് സ്വഭാവമഹിമ ഏറെ വെളിപ്പെടേണ്ടത്. അതിനാൽ “നീ ജനങ്ങളോട് നല്ല സ്വഭാവത്തിൽ ഇടപെടുക”(തുർമുദി) എന്ന് നബി തിരുമേനി(സ) ഉപദേശിക്കുന്നു. ആളുകളുമായി ബന്ധപ്പെടുമ്പോൾ സൽസ്വഭാവം സ്വീകരിക്കുക എന്ന ആജ്ഞയുടെ വിവക്ഷയിൽ സാമൂഹ്യജീവിതത്തിലെ എല്ലാ ബാധ്യതകളും ഉൾപ്പെടുന്നുവെന്നത് പ്രത്യേകം ശ്രദ്ധേയമാണ്. മാതാപിതാക്കളോടോ ഭാര്യസന്തതികളോടോ കുടുംബത്തോടോ മറ്റുള്ള ജനങ്ങളോടോ ഉള്ള കടപ്പാടുകൾ നിറവേറ്റുന്നതിൽ വിഘ്നം വരുത്തുന്നത് അവരോട് കാണിക്കുന്ന സ്വഭാവദൂഷ്യമല്ലാതെ മറ്റെന്താണ്?

എല്ലാ ജനങ്ങളോടും നല്ല സ്വഭാവത്തിൽ പെരുമാറുന്ന വ്യക്തിയുടെ കർമ്മങ്ങളഖിലവും നന്മനിറഞ്ഞതായിത്തീരുന്നു. അമലുകളിൽ ശ്രേഷ്ഠമായത് ഏതാണെന്നു ചോദിച്ചപ്പോൾ “സൽസ്വഭാവമാണ്” എന്ന് നബി(സ) പറഞ്ഞതിന്റെ ഉൾപൊരുളതാണ്. സൽസ്വഭാവിയുടെ ജീവിതമഖിലവും നന്മനിറഞ്ഞതായിരിക്കുമല്ലോ?

സ്വർഗപ്രവേശത്തിന് ഒരു മനുഷ്യന് അധികമായി നിമിത്തമാക്കുക ഏതു കാര്യമാണന്ന് ഒരാൾ നബി(സ)യോട് ചോദിച്ചു. നബി തിരുമേനി പറഞ്ഞത് “അല്ലാഹുവിന് തഖ്‌വ ചെയ്യലും സൽസ്വഭാവവുമാണെ”ന്നായിരുന്നു. ഇത് രണ്ടും പൂർണ്ണമായി ഉൾകൊള്ളുന്ന വ്യക്തി മനുഷ്യരോടും സ്രഷ്ടാവായ അല്ലാഹുവിനോടുമുള്ള മുഴുവൻ കടപ്പാടുകളും നിർവഹിക്കുമല്ലോ! അതുകൊണ്ട് തന്നെ അവൻ സ്വർഗത്തിന് അർഹനുമായിത്തീരുന്നു.

ആദ്യം പറഞ്ഞ തിരുവാക്യത്തിൽ അബൂദർറ്(റ)നെ നബി(സ) ഉപദേശിച്ച രണ്ടാമത്തെ കാര്യം നീണ്ട മൗനത്തെ മുറുകെ പിടിക്കലാണ്. അഥവാ മിതമായി സംസാരിക്കുക എന്ന്. അനാവശ്യമായ സംസാരം, അനിയന്ത്രിതമായ സംസാരം ഇതൊക്കെ ആപത്തുകൾ വിളിച്ചുവരുത്തും. ഗുണകരമാണെങ്കിൽ സംസാരിക്കുക, അല്ലെങ്കിൽ മിണ്ടാതിരിക്കുക എന്നതാണ് ഇക്കാര്യത്തിൽ നബിതിരുമേനി(സ)യുടെ അധ്യാപനം. വ്യക്തികൾ, കുടുംബങ്ങൾ, സമൂഹങ്ങൾ, രാഷ്ട്രങ്ങൾ വരെ തമ്മിൽ കലഹിക്കാനും പോരാടാനുമൊക്കെ ചിലപ്പോൾ ‘ഒരു വാക്ക്’ മതി. നാവുകൊണ്ടുണ്ടാകുന്ന വിപത്തുകൾ ചെറുതല്ല. അത്യന്തം മൂർച്ചയുള്ള മാരകായുധമാണത്. ‘നാവുകൊണ്ടുണ്ടാക്കുന്ന മുറിവുകൾ ഒരിക്കലും ഉണങ്ങാത്തതും വാളുകൊണ്ടുണ്ടാകുന്നവ ഉണങ്ങുന്നതുമാണെന്ന’ പഴമൊഴി വളരെ അർത്ഥവത്താണ്.

“മനുഷ്യനെ നരകത്തിൽ വീഴ്ത്താൻ ഏറ്റവുമധികം കാരണമാകുന്നത് നാവാണ്” എന്ന് നബി(സ) പറഞ്ഞതിന്റെ പൊരുളും ഇതുതന്നെ.

ആവശ്യത്തിലേറെയും അനാവശ്യമായും നാക്കിട്ടടിക്കുന്ന ചില സ്വഭാവക്കാരുണ്ട്. കളവ്, ഏഷണി, പരദൂഷണം, അസഭ്യം തുടങ്ങിയ എല്ലാ മാലിന്യങ്ങളും അത്തരക്കാർ ഛർദ്ദിച്ചുകൊണ്ടേയിരിക്കും. തനിക്കും സമൂഹത്തിനും അതുവഴിയുണ്ടാകുന്ന ദുരന്തഫലത്തെ കുറിച്ച് ചിന്തയേ ഇല്ലാത്തവർ.

മനുഷ്യന് അല്ലാഹു നൽകിയ സവിശേഷമായ അനുഗ്രഹമാണ് സംസാരശേഷി. ഇതരജീവികളിൽ നിന്ന് മനുഷ്യനെ വ്യതിരിക്തനാക്കുന്ന കഴിവാണത്. മറ്റെല്ലാ കഴിവുകളും പോലെ അതും നിയന്ത്രണവിധേയമാക്കണം. തോന്നിയതൊക്കെ വിളിച്ചുപറയുക അനുവദനീയമല്ല.

ശ്രേഷ്ഠമായ കർമ്മം ഏതാണെന്ന് ചോദിച്ചപ്പോൾ നിസ്കാരം സമയത്ത് നിർവഹിക്കലാണെന്ന് നബി(സ) മറുപടി നൽകി. പിന്നെ ഏതാണെന്ന ചോദ്യത്തിന് ‘നിന്റെ നാവിൽ നിന്ന് ജനങ്ങൾ സുരക്ഷിതരായിരിക്കലാണ് (ത്വബ്റാനി) എന്നായിരുന്നു പ്രവാചകരുടെ മറുപടി.

“രണ്ടു താടിയെല്ലുകൾക്കിടയിലെ അവയവത്തെപ്പറ്റിയും രണ്ടു തുടയെല്ലുകൾക്കിടയിലെ അവയവത്തെ പറ്റിയും എനിക്ക് ഉറപ്പ് നൽകുന്നവന് സ്വർഗം നൽകാമെന്ന് ഞാനും ഉറപ്പ് നൽകുന്നു.”(ബുഖാരി) നബിതിരുമേനി(സ)യുടെ ഈ പ്രസ്താവം നാവിന്റെയും ലിംഗത്തിന്റെയും നിയന്ത്രണമാണ് ആവശ്യപ്പെടുന്നത്. അവ കൊണ്ട് ഉണ്ടായേക്കാവുന്ന ദുരന്തങ്ങളുടെ അതീവഗൗരവത്തെക്കുറിച്ചുള്ള ഓർമ്മപ്പെടുത്തലുമാണത്.

**സ്വർഗപ്രവേശത്തിന് ഒരു മനുഷ്യന് അധികമായി നിമിത്തമാക്കുക ഏതു കാര്യമാണന്ന് ഒരാൾ നബി(സ)യോട് ചോദിച്ചു. നബി തിരുമേനി പറഞ്ഞത് “അല്ലാഹുവിന് തഖ്‌വ ചെയ്യലും സൽസ്വഭാവവുമാണെ”ന്നായിരുന്നു. ഇത് രണ്ടും പൂർണ്ണമായി ഉൾകൊള്ളുന്ന വ്യക്തി മനുഷ്യരോടും സ്രഷ്ടാവായ അല്ലാഹുവിനോടുമുള്ള മുഴുവൻ കടപ്പാടുകളും നിർവഹിക്കുമല്ലോ! അതുകൊണ്ട് തന്നെ അവൻ സ്വർഗത്തിന് അർഹനുമായിത്തീരുന്നു.**

"ധർമനിർവഹണത്തിനു കർമരംഗത്തിറങ്ങുക; എസ്.വൈ.എസ് അംഗത്വം നേടുക"

# വയനാട്ടിൽ 10,000 അംഗങ്ങൾ

**കൽപ്പറ്റ:** 'ധർമ നിർവഹണത്തിന് കർമരംഗത്തിറങ്ങുക; എസ്.വൈ.എസ്. അംഗത്വം നേടുക' എന്ന പ്രമേയവുമായി സുന്നി യുവജനസംഘം സംസ്ഥാന കമ്മിറ്റി നടത്തുന്ന മെമ്പർഷിപ്പ് ക്യാമ്പയിന്റെ ഭാഗമായി വയനാട് ജില്ലയിൽ നിന്ന് 10,000 അംഗങ്ങളെ ചേർക്കാൻ എസ്.വൈ.എസ്. വയനാട് ജില്ലാ കമ്മിറ്റി തീരുമാനിച്ചു.

കൽപ്പറ്റ സമസ്ത ഓഫീസിൽ സംഘടിപ്പിച്ച സ്പെഷൽ കൺവൻഷൻ എസ്.വൈ.എസ്. സംസ്ഥാന സെക്രട്ടറി ഹാജി കെ. മമ്മദ് ഫൈസി ഉദ്ഘാടനം ചെയ്തു. ജില്ലയിലെ മെമ്പർഷിപ്പ് ക്യാമ്പയിന്റെ ഉദ്ഘാടനം ജില്ലാ ജനറൽ സെക്രട്ടറി പി.സുബൈർ കണിയാമ്പറ്റക്ക് മെമ്പർഷിപ്പ് നൽകി മമ്മദ് ഫൈസി നിർവഹിച്ചു. ഇബ്രാഹീം ഫൈസി പേരാൽ അധ്യക്ഷത വഹിച്ചു. സംസ്ഥാന സെക്രട്ടറിമാരായ പിണങ്ങോട് അബൂബകർ, പി.പി.മുഹമ്മദ് ഫൈസി പങ്കെടുത്തു. എം.എം.ഇമ്പിച്ചിക്കോയ മുസ്‌ലിയാർ പ്രസംഗിച്ചു. പി. സുബൈർ സ്വാഗതവും കെ.എ.നാസർ മൗലവി നന്ദിയും പറഞ്ഞു.

## മണ്ഡലം കൺവൻഷനുകൾ

**വയനാട്** ജില്ലയിലെ കൽപ്പറ്റ, മാനന്തവാടി, സുൽത്താൻ ബത്തേരി മണ്ഡലങ്ങളിൽ യഥാക്രമം ഡിസംബർ 27,28,29 തിയ്യതികളിൽ കൺവൻഷനുകൾ വിളിച്ചുചേർക്കും. ഇതിന്നായി കെ.എ.നാസർ മൗലവി (കൽപ്പറ്റ), എടപ്പാറ കുഞ്ഞമ്മദ് (മാനന്തവാടി), മുഹമ്മദ് ദാരിമി വാകേരി (സുൽത്താൻ ബത്തേരി) എന്നിവരെ റിട്ടേണിംഗ് ഓഫീസർമാരായി തെരഞ്ഞെടുത്തു.

കൽപ്പറ്റയിലെ സമസ്ത ഓഫീസിലും മാനന്തവാടി ടൗൺ മദ്രസയിലും സുൽത്താൻ ബത്തേരി ദാറുൽ ഉലൂം മദ്റസയിലുമാണ് കൺവൻഷനുകൾ. സംസ്ഥാന ഭാരവാഹികൾ, ജില്ലാ ഭാരവാഹികൾ പങ്കെടുക്കും. മണ്ഡലം കൺവൻഷനുകളിൽ പഞ്ചായത്ത്-മേഖലാ റിട്ടേണിംഗ് ഓഫീസർമാരെ തെരഞ്ഞെടുക്കും.



*വയനാട് ജില്ലയിലെ മെമ്പർഷിപ്പ് ക്യാമ്പയിന്റെ ഉദ്ഘാടനം ജില്ലാ ജനറൽ സെക്രട്ടറി പി.സുബൈർ കണിയാമ്പറ്റക്ക് മെമ്പർഷിപ്പ് നൽകി സംസ്ഥാന സെക്രട്ടറി ഹാജി കെ. മമ്മദ് ഫൈസി നിർവഹിക്കുന്നു.*

## മാധ്യമവൽക്യത സമൂഹത്തിൽ ആദർശവൽക്കരണം ഊർജ്ജിതപ്പെടുത്തുക

**കൽപ്പറ്റ:** മനുഷ്യവ്യവഹാരങ്ങൾ മുഴുവൻ മാധ്യമങ്ങൾ നിർണയിക്കുന്ന ഇക്കാലത്ത് ആദർശവൽകൃത സമൂഹത്തെ സജ്ജമാക്കി ഇസ്‌ലാമിക പൈതൃകം സംരക്ഷിക്കാൻ സമുദായം രംഗത്തിറങ്ങണമെന്ന് സുന്നി യുവജന സംഘം സംസ്ഥാന സെക്രട്ടറി ഹാജി കെ. മമ്മദ് ഫൈസി പറഞ്ഞു. കൽപ്പറ്റ സമസ്ത ഓഫീസിൽ എസ്.വൈ.എസ്. സ്പെഷൽ കൺവൻഷൻ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ആദർശ സംരക്ഷണത്തിനു സംഘടനാ മുഖപത്രം സുന്നി അഫ്കാറിന്റെ പ്രചരണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താൻ യോഗം പദ്ധതികളാവിഷ്കരിച്ചു. ഇബ്രാഹീം ഫൈസി പേരാൽ അധ്യക്ഷതവഹിച്ചു.

## സ്മരണ

### മുഹർറം

**അമാനത്ത് കോയണ്ണി മുസ്‌ലിയാർ(ന:മ)**
*ഹി: 1413 മുഹർറം 2*
**കൂറ്റനാട് കെ.വി. മുഹമ്മദ് മുസ്‌ലിയാർ(ന:മ)**
*ഹി: 1420 മുഹർറം 10*
**മൗലാന ശിഹാബുദ്ദീൻ അഹമ്മദ് കോയ ശാലിയാത്തി(ന:മ)**
*ഹി: 1374 മുഹർറം 26*
**വാണിയമ്പലം അബ്ദുറഹ്മാൻ മുസ്‌ലിയാർ(ന:മ)**
*ഹി: 1401 മുഹർറം 27*
**ചെറിയമുണ്ടം കുഞ്ഞി പോക്കർ മുസ്‌ലിയാർ(ന:മ)**
*ഹി: 1370 മുഹർറം*

# എസ്.വൈ.എസ്. മെമ്പർഷിപ്പ് ക്യാമ്പയിൻ

## കോഴിക്കോട് ജില്ലയിൽ വിവിധ പദ്ധതികൾ



*കോഴിക്കോട് ജില്ലയിലെ മണ്ഡലം റിട്ടേണിംഗ് ഓഫീസർമാർ ജില്ലാ റിട്ടേണിംഗ് ഓഫീസറായ പി.പി. മുഹമ്മദ് ഫൈസിയിൽ നിന്നും മെമ്പർഷിപ്പ് ഏറ്റുവാങ്ങുന്നു.*

**കോഴിക്കോട്:** 'ധർമ്മനിർവ്വഹണത്തിന് കർമ്മരംഗത്തിറങ്ങുക' പ്രമേയത്തിൽ സുന്നി യുവജനസംഘം സംസ്ഥാന കമ്മിറ്റി ആചരിക്കുന്ന മെമ്പർഷിപ്പ് ക്യാമ്പയിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിൽ മെമ്പർഷിപ്പ് വിതരണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ജില്ലാ-മണ്ഡലം ഭാരവാഹികളുടെയും റിട്ടേണിംഗ് ഓഫീസർ-നിരീക്ഷകൻമാരുടെയും സംയുക്ത കൺവൻഷൻ തീരുമാനിച്ചു.

ജില്ലാതല ഇലക്ഷൻ റിഹേഴ്സൽ ക്ലാസ് ജില്ലാ പ്രസിഡന്റ് ആർ വി കുട്ടി ഹസൻ ദാരിമിയുടെ അധ്യക്ഷതയിൽ സംസ്ഥാന സെക്രട്ടറി പി പി മുഹമ്മദ് ഫൈസി ഉദ്ഘാടനം ചെയ്തു. മണ്ഡലം റിട്ടേണിംഗ് ഓഫീസർമാരായ മുസ്തഫ മാസ്റ്റർ മുണ്ടുപാറ (ബേപ്പൂർ), സലാം ഫൈസി മുക്കം (കുന്ദമംഗലം), കെ.പി കോയ (തിരുവമ്പാടി), ആർ.വി കുട്ടി ഹസൻ ദാരിമി (കൊടുവള്ളി), എം.പി അലി ഹാജി (ബാലുശ്ശേരി), പി.സി മുഹമ്മദ് ഇബ്രാഹീം (കൊയിലാണ്ടി), നാസർ ഫൈസി കൂടത്തായി (കുറ്റ്യാടി), പി. ഹസൈനാർ ഫൈസി (എലത്തൂർ), അബൂബക്കർ ഫൈസി മലയമ്മ (കോഴിക്കോട് സിറ്റി), കെ.സി. മുഹമ്മദ് ഫൈസി (പേരാമ്പ്ര), അബ്ദുൽ റസാഖ് ബുസ്താനി (വടകര), റഫീഖ് സകരിയ്യാ ഫൈസി (നാദാപുരം) എന്നിവർ മണ്ഡലങ്ങളിലേക്കുള്ള മെമ്പർഷിപ്പുകൾ ഏറ്റുവാങ്ങി.

ഡിസംബർ 31ന് മുമ്പായി മണ്ഡലം കൺവൻഷൻ വിളിച്ചുചേർത്ത് പഞ്ചായത്ത് റിട്ടേണിംഗ് ഓഫീസർമാരെയും ജനുവരി 15നു മുമ്പായി പഞ്ചായത്ത് കൺവൻഷൻ ചേർന്ന് ശാഖാ റിട്ടേണിംഗ് ഓഫീസർമാരെയും തെരഞ്ഞെടുക്കും. യു.കെ അബ്ദുല്ലത്തീഫ് മൗലവി, നാസർ ഫൈസി കൂടത്തായി, പി.കെ മുഹമ്മദ്, കെ.കെ. അബു ഹാജി രാമനാട്ടുകര, സലാം ഫൈസി, സൈനുൽ ആബിദീൻ തങ്ങൾ, പി.കെ അബൂബക്കർ ഹാജി, പി.ടി അശ്റഫ് ബാഖവി, സി.എം. സ്വാബിർ ഖാസിമി, കെ.എം. കുഞ്ഞമ്മദ് മുസ്‌ലിയാർ പ്രസംഗിച്ചു. ജനറൽ സെക്രട്ടറി മുസ്തഫ മാസ്റ്റർ മുണ്ടുപാറ സ്വാഗതവും പി.ഹസൈനാർ ഫൈസി നന്ദിയും പറഞ്ഞു.

## തിരുവനന്തപുരം ജില്ലയിൽ ഉജ്വല തുടക്കം



*തിരുവനന്തപുരം ജില്ലാ എസ്.വൈ.എസ്. മെമ്പർഷിപ്പ് ക്യാമ്പയിൻ സംസ്ഥാന ജനറൽ സെക്രട്ടറി ആലിക്കുട്ടി മുസ്‌ലിയാർ ജില്ലാ പ്രസിഡന്റ് ചുള്ളിമാനൂർ അഹ്മദ് റശാദിക്ക് മെമ്പർഷിപ്പ് നൽകി ഉദ്ഘാടനം ചെയ്യുന്നു*

**തിരുവനന്തപുരം:** ജില്ലാ സുന്നി യുവജനസംഘം മെമ്പർഷിപ്പ് ക്യാമ്പയിൻ സംസ്ഥാന ജനറൽ സെക്രട്ടറി ആലിക്കുട്ടി മുസ്‌ലിയാർ ജില്ലാ പ്രസിഡന്റ് ചുള്ളിമാനൂർ അഹ്മദ് റശാദിക്ക് മെമ്പർഷിപ്പ് നൽകി ഉദ്ഘാടനം ചെയ്തു.

ജില്ലാ റിട്ടേണിംഗ് ഓഫീസർ കെ.എ. റഹ്മാൻ ഫൈസി അധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി ആലംകോട് ഹസൻ, വിഴിഞ്ഞം ഹുസൈൻ മുസ്‌ലിയാർ, നെല്ലനാട് ഷാജഹാൻ, യഹ്‌യ നിസാമി, ഫാറൂഖ് ബീമാപള്ളി, സുലൈമാൻ വള്ളക്കടവ്, ജഗ്ഫർ മൗലവി വിഴിഞ്ഞം, അബ്ദുൽ കബീർ ദാരിമി സംസാരിച്ചു.

**വിചാരപഥം**

**പിണങ്ങോട്**

# പ്ലാസ്റ്റിക് മാലിന്യം

ഇന്ത്യ പണ്ട് പാമ്പാട്ടികളുടെയും തെരുവ് സർക്കസുകാരുടെയും നാടെന്നു പറഞ്ഞ് വെള്ളക്കാർ പരിഹസിച്ചിരുന്നു. ഇപ്പോൾ വൈകുന്നേരമായാൽ നാലാൾ കൂടുന്ന കവലകളിൽ പാമ്പാട്ടികളും സർക്കസുകാരും നന്നേ കുറവ്.

ഇപ്പോഴും നാലാളെ കിട്ടാൻ എത്ര ചെറിയ പൊടിക്കൈകൾക്കും കഴിയുന്നു. എന്താണ് പാമ്പാട്ടികൾ കാണിച്ചിരുന്നത്. മകിടി ഊതി പാതി തുറന്നുവെച്ച  കുട്ടയിൽ ചുരുണ്ടുകിടക്കുന്ന പാമ്പ് പയ്യെ തല ഉയർത്തി ഫണം വിടർത്തി ചുറ്റിലും കൂടി നിൽക്കുന്നവരെ ഒന്ന് നോക്കുന്നു. ജനത്തിന് അത് മതി. കുട്ടയിൽ തന്നെ മടക്കിവെച്ച് കൈ നീട്ടുന്ന പാമ്പാട്ടിക്ക് നാണയത്തുട്ടുകൾ ജനം നൽകുന്നു. അരമണിക്കൂർ നീളുന്ന ഈ ഏർപ്പാടിൽ നിന്ന് ജനമെന്തറിഞ്ഞു? ഒരു പാമ്പിനെ കണ്ടു, അത്ര തന്നെ.

ഏതാണ്ട് തെരുവ് സർക്കസിന്റെ മനഃശാസ്ത്രവും ഇതുതന്നെ. ഒരു 'കുന്തം' അതിൽ ഉയർന്നു താണു. പിന്നെ കുത്തി നിർത്തി. വട്ടം മറിഞ്ഞു. ഒന്ന് ചാടി. അങ്ങനെ ഒരു കുന്തവും പതിനഞ്ച് വയസ് തികയാത്ത ബാലനോ ബാലികയോ പിന്നെയൊരു ചെണ്ടയും വാചകമടിക്കാനൊരു വിധ്വാനുമായാൽ സർക്കസായി. ഇന്ന് നമ്മുടെ ഗ്രാമങ്ങളുടെയും നഗരങ്ങളുടെയും മുഖച്ഛായ(?) മാറിയെന്നാണവകാശ വാദം.

സിനിമാക്കാരുടെ വൻ ഫ്ളക്സ് ബോർഡുകൾ, സമ്മേളന വിവരങ്ങൾ, ജ്വല്ലറികളുടെ പരസ്യങ്ങൾ അങ്ങനെ ഗ്രാമ മുഖത്തിന് പ്ലാസ്റ്റിക് ആവരണം വന്നു ചേർന്നു.

ഇയ്യിടെ മലബാറിലെ നാദാപുരത്ത് അറവ് ശാലയിൽ അറത്ത മൂരിയുടെ വയറ്റിൽ നിന്ന് 22 കിലോ പ്ലാസ്റ്റിക് മാലിന്യം കിട്ടിയ വാർത്ത പത്രങ്ങളിൽ വന്നിരുന്നു. തൊഴിലുറപ്പുകാർ റോഡായ റോഡൊക്കെ ചെത്തി വെടിപ്പാക്കി പുല്ല് പറ്റെ നീക്കം ചെയ്തതാവണം മൂരിയെ പ്ലാസ്റ്റിക് ആഹാരമാക്കാൻ നിർബന്ധിതനാക്കിയത്.

വിശന്നാൽ പുലി പോലും പുല്ലുതിന്നുമെങ്കിൽ മൂരിക്കെന്തു കൊണ്ട് പ്ലാസ്റ്റിക്കെങ്കിലും തിന്നുകൂടെന്നാവും മൂരികളുടെ ന്യായവാദം.

നമ്മുടെ നാടെങ്ങോട്ടാണെന്ന് ഒരെത്തും പിടിയും ആർക്കും കിട്ടുന്നില്ലെന്നു വേണം മനസ്സിലാക്കാൻ. ഇന്ത്യയുടെ ആരോഗ്യവിഹിതത്തിന്റെ അഞ്ചിരട്ടിയാണ് 2 ജി സ്പെക്ട്രം അഴിമതി തുക. വിദ്യാഭ്യാസത്തിന് ബജറ്റിൽ നീക്കിവെക്കുന്നതിന്റെ ഏഴിരട്ടി വരും ഈ അഴിമതിത്തുക.

പാവപ്പെട്ടവർക്ക് അരി ഒരു രൂപക്ക് നൽകുന്ന മാതിരിയാണ് മൊബൈൽ ഫോൺ കമ്പനികൾക്ക് സബ്സിഡി നൽകിയതെന്നും യഥാർത്ഥ ലാഭം ഗുണഭോക്താക്കൾക്ക് ലഭിച്ചെന്നും കനിമൊഴി എം.പി. ഇയ്യിടെ പറഞ്ഞത് വായിച്ചവരാണ് നാം. അഴിമതിയുടെ ലാഭത്തിൽ 10 ശതമാനം രാജക്കും 30 ശതമാനം കരുണാനിധിക്കും കുടുംബത്തിനും 60 ശതമാനം സോണിയാഗാന്ധിയുടെ സഹോദരിമാർക്കും കിട്ടിയെന്ന് സുബ്രഹ്മണ്യ സ്വാമിയും പറയുന്നു.

ഇങ്ങനെയുള്ള അച്ചടിമാലിന്യങ്ങൾ വായിക്കുന്നവരും അനുഭവിക്കുന്നവരുമായി പരിഷ്കൃത ഇന്ത്യ വളരുകയാണ്. ജോയന്റ് പാർലിമെന്ററി സമിതി തന്നെ അന്വേഷിക്കണമെന്ന് പ്രതിപക്ഷം. അതെല്ലാത്ത എന്തുമാവാമെന്ന് ഭരണപക്ഷം. എന്താണിത് നൽകുന്ന പാഠങ്ങളും പാഠഭാഗങ്ങളും. നാദാപുരത്തെ മൂരി പ്ലാസ്റ്റിക്കാണ് ആഹരിച്ചതെങ്കിൽ ഇന്ത്യയിൽ പലരും ആഹരിക്കുന്നത് മറ്റെന്തൊക്കെയോ ആണെന്നും പണം വരുന്ന ഒരു വഴിയും രാഷ്ട്രീയക്കാർ തടയുന്നില്ലെന്നും വേണം മനസ്സിലാക്കാൻ.

കോടതികൾ ഇടക്കിടെ ഇടപെട്ടിട്ടും രക്ഷ കാണുന്നില്ല. വിജിലൻസ് കമ്മീഷനെതിരിൽ രണ്ടു തവണയായി സുപ്രീം കോടതി ഇടപെടുന്നു. അദ്ദേഹം അറിയപ്പെട്ട ബ്യൂറോക്രാറ്റാണ്. കേരളത്തിന്റെ മുൻ ചീഫ് സെക്രട്ടറിയാണ്. അഴിമതിയിൽ അടിഞ്ഞുകൂടുന്ന പണ 'മാലിന്യം' ആസ്വദിക്കുന്നതിൽ മിടുക്കനാണത്രെ.

വിക്കിലീക്സ് വെബ്സൈറ്റ് ഇടക്കിടെ പുറത്തുവിടുന്ന രഹസ്യ രേഖകൾ നോക്കിയാൽ മാലിന്യം കിടക്കുന്നത് അങ്ങ് അമേരിക്കയിലാണെന്നു വേണം പറയാൻ. ജൂലിയൻ അസഞ്ചെ ഉയർത്തിയത് ചില പ്രമാദ ചിന്തകളല്ല. ലോകത്തിന് നിലനിൽക്കാൻ ഇത്രമേൽ കാപട്യമാലിന്യങ്ങൾ ഭരണാധികാരികൾ കൂട്ടുപിടിക്കണോ എന്ന ചിന്ത കൂടിയാണ്.

ഐക്യരാഷ്ട്രസഭാ സെക്രട്ടറി ജനറൽ ബാൻകി മൂണിന്റെ രഹസ്യ പാസ് വേഡ് അമേരിക്ക മോഷ്ടിക്കാൻ ശ്രമിച്ചത്രെ! ലോകത്തിലെ കമ്പ്യൂട്ടർ ശൃംഖല തകർക്കാൻ ചൈനയും നീക്കം നടത്തിയത്രെ. ഇറാനെ മിസൈലയച്ചു നിലം പരിശാക്കാൻ സഊദി ഭരണാധികാരികൾ കൂലിത്തല്ലു ക്വട്ടേഷൻ മേധാവി അമേരിക്കയോട് പറഞ്ഞു പോലും. ഇനിയും ധാരാളം രഹസ്യങ്ങൾ വിക്കിലീക്സ് പുറത്തുവിടുമെന്നാണ് പറയുന്നത്.

ഫ്രാൻസിലെ സർക്കോശി, നഗ്ന ചക്രവർത്തി ടോണിബ്ലയറും ഹമീദ് കർസായിയും സംശയരോഗി.. അങ്ങനെ നീളുന്നു രഹസ്യങ്ങൾ. സാധാരണ ജനങ്ങൾ ഈ മാലിന്യങ്ങൾ വായിച്ചും കണ്ടും കാലം കഴിച്ചുകൊള്ളുമെന്ന് ഇവർക്കെല്ലാം നല്ല തിട്ടം കാണും.

ഇന്ത്യയിൽ 56 കോടി മൊബൈൽ കണക്ഷനുണ്ടത്രെ. 36 കോടി കക്കൂസുകളെ ഉള്ളൂ. അടിസ്ഥാന പ്രശ്നങ്ങളെക്കാൾ അന്താരാഷ്ട്ര പ്രശ്നങ്ങളിലാണ് താൽപര്യം എന്ന് ചുരുക്കം. പ്രഭാഷകർക്കും താൽപര്യം അതൊക്കെ തന്നെയാണ്. "ശാരീരിക വിശുദ്ധി, സാമ്പത്തിക വിശുദ്ധി, ആത്മീയ വിശുദ്ധി ഇവ നേടിയവരും നേടാൻ പറയുന്നവരും എത്രവരും. വിലപിടിപ്പുള്ളതും പകിട്ടാർന്നതുമായ ജീവിതം ആസ്വദിക്കാൻ വഴിവിട്ട എന്തുമാവാമെന്ന് ഏതാണ്ട് എല്ലാവരും തിരിച്ചറിഞ്ഞ മട്ടുണ്ട്. ഈ മാനസിക മാലിന്യം നീങ്ങിക്കിട്ടാനാണ് വിശ്വാസികൾ പണിയെടുക്കേണ്ടത്.

പത്ത് പുത്തൻ കിട്ടാൻ എത്ര നുണയും തരികിടയും ഒപ്പിക്കുന്നവരുടെ കൈകളിൽ നിന്ന് രാജ്യവും സമൂഹവും രക്ഷപ്പെടേണ്ടതുണ്ട്. പുല്ലു കിട്ടാതെ പ്ലാസ്റ്റിക് തിന്ന മൂരിയുടെ അനുഭവം മനുഷ്യർക്ക് വന്നുകൂടാ. നന്മ നശിച്ച് തിന്മകൾ മാത്രമുള്ള അഴിമതിജീവിതത്തിന്റെ ഭാഗമാവുന്ന സാഹചര്യം വന്നാൽ എല്ലാവരും നാദാപുരത്തെ മൂരിയെ പോലെ അതിൽ മുഴുകേണ്ടിവരും. നാം കാന്തപുരത്തെയും അദ്ദേഹം നടപ്പിലാക്കിയ സാമ്പത്തിക സാംസ്കാരിക മാലിന്യ ശാസ്ത്രത്തെയും എതിർക്കുന്നതും എതിർത്തതും അതുകൊണ്ടാണ്.

അല്ലാതെ ഒരു കോടി രൂപയുടെ കാറിൽ അയാൾ സഞ്ചരിക്കുന്നത് കാണുമ്പോഴുള്ള അസൂയ കൊണ്ടല്ല. സുന്നത്ത് ജമാഅത്തും മാലിന്യമാക്കാനുള്ള അദ്ദേഹത്തിന്റെ കൊണ്ടുപിടിച്ച നീക്കങ്ങൾ ഇപ്പോഴും തുടരുന്നുണ്ട്.

pinangode@gmail.com